1986–ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ X–ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസ്സാക്കി.

ബിൽ X–ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കു വിട്ടു.

2 സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ജലവും മലിനജലവും സംബന്ധിച്ച 1984–ലെ കേരള ബിൽ

ക്ലാസ് 2

Minister for Law and Irrigation (**Sri. K. M. Mani**): I move my amendments.

In clause (2)

(i) for sub-clause (i) the following sub-clause shall be substituted, namely:—

(i) "Authority" means the Kerala Water Supply and Sewerage Authority constituted under section 3;"

(ii) in sub-clause (xxi) the words "arranged at the cost of the local body", shall be omitted;

(iii) in sub-clause (xxxv), the following sub-clause shall be substituted, namely:—

(xxv) "Water Supply" means a system of providing water to a community for meeting its requirements both domestic and non-domestic, but does not include providing water for irrigation purposes";

സർ, ഒന്ന് അതോറിറ്റിയുടെ പേര് സംബന്ധിച്ചാണ്. അതു പോലെ തന്നെ ലോക്കൽ ബോഡിസിലെ റെപ്രസന്റേഷനെ സംബന്ധിച്ചാണ് മറ്റൊരു ഭേദഗതി. അതുപോലെ തന്നെ വാട്ടർ സപ്ലൈയെ സംബന്ധിച്ച ഒരു അമൻറ്മെൻറ് ആണ് മൂന്നാമത്തേത്. ആ മൂന്നും കൂടി കൂട്ടിയാണ് ആ ക്ലാസ്സിലെ ഒഫീഷ്യൽ അമൻറ്മെൻറായി മൂവു ചെയ്തത്. അതിൽ അതോറിറ്റിയെ സംബന്ധിച്ചിടത്തോളം ഉള്ള അമൻറ്മെൻറ് ഞാൻ പ്രസ് ചെയ്യുന്നില്ല. അമൻറ്മെൻറ് നമ്പർ 182.ലെ (1) പ്രസ് ചെയ്യുന്നില്ല. കാരണം, വാട്ടർ അതോറിറ്റിയെന്നുള്ള പേര് തന്നെ നിലനിർത്താനാണ് ആഗ്രഹിക്കുന്നത്. സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തതുപോലെ തന്നെ വാട്ടർ അതോറിറ്റിയെന്നുള്ള പേര് നിലനിർത്താനാണ് ആഗ്രഹിക്കുന്നത്. അതൊരു വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുന്നു. എന്റെ മറ്റു രണ്ടു ഭേദഗതികളും ഞാൻ പ്രസ്സു ചെയ്യുകയാണ്.

Shri. K. Chandrasekharan:—Sir, I move the following amendments:

"In clause 2 for the word "Authority" wherever it occur substitute the word "Board".

LIBRARY ARCHIVES Kerala Legislative Assembly

In clause 2 after sub-clause (viii) add the following as clause (VIII-a) namely:—

"(viii a) "Employee" means officer, member of the staff, Managing Director, Secretary and all others employed by the Kerala Water Board".

In clause 2 sub-clause (xxxv), in line 1, after the word "water", add the words "both for domestic and non-domestic purposes".

Shri. Kanam Rajendran:—Sir, I move the following amendments.

In sub-clause (iv) of clause 2 delete the word "meter" appearing after the word "pipe" and before the words "or other fittings".

In clause 2 for sub-clause (vi) substitute the following namely:—

"(vi) consumer means any person whose premises has been provided with a water or waste water connection by the Authority".

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി മൂവ് ചെയ്യുകയാണ്.

In clause 2 for sub-clause (vi) substitute the following namely:—

"(vi) "consumer means any person in whose name the connection of any water supply or sewerage connection has been given by the Authority".

സർ, അതിനകത്ത് കൺസ്യൂമർ എന്നുള്ളത് വ്യക്തമാക്കണമെന്നാണ് ഞാൻ നിർവ്വചിച്ചിട്ടുള്ളത്. കൺസ്യൂമർ എന്ന് പറഞ്ഞാൽ "a person getting the benefit of any water supply or waste water service. എന്നാണ്. സ്വാഭാവികമായും അത്തരം ഒരു കണക്ഷനുള്ള സ്ഥലത്ത് താമസിക്കുന്ന ആർക്കും ഇത് ബാധകമായി വരും. അങ്ങനെ ആർക്കും വളരെ വ്യാപകമായി ബാധകമാകാവുന്ന വിധത്തിൽ അതിനെ നിയന്ത്രണവും, നേതൃത്വവും ഇല്ലാത്ത ആളുകളും കൂടി ഈ കൺസ്യൂമർ എന്ന ഡെഫനിഷനകത്ത് വരാനിടവരും. വാട്ടർ സപ്ലൈ കണക്ഷൻ ആരുടെ പേരിലാണോ ഉള്ളത് ആ ആളിനെയായിരിക്കണം കൺസ്യൂമറായി കണക്കാക്കേണ്ടത്. അതായിരിക്കും കുറെക്കൂടി ശരി എന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ടാണ് ഞാൻ "consumer means any person in whose name the connection of any water supply or sewerage connection has been given by the Authority". എന്ന് പറഞ്ഞിരിക്കുന്നത്. അത് സ്വീകരിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

Shri. E. Padmanabhan:—Sir, I move that In sub-clause (i) of clause 2 after the words "Kerala Water" add the words "and sewage". വാട്ടർ അതോറിറ്റി എന്നു പറയുമ്പോൾ സിവറേജ് എന്നത് ഒഴിവാക്കപ്പെടും. അതുവരാതിരിക്കുവാൻ വേണ്ടി ഞാൻ അവതരിപ്പിച്ച ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Shri .V. S. Chandrasekharan Pillai: Sir, I move that In clause 2 for sub-clause (i) substitute the following namely:—

"(i) "Authority" means the Kerala Water and sewage Authority".

ഈ അതോറിറ്റിയുടെ പേരും ആക്ടിന്റെ പേരും ഒന്നായിരിക്കണമെന്ന നിർബന്ധമില്ല. അതോറിറ്റിയെ സംബന്ധിച്ചിടത്തോളം കേരളാ വാട്ടർ ആൻറ് സീവേജ് അതോറിറ്റി ആയിരിക്കണമെന്ന എന്റെ ഭേദഗതി പ്രസ്ചെയ്യുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ക്ലാസ് 2 ഭേദഗതി കൊണ്ടുവന്നിരിക്കുന്നത് ക്ലാസ് ഒന്നിലെ ഭേദഗതിയുടെ അടിസ്ഥാനത്തിലാണ്. ക്ലാസ് ഒന്നിന്റെ ഭേദഗതി പിന്നീട് അവതരിപ്പിക്കപ്പെടും. ഇപ്പോഴം കൊണ്ടുവന്നിരിക്കുന്നത് "Kerala Water Supply and Sewerage Act, 1986" എന്നാണ്. സ്ഥാപനത്തിന്റെ പേര് കേരള വാട്ടർ അതോറിറ്റി എന്നാണ്. ഞാൻ കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയോട് പരിപൂർണ്ണമായി ഇത് യോജിക്കുന്നില്ലെങ്കിലും ഈ മലിനജലം എന്നുള്ളത് എടുത്തുകളഞ്ഞതിനോട് ഈ സഭ നന്ദിയുള്ളവരാണെന്നാണ് ഞാൻ വിചാരിക്കുന്നത്. മലിനജലം ഇല്ലാത്തതായിട്ടുള്ള ഒരു ഏർപ്പാട് വന്നത് നന്നായി. മലിനജലം എന്ന പദം അത്രത്തോളം ശരിയാണോ എന്നുള്ളതിൽ എനിക്ക് സംശയമുണ്ട്. കുറെ ഡിക്ഷ്ണറികം നോക്കിയപ്പോഴം വേസ്റ്റ് വാട്ടറിന്റെ കൃത്യമായിട്ടുള്ള ഒരു വിവരണം കിട്ടുന്നില്ല. പാഴ്ജലം, ഉപയോഗശൂന്യമായിട്ടുള്ള ജലം എന്നെല്ലാമാണ് കാണാൻ കഴിഞ്ഞത്. ഏതായാലും ഇത് അതോറിറ്റിയെന്ന നിലയ്ക്ക് പോകണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ആശിക്കുന്നത്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു നിർദ്ദേശമുണ്ട്. സാധാരണഗതിയിൽ പല ഇംഗ്ലീഷ് വാക്കുകളും മലയാളത്തിൽ ഉദ്ധരിക്കാറുണ്ട്. ഉദാഹരണമായി സൈക്കിൾ, കാർ. സൈക്കിളും കാറുമൊക്കെ മലയാളത്തിലാക്കാൻ കഴിയുമോ? അതോറിറ്റിയെന്നുള്ളതിനേക്കാൾ ബോർഡ് ആണ് നല്ലതെന്നാണ് എനിക്ക് തോന്നുന്നത്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ആ സംസ്ഥാനത്തിന്റെ വാട്ടർ ബോർഡ് എന്നാണറിയപ്പെടുന്നത്. ഈ സംസ്ഥാനത്തിന്റെ ഇലക്ട്രിസിറ്റി ബോർഡ് എന്നുള്ളതു പോലെ ബോർഡ് എന്നുള്ളത് നന്നായിരിക്കും. അത് പരിഗണിക്കാവുന്നതാണെന്നാണ് എനിക്ക് പറയുവാനുള്ളത്. പിന്നെ 'എംപ്ലോയി' എന്നുള്ളതിന് ഒരു ഡെഫനിഷൻ ഈ ക്ലാസിൽ ഇല്ല. എംപ്ലോയി എന്നുള്ളതിന് ഡെഫനിഷൻ കൊണ്ടുവരുന്നത് ഉചിതമായിരിക്കുമെന്നാണ് തോന്നുന്നത്. ഞാൻ ഈ ബില്ലിന്റെ പല ക്ലാസുകളും നോക്കിയപ്പോൾ ചില ക്ലാസിൽ സ്റ്റാഫ് എന്നു കാണുന്നുണ്ട്. ചില ക്ലാസിൽ 'persons employed by the Kerala Water Authority' എന്നു കാണുന്നുണ്ട്. പിന്നെ മാനേജിംഗ് ഡയറക്ടർ, സെക്രട്ടറി എന്നുപറഞ്ഞിട്ടുള്ള ആംക്കാരെല്ലാം വേറെ ഉണ്ട്. ഇതെല്ലാംകൂടി കൂട്ടിയിട്ട് എംപ്ലോയി എന്ന പദത്തിനു ഒരു നിർവ്വചനം കൊടുക്കുന്നത് നല്ലതായിരിക്കുമെന്ന നിലയിലാണ് ഞാൻ എന്റെ 9-ാം നമ്പർ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. എന്റെ 11-ാം നമ്പർ ഭേദഗതിയുടെ ആശയം ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ 182 (3)-ാം ഭേദഗതിയിൽ ഏതാണ്ട് സ്വീകരിച്ചിട്ടുണ്ട്. അത് "both for domestic and non-domestic purposes". ഉൾക്കൊള്ളിക്കണമെന്നുള്ളതാണ്. പക്ഷേ ബഹുമാനപ്പെട്ട മന്ത്രി അതിന് കുറെ വ്യത്യാസം വരുത്തിയിട്ടുണ്ട്. സബ് ക്ലാസ് 35 അനുസരിച്ച് നിലനിറുത്തിയ

LIBRARY ARCHIVES Kerala Legislative Assembly

''both for domestic and non-domestic purposes''. എന്ന് ചേർക്കുന്നതായിരിക്കും കൂടുതൽ ഉചിതം. ഏതായാലും അതേപ്പറ്റി ഗവൺമെൻറ് പരിഗണിച്ച് തീരുമാനിക്കുന്നതിൽ എനിക്ക് യാതൊരു വിരോധവുമില്ല. എൻറെ ഭേദഗതി ഗവൺമെൻറിൻറെ മുമ്പാകെ വയ്ക്കുകയാണ്.

ശ്രീ. കാനം രാജേന്ദ്രൻ: സർ, കൺസ്യൂമറുടെ ഡെഫനിഷൻ വളരെ ക്ലിയറാക്കേണ്ടതായിട്ടുണ്ടെന്നുള്ളതാണ് എൻറെ രണ്ടാമത്തെ ഭേദഗതി. ഡെഫനിഷനിൽ പറയുന്നത് 'getting the benefit of any water supply' എന്നു പറഞ്ഞാൽ അത് വളരെ വിപുലമായിട്ടുള്ള ഒരു ഡെഫനിഷനാണ്. അതേസമയം ''Consumer means any person whose premises has been provided with a water or waste water connection by the Authority'' എന്നു പറഞ്ഞാൽ അത് കുറച്ചുകൂടി ക്ലിയറാകും. കൺസ്യൂമർ എന്നുള്ള ഡെഫനിഷൻ ക്ലിയറാക്കുന്നതിന് ഗവൺമെൻറ് തയ്യാറാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. കെ. എം. മാണി: സർ, ഞാൻ അവതരിപ്പിച്ച ഭേദഗതി ഒഴിച്ച് മറ്റു ഭേദഗതികളും ഒന്നും അംഗീകരിക്കുന്നില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ അവതരിപ്പിച്ച ഭേദഗതികളും വോട്ടിനിട്ട് സഭ നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ആദ്യത്തെ ഭേദഗതി വോട്ടിനിട്ട് സഭ നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഈ പറഞ്ഞതിനെ സംബന്ധിച്ചിടത്തോളം മന്ത്രി ഒന്നും പറഞ്ഞില്ലല്ലോ. സ്വീകരിച്ചിട്ടുണ്ടോ ഇല്ലയോ എന്നു പറയാതെ എങ്ങനെയാണ്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, പറയേണ്ട കാര്യമില്ല. ഞാൻ സയമമില്ലാത്തതുകൊണ്ട് വിശദീകരിക്കുന്നില്ല. ഭേദഗതി അംഗീകരിക്കുന്നില്ല.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച രണ്ടാമത്തെ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഞാൻ പോലും ആവശ്യപ്പെടുന്നു. (സഭ താഴെപ്പറയും പ്രകാരം വേർതിരിഞ്ഞ് വോട്ടു രേഖപ്പെടുത്തി).

അനുകൂലിക്കുന്നവർ—27

1. ശ്രീ. ടി. കെ. അബ്ദു
2. ,, കെ. പി. അരവിന്ദാക്ഷൻ
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, ഒ. രേതൻ
5. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
6. ശ്രീ. കെ. ചന്ദ്രശേഖരൻ
7. ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
8. ,, എസ്. ഗോവിന്ദക്കുറുപ്പ്
9. ,, വി. സി. കബീർ
10. ,, കെ. ടി. കണാരൻ
11. ,, എം. കെ. കേശവൻ
12. ,, വി. കേശവൻ
13. ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ

LIBRARY ARCHIVES Kerala Legislative Assembly

14. ശ്രീ. കെ. ടി. കുമാരൻ
15. ,, ലോനപ്പൻ നമ്പാടൻ
16. ,, എ. കെ. പത്മനാഭൻ
17. ,, ഇ. പത്മനാഭൻ
18. ,, കെ. പങ്കജാക്ഷൻ
19. ,, ടി. പി. പീതാംബരൻ മാസ്റ്റർ
20. ,, കെ. പി. പ്രഭാകരൻ
21. ,, വർക്കല രാധാകൃഷ്ണൻ
22. ,, കാനം രാജേന്ദ്രൻ
23. ,, കെ. ശങ്കരനാരായണപിള്ള
24. ,, എ. സി. ഷൺമുഖദാസ്
25. ,, സി. കെ. തങ്കപ്പൻ
26. ,, വി. ജെ. തങ്കപ്പൻ
27. ,, എസ്. ആർ. തങ്കരാജ്

പ്രതികൂലിക്കുന്നവർ—44

1. ശ്രീ. ഇ. അഹമ്മദ്
2. ,, കൊരമ്പയിൽ അഹമ്മദ്ഹാജി
3. ,, സി. ടി. അഹമ്മദ് അലി
4. ,, കെ. അവുക്കാദർകുട്ടിനഹ
5. ,, ബെന്നി ബഹനാൻ
6. ,, പി. ടോസ്ക്കരൻ
7. ,, വി. ദിനകരൻ
8. ,, എ. ജോർജ്ജ്
9. ,, കെ. എം. ഹംസക്കുഞ്ഞ്
10. ,, എം. എം. ഹസ്സൻ
11. ,, ടി. എം. ജേക്കബ്
12. ,, ടി. എസ്. ജോൺ
13. ,, ജോസ് കുറ്റിയാനി
14. ,, ഡോക്ടർ കെ. സി. ജോസഫ്
15. ,, കെ. സി. ജോസഫ്
16. ,, വി. വി. ജോസഫ്
17. ശ്രീമതി എം. കമലം
18. ശ്രീ. കെ. ജി. ആർ. കർത്താ
19. ,, പി. കെ. കുഞ്ഞാലിക്കുട്ടി
20. ,, മണിമംഗലത്തു കുട്ട്യാലി
21. ,, ഇ. ജെ. ലൂക്കോസ്
22. ,, കെ. പി. എ. മജീദ്
23. ,, കെ. എം. മാണി
24. ,, എം. വി. മാണി
25. ,, കെ. മുഹമ്മദാലി
26. ,, കെ. എസ്. നാരായണൻനമ്പൂതിരി
27. ,, കെ. പി. നൂറുദ്ദീൻ
28. ,, ഉമ്മൻ ചാണ്ടി
29. ,, തച്ചടി പ്രഭാകരൻ
30. ,, കെ. രാഘവൻമാസ്റ്റർ
31. ,, കെ. കെ. രാമചന്ദ്രൻമാസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

32. ശ്രീ. കെ. പി. രാമചന്ദ്രൻ നായർ
33. ,, എസ്. രാമചന്ദ്രൻപിള്ള
34. ,, കെ. പി. രാമൻ
35. ,, പി. സീതിഹാജി
36. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
37. ,, പന്തളം സുധാകരൻ
38. ,, കോട്ടക്കുഴി സുകുമാരൻ
39. ,, പി. പി. തങ്കച്ചൻ
40. ,, സി. എഫ്. തോമസ്
41. ,, കെ. കെ. തോമസ്
42. ,, പി. കെ. വേലായുധൻ
43. ,, ടി. വി. വിജയരാജൻ
44. ,, സ്റ്റീഫൻ പാദുവ

നിഷ്പക്ഷർ—ഇല്ല.

അനുകൂലിക്കുന്നവർ—27

പ്രതികൂലിക്കുന്നവർ—44

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച രണ്ടാമത്തെ ഭേദഗതി സഭ നിരാകരിച്ചതായി പ്രഖ്യാപിക്കപ്പെട്ടു.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ടു നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

3—ാം വകുപ്പ്

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, മൂന്നാമത്തെ ക്ലാസിൽ ഒഫിഷ്യലായിട്ട് ഒരു അമെൻറുമെൻറിന് നോട്ടീസ് നൽകിയിട്ടുണ്ട്. അത് ഞാൻ മൂവ് ചെയ്യുന്നില്ല. കാരണം ''വാട്ടർ അതോറിറ്റി'' എന്നുള്ള പേര് സഭ അംഗീകരിച്ചുകഴിഞ്ഞു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

In clause 3 sub-clause (3), add the following at the end namely :— ''with powers to operate its funds subject to the directions if any of the government''. സർ, എന്റെ ഈ ഭേദഗതി ഒരു വിശദീകരണം മാത്രമാണ്. ഫണ്ട്സ് ഓപ്പറേറ്റ് ചെയ്യാൻ അധികാരം ഉണ്ടാകുമെന്നും അത് ഗവൺമെൻറിന്റെ നിർദ്ദേശപ്രകാരമാണ് ആ അധികാരം ഉപയോഗിക്കേണ്ടതെന്നും വിശദീകരിച്ചിരിക്കുകയാണ്. ഇത് സെൽഫ് എക്സ്പ്ലനേറ്ററിയാണ്. കൂടുതലായിട്ടൊന്നും പറയാനില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്. In clause 3 sub-clause (1) before the words "Authority" add the words "Supply and Sewerage".

സർ, ഞാൻ അവതരിപ്പിച്ച ഭേദഗതി മിക്കവാറും അംഗീകരിച്ചതാണ്. കേരളാ വാട്ടർ സപ്ലൈ ആൻറ് സീവറേജ് അതോറിറ്റി എന്ന പേര് ആക്കണമെന്നാണ് എന്റെ ഭേദഗതി. വാട്ടർ സപ്ലൈ ആൻറ് സീവറേജ് അതോറിറ്റി എന്ന് ആക്കുന്നതുകൊണ്ട് കാര്യങ്ങൾ കുറേക്കൂടി വ്യക്തമാകുമെന്നേയുള്ളൂ. വാട്ടർ അതോറിറ്റി എന്നുപറഞ്ഞാൽ ജലവുമായി ബന്ധപ്പെട്ട ഏത് കാര്യത്തിലും വിപുലമായ ഒരു ആക്ടാണ് ഇതെന്ന തെറ്റിദ്ധാരണയുണ്ടാകാം. നദീജലത്തെസംബന്ധിച്ചും അതുപോലെതന്നെ ജലവുമായി ബന്ധപ്പെട്ട ഏത് കാര്യത്തെ സംബന്ധിച്ചുമുള്ള ഒരു അതോറിറ്റിയാണ് എന്നുള്ള തെറ്റിദ്ധാരണയുണ്ടാകും. എന്നാൽ ഇവിടെ വാസ്തവത്തിൽ വാട്ടർ സപ്ലൈയിലും സീവറേജ് സിസ്റ്റത്തിലും ഉള്ള സംവിധാനങ്ങളും നടപടി ക്രമങ്ങളും മാത്രമേയുള്ളൂ. ആ നിലക്ക് വാട്ടർ സപ്ലൈ ആൻറ് സീവറേജിനെ മാത്രമായി ബാധിക്കുന്ന ഒരു അതോറിറ്റിക്ക് വാട്ടർ അതോറിറ്റി എന്ന പേര് മാത്രം കൊടുക്കുന്നത് ശരിയല്ല. തെറ്റായ പേര് വിളിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിൽ, കർണ്ണാടകത്തിലും തമിഴ് നാട്ടിലും ഈ സീവറേജ് അതോറിറ്റിയുടെ അല്ലെങ്കിൽ ഈ വാട്ടർ അതോറിറ്റിയുടെ നിയമം ഉണ്ടാക്കിയതിനകത്തൊക്കെ വാട്ടർ സപ്ലൈ ആൻറ് സീവറേജ് ബോർഡ് എന്നാണ് പേര് കൊടുത്തിരിക്കുന്നത്. വാട്ടർ സപ്ലൈ ആൻറ് സീവറേജ് സിസ്റ്റം ആയതുകൊണ്ട് വാട്ടർ സപ്ലൈ ആൻറ് സീവറേജ് അതോറിറ്റി എന്ന് ഇതിന്റെ പേര് മാറ്റണം. അത് അംഗീകരിക്കുന്നതുകൊണ്ട് യാതൊരു ദോഷവും വരാനില്ല. കുറെക്കൂടി വ്യക്തതയുണ്ടാകും. ആശയകുഴപ്പമോ ദുർവ്യാഖ്യാനമോ ഉണ്ടാക്കാൻ ഇടവരുത്താതെയിരിക്കാൻ എന്റെ ഭേദഗതി സ്വീകരിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2-ാം ക്ലാസ് ചർച്ചചെയ്തത് വാട്ടർ അതോറിറ്റിയെന്ന് സഭ അംഗീകരിച്ചിരിക്കുകയാണ്. വാട്ടർ അതോറിറ്റിയെന്ന് നമ്മൾ സ്വീകരിച്ചു. ബഹുമാനപ്പെട്ട ശ്രീ. ചന്ദ്രശേഖരൻ പറഞ്ഞ ഒരു കാര്യം ഫണ്ടിനെ സംബന്ധിച്ചുള്ളതാണ്. ഫണ്ട് വിനിയോഗിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഇനി ഒരു ക്ലാസ് വരുന്നുണ്ട്. 22-ാമത്തെ ക്ലാസിൽ ഫണ്ടിന്റെ ഓപ്പറേഷനെ സംബന്ധിച്ചിടത്തോളം പറയുന്നതുകൊണ്ട് ബഹുമാനപ്പെട്ട ശ്രീ. ചന്ദ്രശേഖരൻ കൊണ്ടുവന്ന അമെൻറ്മെൻറ് സ്വീകരിക്കുന്നില്ല. ആ ഉദ്ദേശം ഇനി വരുന്നുണ്ട്. അതുകൊണ്ട് ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

4–ാം വകുപ്പ്

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

In clause 4,

(i) for sub-clause (a), the following sub-clause shall be substituted, namely:—

(a) "a Chairman, appointed by the Government";

ഇതിൽ 4(ബി)ക്ക് ഓൺ അമെൻറ്മെൻറുകൂടി കൊണ്ടുവരികയാണ്.—

(b) a Managing Director, who possess experience in management and administration or who is a qualified Engineer not below the rank of a Chief Engineer having sufficient experience in management and administration in water supply and sewerage works, appointed by the government:

Provided that no person who is more than fifty five years of age shall be appointed as Managing Director.

(ii) in sub-clause (g) for the words "a member" the words "two members" shall be substituted.

ഈ സഭയുടെ വികാരങ്ങൾ മാനിച്ചുകൊണ്ടാണ് ഈ അമെൻറ്മെൻറ് കൊണ്ടുവന്നിരിക്കുന്നത്. കഴിഞ്ഞ തവണ Minister or any other person എന്ന് പറഞ്ഞപ്പോൾ പ്രതിപക്ഷം പറഞ്ഞു മിനിസ്റ്റർ എന്നുള്ളതുകൂടി എടുത്തുകളയണമെന്ന്. ഞാൻ അത് ആദരിച്ചുകൊണ്ട് മന്ത്രി എന്നുള്ള വാക്കുകൂടി എടുത്ത് കളയുകയാണ്. അതുകൊണ്ട് മന്ത്രിയെ ഒഴിവാക്കുന്നു. മന്ത്രിയല്ലാത്ത മറ്റൊരാൾ ആയിരിക്കും അതിന്റെ ചെയർമാൻ. (a) "a Chairman, appointed by the Government"; എന്നുള്ള വാക്കു മാത്രം മതി; രണ്ടാമത്തേത് for the words "a member" the words "two members" shall be substituted. അതായത് ലോക്കൽ ബോഡീസിന് ഒരു മെമ്പറേ റെപ്രസെന്റേഷൻ കൊടുത്തിട്ടുള്ളൂ. ഒരു റെപ്രസെന്റേഷൻ കൂടി ആയിക്കോട്ടെ ബോർഡിലേക്ക്. അപ്പോൾ രണ്ട് റെപ്രസെന്റേഷൻ കൊടുക്കുകയാണ്. സർ, ക്ലാസ് 4 (ബി)ക്ക് ഒരു ഓൺ അമെൻറ്മെൻറുകൂടി കൊണ്ടുവരുകയാണ്. അത് എം. ഡി. യെ സംബന്ധിച്ചാണ്. അഡ്മിനിസ്ട്രേഷനിലും മാനേജ്മെൻറിലും പരിചയമുള്ള Any person may be an M. D. എന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെ വരുമ്പോൾ ഒരു ആശങ്കയുള്ളത് ഡിപ്പാർട്ടുമെൻറിൽ നിന്നും, ഈ സഭയിലെ പല മെമ്പർമാരിൽ നിന്നും ഒരു അഭിപ്രായം വന്നു. കോമ്പിറ്റന്റായിട്ടുള്ള ആൾ ഉണ്ടെങ്കിൽ അവരെ ഒഴിവാക്കുന്നല്ലോ എന്ന് ധാരണ വേണ്ട, അവർക്ക് ആ സ്ഥാനത്തേക്ക് വരാൻ ഉപകരിക്കുന്ന ഒരു എനേബ്ലിംഗ് ക്ലാസ് കൂടി വയ്ക്കുകയാണ്. ആ നിലയിൽ മാനേജിംഗ് ഡയറക്ടറെ നിയമിക്കാനാണ് ആഗ്രഹിക്കുന്നത്. അതിനാണ് ഞാൻ ഓൺ അമെൻറ്മെൻറ് കൊണ്ടുവരികയാണ്. പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് സർവ്വീസിലെ മാനേജ്മെൻറിലും അഡ്മിനിസ്ട്രേഷനിലും പരിചയമുള്ള, ചീഫ് എഞ്ചിനീയറുടെ കാളിഫിക്കേഷനിൽ കുറയാത്ത, കോമ്പിറ്റന്റായിട്ടുള്ള ഒരാളിനെ മാനേജിംഗ് ഡയറക്ടർ ആക്കാമെന്നുള്ള നിലയ്ക്കാണ് ഇത് കൊണ്ടുവന്നിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ: സർ, ക്ലാസ് 4—ന് ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(1) In clause 4 for sub-clause (a) substitute the following namely:—

"(a) a person, other than a Minister, appointed by the Government shall be the Chairman".

(2) For the proviso to sub-clause (b) of clause 4 substitute the following namely:—

"Provided that no person who has completed fifty-two years of age on the date of appointment shall be appointed as Managing Director".

(3) In clause 4 for sub-clause (e) substitute the following namely:-

"(e) The Director of Municipal Administration or the Director of Panchayats".

(4) In clause 4 for sub-clause (g) substitute the following namely:—

"(g) Three members representing the elected members of Municipal Corporations, Municipal Councils/Township and Panchayats in the State elected in such manner as may be prescribed:

Provided that if for any reason there are no elected members in office in any of the local bodies in the state, the Government may appoint a person who had been a member in any Municipal Corporation, Municipal Council/Township or Panchayats as the case may be immediately before two years of the date of such appointment: Provided further that a person appointed under the above proviso shall cease to be a member of the Authority with effect from the date on which the elected members in any of the local bodies in the State assume power in the local body".

(5) In clause 4 sub-clause (i) after the words

"not below the rank of a Chief Engineer" insert the words "in the service of the Authority or the Kerala Government".

ആദ്യത്തെ ഭേദഗതി ഞാൻ വീണ്ടും അവതരിപ്പിക്കുന്നത് മന്ത്രിയുടെ ഭേദഗതി വളരെ വ്യക്തമല്ലാത്തതുകൊണ്ടാണ്. ഇവിടെ മന്ത്രി അവതരിപ്പിച്ച A chairman appointed by the Government എന്ന ഭേദഗതികൊണ്ട് ആരുമാകാം; മന്ത്രിയുമാകാം എം. എൽ. എ. യുമാകാം മന്ത്രിയല്ലാത്ത ആളിനുമാകാം.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): ബില്ലിന്റെ അകത്ത് Minister or any other member എന്നു പറഞ്ഞതിൽ 'മിനിസ്റ്റർ' എടുത്തുകളഞ്ഞു. ഇനിയും സംശയം നിൽക്കുകയാണെങ്കിൽ ബുദ്ധിമുട്ടാണ്.

ശ്രീ. കാനം രാജേന്ദ്രൻ: നിയമം ഉണ്ടാക്കുമ്പോൾ സംശയത്തിനിടയുണ്ടാകാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: എല്ലാ നിയമങ്ങളിലും അങ്ങനെയുള്ള വാക്കാണ് ഉപയോഗിച്ചിട്ടുള്ളത്.

ശ്രീ. കാനം രാജേന്ദ്രൻ: ഒരു നിയമനിർമ്മാണമുണ്ടാകുമ്പോൾ സംശയത്തിനിട നൽകാൻ പാടില്ല. അതുകൊണ്ടാണ് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നത്. A person other than a Minister appointed by the Government shall be the Chairman. എന്റെ ഭേദഗതി അംഗീകരിക്കുന്നതായിരിക്കും ഇത് സംശയമില്ലാതാക്കുന്നതിന് ഏറ്റവും നല്ലത് എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് എന്റെ ആദ്യത്തെ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു. ക്ലാസ് 6 അനുസരിച്ച് അതോറിറ്റിയുടെ ടേം മൂന്നുവർഷമാണ്. എന്നാൽ സർവ്വീസിൽനിന്ന് റിട്ടയർ ചെയ്യാനുള്ള വയസ്സ് 55 ആണ്. 55 കാരനെ നിയമിക്കരുതെന്നു പറഞ്ഞാൽ, 55 വയസ്സ് പൂർത്തിയാകുന്നതിന് ഒരു ദിവസം മുൻപ് നിയമനം നടത്താം. അങ്ങനെ നിയമനം നടത്തിയാൽ വരുന്ന മൂന്നുകൊല്ലത്തേക്ക് എക്സ്റ്റൻഷൻ കൊടുക്കാൻ ക്ലാസ് 6 അനുസരിച്ച് കാലാവധി നിശ്ചയിച്ചിട്ടുള്ളതുകൊണ്ട് അതിന് അവകാശമുണ്ട്. ഗവൺമെന്റിന് ടെർമിനേറ്റ് ചെയ്യാനുള്ള അധികാരമുണ്ടെന്നുള്ളത് ശരിയാണ്. എങ്കിലും സ്വമേധയാ പ്രായം കൂടിപ്പോകുന്നുവെന്നുള്ളതുകൊണ്ട് 55 കാരൻ ഒഴിഞ്ഞുപോകുന്നില്ല. അതുകൊണ്ടാണ് എന്റെ രണ്ടാമത്തെ ഭേദഗതി ഞാൻ അവതരിപ്പിച്ചത്. നിയമനത്തിന്റെ സന്ദർഭത്തിൽ 52 വയസ്സ് കഴിഞ്ഞ ആളുകളെ നിയമിക്കാൻ പാടില്ല. 52 വയസ്സുള്ള ആളുകളെ നിയമിച്ചാൽ മൂന്നുവർഷത്തെ കാലാവധി കഴിയുമ്പോൾ 55 വയസ്സ് വരും. അതുകൊണ്ട് ഈ വകുപ്പ് വച്ചു കഴിഞ്ഞാൽ വീണ്ടും ഇത് ലംഘിക്കപ്പെടാനും തുടർന്ന് നീട്ടിക്കൊടുക്കാനുമുള്ള സൗകര്യം ഉള്ളതുകൊണ്ട് രണ്ടാമത്തെ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു. അതുപോലെ തന്നെ മൂന്നാമത്തെ ഭേദഗതി, ക്ലാസ് 4 സെക്ഷൻ (സി) യിൽ പറയുന്നത് പി. എച്ച്. ഇ. ഡി യുടെ ചാർജുള്ള സെക്രട്ടറിയും ലോക്കൽ ബോഡീസിന്റെ ചാർജുള്ള സെക്രട്ടറിയും ഈ ബോർഡിൽ അംഗമായിരിക്കണമെന്നാണ്. കേരളത്തിലെ സെക്രട്ടേറിയറ്റിൽ പി. എച്ച്. ഇ. ഡി. യുടേയും ലോക്കൽ അഡ്മിനിസ്ട്രേഷന്റേയും ചുമതല ഒരേ സെക്രട്ടറിക്കാണ്. അതുകൊണ്ട് ലോക്കൽ അഡ്മിനിസ്ട്രേഷന്റേയും പി. എച്ച്. ഇ. ഡി. യുടേയും ചുമതല ഒരേ സെക്രട്ടറിക്ക് വന്നുകഴിഞ്ഞാൽ ഇതിൽ ഡ്യൂപ്ലിക്കേഷനുണ്ടാകും. രണ്ട് മെമ്പറുടെ ആവശ്യമില്ല. ഒരു മെമ്പർ മതി. അതുകൊണ്ട് ഒരു സെക്രട്ടറിക്കു പകരം മുനിസിപ്പൽ ഡയറക്ടറോ, പഞ്ചായത്ത് ഡയറക്ടറോ, ലോക്കൽ ബോഡീസിന്റെ ഇൻറേസ്റ്റ് സേഫ് ഗാർഡ് ചെയ്യാൻ കഴിയുന്ന ഏതെങ്കിലും പ്രതിനിധിയോ വേണമെന്നുള്ളതുകൊണ്ടാണ് ഞാൻ എന്റെ മൂന്നാമത്തെ ഭേദഗതി അവതരിപ്പിച്ചത്. മന്ത്രി ഇവിടെ ഒരു ഭേദഗതി അവതരിപ്പിച്ചിട്ടുണ്ട്. അതനുസരിച്ച് ഉപവകുപ്പിനു രണ്ടു പ്രതിനിധികളും ആകണമെന്നാണ്. ലോക്കൽ ബോഡീസ് എന്നു പറഞ്ഞാൽ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പഞ്ചായത്തുകളുമുണ്ട്. മുനിസിപ്പാലിറ്റികളുടേയും പഞ്ചായത്തുകളുടേയും കോർപ്പറേഷനുകളുടേയും മറ്റ് സ്വയംഭരണസ്ഥാപനങ്ങളുടേയും പ്രതിനിധികളും ഉണ്ടാകണമെന്നുണ്ടെങ്കിൽ മൂന്ന് പ്രതിനിധികളെ നോമിനേറ്റ് ചെയ്യണമെന്നാണ് എന്റെ നിർദ്ദേശം. ആ മൂന്നു പ്രതിനിധികളെ നോമിനേറ്റ് ചെയ്യുമ്പോൾ ഇപ്പോൾ ഈ നിയമത്തിൽ പറയുന്നതനുസരിച്ചാണെങ്കിൽ തിരഞ്ഞെടുക്കപ്പെട്ട സമിതിയില്ലെങ്കിൽ എന്നെങ്കിലും പഞ്ചായത്ത് മെമ്പറോ ലോക്കൽ ബോഡീസ് മെമ്പറോ ആയിരുന്ന ആളിനെ നോമിനേറ്റ് ചെയ്യാനുള്ള അധികാരം ഗവൺമെന്റ് നൽകുന്നുണ്ട്. അതു

ക്കൊണ്ട് ഏറ്റവും അടുത്തകാലത്ത് മെമ്പറായിരുന്ന ആളിനെ, കഴിയുമെങ്കിൽ രണ്ട് കൊല്ലത്തിന് മുൻപ് മെമ്പറായിരുന്ന ആളിനെ നോമിനേറ്റ് ചെയ്തു ലോക്കൽ ബോഡീസിന്റെ പ്രാതിനിധ്യം വർദ്ധിപ്പിക്കണമെന്ന 4-ാമത്തെ ഭേദഗതി ടെക്നിക്കൽ മെമ്പറെ നിശ്ചയിക്കുന്നുവെന്ന് പറയുമ്പോഴും അതോറിട്ടിയിലുള്ളവരോ കേരള ഗവൺമെന്റിന്റെ സർവ്വീസിൽ ഉള്ളവരോ ആയിരിക്കണം; ടെക്നിക്കൽ മെമ്പർ ആകുന്നത് എന്നാണ് എന്റെ അടുത്ത ഭേദഗതി. ഒരു ടെക്നിക്കൽ മെമ്പറെ നിയമിക്കാൻ വേണ്ടി പുറത്തുനിന്നുള്ള ആളുകളെ കൊണ്ടു വരുന്ന സാഹചര്യം ഒഴിവാക്കാൻവേണ്ടി ഈ അതോറിട്ടിയിലും നമ്മുടെ സംസ്ഥാനസർവ്വീസിലുള്ള ആളുകളെ ടെക്നിക്കൽ മെമ്പറായിട്ട് നിയമിക്കണം എന്ന ഉദ്ദേശത്തോടുകൂടിയാണ് ഞാൻ 5-ാമത്തെ ഭേദഗതി മൂവ് ചെയ്തിരിക്കുന്നത്.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(1) In clause 4 sub-clause (a), for the words "The Minister in Charge of Public Health Engineering Department or any other person appointed by Government", substitute the words, "the Chief Secretary or the Additional Chief Secretary or the Secretary to Government Public Health Engineering Department".

(2) In clause 4 sub-clause (b) after the words "who possesses" add the words "qualification, knowledge and experience in Public Health Engineering and".

(3) In clause 4 for sub-clause (g) substitute the following namely:—

"(g) a member each to represent Panchayats, Municipalities and Municipal Corporations elected by the Presidents of Panchayats, Chairmen of Municipalities and Mayors of Corporations from among themselves".

(4) In clause 4, sub-clause (h) delete the word "and" appearing at the end.

(5) In clause 4, sub-clause (i) add the word "and" at the end.

(6) In clause 4, sub-clause (i) add the following as sub-clause (j) namely:—

"(j) The Secretary to Government in charge of Public Works Department".

ആദ്യത്തെ ഭേദഗതി പ്രകാരം മന്ത്രിയെ ഇതിൽ നിന്ന് മാറണമെന്നുള്ളതാണ്. അത് ബഹുമാനപ്പെട്ട ജലസേചനവകുപ്പുമന്ത്രി തന്നെ മാറിയിരിക്കുകയാണ്. അത് നന്നായിയെന്നാണ് എന്റെ അഭിപ്രായം. വളരെ ഇടുങ്ങിയ മനഃസ്ഥിതിയുള്ള ആളുകൾ ഇതിന്റെ ചെയർമാൻ ആകണമെന്ന് നിർബന്ധമായിട്ട് പറഞ്ഞു. ബഹുമാനപ്പെട്ട മാണിക്ക് അത്തരത്തിലുള്ള മനഃസ്ഥിതിയല്ല എന്നുള്ളത് തീർച്ചയായും സന്തോഷകരമാണ്. ഈ മന്ത്രിക്കോ, മന്ത്രിസഭക്കോ, പൊതുവേ പറയുകയാണെങ്കിൽ ഗവൺമെന്റിനോ ഇതിൽ അധികാരമില്ലെന്ന് കാണിക്കുന്നത് ശരിയല്ല. അതിന്റെ ചെയർമാനായിട്ട് വേണം മന്ത്രിക്ക് അധികാരം ഉപയോഗിക്കാൻ എന്നു കാണിക്കുന്നത് തെറ്റാണ്. മന്ത്രിയെന്നുള്ള നിലയിൽ മന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

അധികാരം ഉപയോഗിക്കണം. മന്ത്രി ചെയർമാൻ ആയിരിക്കുമെന്നുള്ളതു മാറിയതു നന്നായി. പക്ഷേ എനിക്കു നിർദ്ദേശിക്കുവാനുള്ളതു് ഒന്നുകൂടിയാണു്. കാളാശ്ശേരി ബില്ലുപോലുള്ള കാര്യങ്ങൾ വരാൻ പാടില്ല. അതായതു് ജലസേചന വകുപ്പുമന്ത്രിയുടെ പാർട്ടിയിൽപെട്ടിട്ടുള്ള ആളുകളെ ചെയർമാനായിട്ടു് വയ്ക്കാൻ പല നിർബന്ധങ്ങളും വരും. രാഷ്ട്രീയത്തിലെ നിർബന്ധങ്ങൾക്കു് വഴങ്ങാതിരിക്കാൻ പറ്റുമോ? Any person appointed by the Government എന്നു പറയുമ്പോഴും, ഈ മേഖലയിലുള്ള ആളുകളെയാണു് നിയമിക്കാൻ പോകുന്നതു് എന്നു് എനിക്കു് തോന്നിപ്പോകുന്നു. എന്തിനാണു് അത്തരത്തിൽ പോകുന്നതു്. ഗവൺമെന്റിനും മന്ത്രിക്കും ധാരാളം അധികാരങ്ങളും ഉണ്ടെന്നുള്ളതെല്ലാം കണക്കിലെടുത്തുകൊണ്ടു് ഒരു ഉദ്യോഗസ്ഥനെ ചെയർമാനാക്കുന്നതായിരിക്കും നല്ലതു്. അതുകൊണ്ടാണു് ഞാൻ നിർദ്ദേശിച്ചതു്, ചീഫ് സെക്രട്ടറി, അല്ലെങ്കിൽ അഡീഷണൽ ചീഫ് സെക്രട്ടറി, അല്ലെങ്കിൽ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ സെക്രട്ടറി, അവരൊക്കെ കമ്മീഷണർ നിലവാരത്തിലുള്ള സീനിയർ ഉദ്യോഗസ്ഥൻമാരായിരിക്കും. അതിൽ ആരെങ്കിലുമാകട്ടെ. അതിന്റെ ചെയർമാനെ കണ്ടുപിടിക്കാൻ നടക്കേണ്ടല്ലോ. അല്ലെങ്കിൽ ചെയർമാൻമാരുടെ പാനൽ വരുമ്പോഴും അതിൽനിന്നു് തിരഞ്ഞെടുക്കേണ്ട ബുദ്ധിമുട്ടു് വരേണ്ടതില്ലല്ലോ. ആ നിലയിലാണു് എന്റെ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. രണ്ടാമത്തെ ഭേദഗതി ബഹുമാനപ്പെട്ട ഇറിഗേഷൻ മന്ത്രി സ്വീകരിച്ചുകഴിഞ്ഞു. അദ്ദേഹം പറഞ്ഞു, പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗിൽ എക്സ്പീരിയൻസുള്ളതായിട്ടുള്ള ചീഫ് എഞ്ചിനീയറുടെ താഴെയല്ലാത്തതായിട്ടുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിക്കാം. അതു് നല്ലതാണു്.

നേരത്തേയുള്ള വകുപ്പു പ്രകാരം ബഹുമാനപ്പെട്ട എം. പി. ഗംഗാധരന്റെ വീട്ടുകാര്യസ്ഥനേയും നിയമിക്കാം മാനേജിംഗ് ഡയറക്ടറായിട്ടു്. അതു പറയുമോ സർ? ബഹുമാനപ്പെട്ട കെ. എം. മാണിയുടെ വീട്ടുകാര്യസ്ഥനെ ഇതിന്റെ മാനേജിംഗ് ഡയറക്ടറായിട്ടു് നിയമിക്കുന്നതു ശരിയാണോ? അതു് ശരിയല്ലായെന്നു കെ. എം. മാണി അംഗീകരിച്ചതു് നല്ലതുതന്നെയാണു്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതിയിൽ ഞാൻ സംതൃപ്തനാണു്.

ലോക്കൽ ബോഡീസിൽ ഇന്നുള്ള ഒരാളിൽനിന്നു് രണ്ടു് ആളാക്കണമെന്നു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതു് മൂന്നു് ആക്കണമെന്നാണു് ഞാൻ നിർദ്ദേശിക്കുന്നതു്. മൂന്നു് ആളുകളെ നിർദ്ദേശിക്കാനുണ്ടായ കാരണം, പഞ്ചായത്തുകളുടെ പ്രതിനിധിയായി ഒരാളും മുനിസിപ്പാലിറ്റികളുടെ പ്രതിനിധിയായി ഒരാളും കോർപ്പറേഷനുകളുടെ പ്രതിനിധിയായി ഒരാളും വേണം. ആ നിലയിൽ മൂന്നു പ്രതിനിധികളും ഉണ്ടാകണം. ആ മൂന്നു പ്രതിനിധികളും പ്രസിഡന്റുമാരും ചെയർമാൻമാരും മേയർമാരും തിരഞ്ഞെടുക്കപ്പെട്ട ആളായാൽ തരക്കേടില്ല. അതല്ലായെന്നുണ്ടെങ്കിൽ ആയിരത്തിൽ ചിലപ്പോൾ പഞ്ചായത്തുകളിൽനിന്നു് ഒരാളെ തിരഞ്ഞെടുക്കുകയെന്നു വരുമ്പോഴും തീർച്ചയായും ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ ബുദ്ധിമുട്ടുണ്ടാകും. ഓരോ മന്ത്രിമാരുടേയും പാർട്ടിക്കാർ എത്രയുണ്ടാകും? ഇവരെല്ലാം കയറി ഇതിന്റെ റെപ്രസന്റേറ്റീവായിട്ടു് വേണമെന്നു പറഞ്ഞാൽ? അതുകൊണ്ടു് ഏതെങ്കിലും തരത്തിൽ ഒരു ഡിറ്റർമിനിംഗ് സ്ട്രക്ച്ചർ ഇതിലുണ്ടാക്കുകയെന്നുള്ളതു് ഗവൺമെന്റിനുതന്നെ നന്നായിരിക്കുമെന്നാണു് എനിക്കു് തോന്നുന്നതു്. ഏതായാലും മൂന്നു പ്രതിനിധികളും ഉണ്ടാകുകയെന്നുള്ളതു് നല്ലതായിരിക്കുമെന്നു തോന്നുന്നു. പിന്നത്തെ എന്റെ ഭേദഗതികളെല്ലാം ഇവയെല്ലാംകൂടി

LIBRARY ARCHIVES Kerala Legislative Assembly

ഒന്നിച്ചുള്ളതാണ്. അതിൽ കുറെ ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരെകൂടി ചേർക്കണമെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. അതിൽ എനിക്ക് തോന്നുന്നത് പബ്ലിക് വർക്സ് ഡിപ്പാർട്ടുമെൻറ് സെക്രട്ടറിയേയുംകൂടി ചേർക്കുന്നത് നന്നായിരിക്കുമെന്നാണ്. പല കാര്യങ്ങൾക്കും പബ്ലിക് വർക്സ് വരുന്നുണ്ട്. ആ നിലയിൽ പബ്ലിക് വർക്സ് ഡിപ്പാർട്ടുമെൻറു സെക്രട്ടറിയെ ഞാൻ നിർദ്ദേശിക്കുകയാണ്. ഈ ഭേദഗതികൂടി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, ഞാനെന്റെ ഭേദഗതികൂടി അവതരിപ്പിക്കുന്നു.

(1) In clause 4 for sub-clause (a) substitute the following, namely:—

"(a) a person who is experienced in management and administration appointed by the Government shall be the Chairman:

Provided that no member of the legislature shall be appointed the Chairman".

(2) In clause 4 after the proviso to sub-clause (g) add the following further proviso namely:—

"Provided further that such member shall cease to be a member of the Authority on the date on which duly elected members take charge of any of the local bodies". കഴിഞ്ഞതവണത്തെ ചർച്ചയുടെ ഫലമായിട്ട് ചെയർമാൻ ആയിട്ട് മന്ത്രിയല്ലാത്ത ഒരാളെ നിയമിക്കുന്നതുസംബന്ധിച്ച് അംഗീകരിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. പക്ഷേ അതുകൊണ്ടുമാത്രം ഈ അതോറിറ്റിയുടെ സ്വഭാവം മന്ത്രിയുടേയോ മന്ത്രിയുമായി ബന്ധപ്പെട്ടവരുടേയോ താൽപ്പര്യത്തിൽനിന്ന് വിമുക്തമാക്കാൻ കഴിയാതെ വരും. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി മൂവ് ചെയ്യുന്നത്. മന്ത്രി ചെയർമാനാകരുത് പാടില്ലെന്ന ഉദ്ദേശത്തോടുകൂടി നമ്മൾ ഈ നിയമം പാസ്സാക്കുമ്പോൾ മന്ത്രിയോടു മാത്രമുള്ള ഒരു എതിർപ്പോ വിരോധമോ അല്ല ഇതിനകത്തുള്ളത്. ഈ നിയമസഭയിലെ ഒരു മെമ്പറും ഈ അതോറിറ്റിയുടെ ചെയർമാനായിക്കൂടായെന്നുതന്നെയാണ് ഈ സഭയുടെ അഭിപ്രായം. കഴിഞ്ഞ ചർച്ചയിൽ പൊന്തിവന്നിട്ടുള്ളതും അതുതന്നെയാണ്. സർ, ഏതെങ്കിലും മന്ത്രിക്ക് ഇതിന്റെ ചെയർമാനാകാൻ കഴിയാത്ത സ്ഥിതിയിൽ മറ്റ് ഏതെങ്കിലും ഭരണകക്ഷിയിലുള്ള നേതാക്കൻമാർക്ക് അതായത് ഇപ്പോഴത്തെ ഭരണകക്ഷിയായാലും നാളെ ഭരണകക്ഷിയായി വരാനുള്ളവരായാലും ആ ഭരണ കക്ഷിയിലെ മെമ്പർമാർ സമ്മർദ്ദം ചെലുത്തിയിട്ട് നിയമസഭാസാമാജികനായ മറെറാരാളെ അതോറിട്ടിയുടെ ചെയർമാനാക്കി നിയമിക്കുന്നതിന് നിയമതടസ്സമില്ലായെന്നു ചൂണ്ടിക്കാണിച്ചുകൊണ്ട് അങ്ങനെ ഒരു നിയമസഭാ സാമാജികനെ ചെയർമാനാക്കണമെന്ന ആവശ്യം ഉന്നയിക്കാവുന്നതാണ്. രാഷ്ട്രീയ സമ്മർദ്ദം വരുമ്പോൾ പലപ്പോഴും അതിനു വഴങ്ങിക്കൊടുക്കാവുന്ന സാഹചര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യാവുന്നതാണ്. അതുകൊണ്ടാണ് ഇത്തരം ഒരു പ്രൊവൈസോ വേണമെന്ന് ഞാൻ പ്രത്യേകമായി ഇവിടെ നിർദ്ദേശിച്ചിരിക്കുന്നത്. ഈ പ്രൊവൈസോ വയ്ക്കുന്നതുകൊണ്ട് യാതൊരു ദുർവ്യാഖ്യാനമോ, വ്യാഖ്യാനമോ ഉണ്ടാകാൻ ഇടയി

LIBRARY ARCHIVES Kerala Legislative Assembly

ല്ലാത്ത വിധത്തിൽ, മന്ത്രി മാത്രമല്ല നിയമസഭാസാമാജികനും ഇത്രയും ഒരു അതോറിറ്റിയുടെ ചെയർമാനായിക്കൂടായെന്നു വ്യക്തമാക്കാൻ കഴിയുമെന്നുള്ളതുകൊണ്ടാണ് അങ്ങനെ ഒരു ഭേദഗതി അവതരിപ്പിച്ചിരിക്കുന്നത്.

മറെറാരു ഭേദഗതി ലോക്കൽ ബോഡീസിന്റെ പ്രതിനിധികളെ നിശ്ചയിക്കുന്നതു സംബന്ധിച്ചാണ്.

ലോക്കൽ ബോഡീസിന്റെ പ്രതിനിധി ഒരു ആളായിരുന്നത് രണ്ട് ആളാകാമെന്ന ഭേദഗതി ബഹുമാന്യനായ മന്ത്രി ഇപ്പോൾ കൊണ്ടു വന്നിട്ടുണ്ട്. ഇവിടെ പ്രസക്തമായ ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. നമ്മുടെ ലോക്കൽ ബോഡീസിൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിങ്ങനെ മൂന്നു കാറ്റഗറികളാണുള്ളത്. അവിടെയെല്ലാം വാട്ടർസപ്ലൈയുടേയും മറ്റു പല സ്കീമുകളുടേയും ഏർപ്പാടുകൾ വ്യത്യസ്തമാണ്. ആ നിലയ്ക്ക് രണ്ട് ആളെ തിരഞ്ഞെടുക്കുക ഒരു ബുദ്ധിമുട്ടുള്ള കാര്യമാണ്. നേരേ മറിച്ച് മൂന്ന് ആളാണെങ്കിൽ പഞ്ചായത്തിൽ നിന്ന് ഒരാൾ, മുനിസിപ്പാലിറ്റിയിൽ നിന്ന് ഒരാൾ, കോർപ്പറേഷനിൽ നിന്ന് ഒരാൾ. അങ്ങനെ തിരഞ്ഞെടുക്കാൻ പറ്റും. മുനിസിപ്പാലിറ്റിയിൽ നിന്നും, കോർപ്പറേഷനിൽ നിന്നും ഒരാളെ തിരഞ്ഞെടുക്കാൻ ശ്രമിച്ചാൽ പലപ്പോഴും കൂടുതൽ എണ്ണമുള്ളത് മുനിസിപ്പാലിറ്റികളായതുകൊണ്ട് കോർപ്പറേഷന്റെ പ്രാതിനിധ്യം ഇല്ലാതെപോകാൻ ഇടയുണ്ട്. അതുകൊണ്ട് രണ്ട് പ്രതിനിധികൾ എന്നുള്ളത് മൂന്നാക്കുകയാണെങ്കിൽ പ്രായോഗികമായി എല്ലാ താല്പര്യങ്ങളും സംരക്ഷിക്കാൻ കഴിയും. അതിന് ഞാനിവിടെ കൊടുത്തിരിക്കുന്ന പ്രൊവൈസോ എന്താണെന്നുവച്ചാൽ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തിലോ, മുനിസിപ്പാലിറ്റിയിലോ, കോർപ്പറേഷനിലോ മെമ്പർമാർ ഇല്ലാത്ത സന്ദർഭത്തിൽ അങ്ങനെ ഏതെങ്കിലുമൊരു പ്രാദേശിക സ്വയംഭരണ സ്ഥാപനത്തിലെ അംഗമായിരുന്ന ഒരാളെ നോമിനേറ്റ് ചെയ്യാമെന്ന ഒരു വ്യവസ്ഥയുണ്ട്. അതോടൊപ്പം വേറൊരു വ്യവസ്ഥ പറഞ്ഞിരിക്കുന്നത് തിരഞ്ഞെടുക്കപ്പെട്ട ഒരു അംഗം അദ്ദേഹത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട കാലാവധി കഴിഞ്ഞ് പഞ്ചായത്തിൽ നിന്നോ, കോർപ്പറേഷനിൽ നിന്നോ, മുനിസിപ്പാലിറ്റിയിൽനിന്നോ പുറത്തു പോകുകയാണെങ്കിൽ സ്വാഭാവികമായും അദ്ദേഹത്തിന്റെ ഡയറക്ടർ ബോർഡ് മെമ്പർ സ്ഥാനം നഷ്ടപ്പെടുമെന്നു പറഞ്ഞു. എന്നാൽ തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരില്ലാത്ത പശ്ചാത്തലത്തിൽ ഒരു മെമ്പർ നോമിനേറ്റ് ചെയ്യപ്പെട്ടാൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തോ മുനിസിപ്പാലിറ്റിയോ, കോർപ്പറേഷനോ അധികാരത്തിൽ വന്നു കഴിഞ്ഞാൽ ആ സമയത്ത് നോമിനേറ്റ് ചെയ്ത മെമ്പറുടെ കാലാവധി നഷ്ടപ്പെടുമെന്ന് ഇതിനകത്ത് വ്യവസ്ഥ ഇല്ല. അപ്പോൾ തിരഞ്ഞെടുക്കപ്പെടുന്ന ആളുകൾ തിരഞ്ഞെടുക്കപ്പെട്ടുവന്നുകഴിഞ്ഞതിനുശേഷം തിരഞ്ഞെടുക്കപ്പെടാത്ത നോമിനേറ്റ് ചെയ്യപ്പെട്ട ഒരു മെമ്പർ ഈ ബോർഡിൽ ഉണ്ടായിരിക്കുന്ന അവസ്ഥ ഒരു വലിയ അനോമലി ആയിരിക്കും. അതുകൊണ്ട് തിരഞ്ഞെടുക്കപ്പെട്ട മെമ്പറുടെ കാലാവധി തിരഞ്ഞെടുക്കപ്പെട്ട പീരിയേഡ് കഴിഞ്ഞ് സഭ പുറത്തുപോകുമ്പോൾ ആട്ടോമാറ്റിക്കായിട്ട് നഷ്ടപ്പെടുന്നതുപോലെതന്നെ തിരഞ്ഞെടുക്കപ്പെടുന്നതിനുമുമ്പ് നോമിനേറ്റ് ചെയ്യപ്പെട്ട മെമ്പർമാരുടെ കാലാവധി തിരഞ്ഞെടുക്കപ്പെട്ട അംഗം ചാർജ് എടുക്കുന്ന ദിവസം മുതൽ ആട്ടോമാറ്റിക്കായിട്ട് നഷ്ടപ്പെടുന്ന ഒരു ഭേദഗതിയാണ് ഞാൻ അവതരിപ്പിച്ചിരിക്കുന്നത്. അത് വളരെ പ്രസക്തമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അത് സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുകയാണ്:

(1) 4ാം വകുപ്പിൽ (എ) ഉപവകുപ്പ് താഴെ പറയുന്ന പ്രകാരം തിരുത്തി എഴുതുക.
"(എ) പൊതുജനാരോഗ്യ എഞ്ചിനീയറിംഗ് വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയല്ലാത്ത ഒരാൾ ഇതിന്റെ ചെയർമാനായിരിക്കും. ഇദ്ദേഹം സാങ്കേതിക പരിജ്ഞാനം ഈ വകുപ്പിൽ നേടിയിരിക്കണം."

(2) 4ാം വകുപ്പിൽ (ജി) ഉപവകുപ്പിനുശേഷം താഴെ പറയുന്ന (ജി ജി) എന്ന ഉപവകുപ്പ് ചേർക്കുക.
"(ജി ജി) കേരള നിയമസഭയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ടംഗം."

എന്റെ ഒന്നാമത്തെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത് എന്തെങ്കിലും ഡിസ്പ്യൂട്ട് ഇതുസംബന്ധിച്ച് ഉണ്ടായിക്കഴിഞ്ഞാൽ മന്ത്രി തന്നെ ചെയർമാനായിരുന്നാൽ വീണ്ടും ഒരു അപ്പീൽ പോകണമെങ്കിലോ ഏതെങ്കിലും രീതിയിൽ ഒരു തിരുമാനം ഉണ്ടാകണമെങ്കിലോ ഈ മന്ത്രി തന്നെ വീണ്ടും കേൾക്കേണ്ടായെന്ന ഒരു സ്ഥിതിയിലേക്കു വരും; അതുകൊണ്ട് പൊതുജനാരോഗ്യ വകുപ്പിന്റെ മന്ത്രിയല്ലാത്ത ഒരാൾ ചെയർമാനായിരുന്നാൽ എന്തെങ്കിലും ഡിസ്പ്യൂട്ട് വന്നാൽ മന്ത്രിക്ക് അതു കേൾക്കാൻ ഒരവസരമുണ്ടാകും. അല്ലെങ്കിൽ പിന്നെ ഇതിന് അർത്ഥമില്ല. ഇവിടെ കേട്ടു തീരുമാനിച്ചിട്ട് വീണ്ടും കേൾക്കാനുള്ള ഒരവസരം ഗവൺമെന്റുഭാഗത്തുനിന്നും ഉണ്ടാകും.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ആ അമൻറ്മെന്റ് സ്വീകരിച്ചു കഴിഞ്ഞതാണ്. ഇനിയിപ്പോൾ അതു പറഞ്ഞിട്ട് കാര്യമില്ലല്ലോ.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ആ ആം ഈ വകുപ്പിൽ സാങ്കേതികമായ പരിജ്ഞാനമുള്ള ആളായിരിക്കണം എന്നു കൂടി ഞാൻ അവതരിപ്പിച്ച ഭേദഗതിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. പല ആളുകളേയും നോമിനേറ്റ് ചെയ്യുന്നുണ്ട്. നിയമസഭയ്ക്ക് അതിനകത്തൊരു പങ്കുവേണം. തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് എം. എൽ. എ മാർ ഈ ബോർഡിൽ അംഗങ്ങളായിരിക്കണം. അങ്ങനെ നിയമസഭയുടെ പാർട്ടിസിപ്പേഷൻ ഈ ബോർഡിനുണ്ടായിരിക്കണമെന്നുള്ള മറ്റൊരു ഭേദഗതിയാണ് ഞാനവതരിപ്പിച്ചിട്ടുള്ളത്.

Shri. Kodiyeri Balakrishnan: Sir, I move the following amendments

(1) In clause 4 for sub-clause (a) substitute the following namely:—

"(a) a person, other than a Minister or MLA appointed by the Government shall be the Chairman".

(2) In clause 4 sub-clause (b) after the words "Managing Director who possesses" add the words "Technical qualification in PHED"

LIBRARY ARCHIVES Kerala Legislative Assembly

(3) In clause 4 for sub-clause (g) substitute the following namely:—

"(g) the President of Chairman's Chamber of Kerala Municipalities and the President of Kerala Panchayat President's Association in the State shall be the members of the Authority.

ഇവിടെ ചെയർമാനായി ഗവൺമെൻറ് അപ്പോയിൻറ് ചെയ്യുന്ന ഒരാൾ എന്ന തരത്തിൽ മന്ത്രി ഭേദഗതി വരുത്തിയിട്ടുണ്ട്. അത് അവ്യക്തമാണ്. കേരളത്തിലെ ഇന്നത്തെ സ്ഥിതിയനുസരിച്ച് മന്ത്രിയല്ലാത്ത ഏതൊരാളിനേയും ആക്കണമെന്ന് ആദ്യം ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഞങ്ങളും പറഞ്ഞിരുന്നു. അത് നമ്മുടെ സംസ്ഥാനത്ത് മന്ത്രിയാകാൻ ആഗ്രഹിക്കുന്ന അല്ലെങ്കിൽ അങ്ങനെയാകാൻ കഴിയാത്ത എം.എൽ.എ. മാരെ പ്രതിഷ്ഠിക്കാനുള്ള ഒരു പോസ്റ്റായിട്ട് മാറാൻ പോകുകയാണ്. ഖാദി ബോർഡിന്റെ വൈസ്ചെയർമാനായിട്ട് ശ്രീ. മുസ്തഫയെ നിശ്ചയിച്ചപ്പോഴും ഇവിടെ ഒരു ബില്ല് കൊണ്ടു വരേണ്ടിവന്നു. അതുപോലെ മന്ത്രിസ്ഥാനത്തിനുവേണ്ടി കടിപിടി കൂടുന്നവർക്കുവേണ്ടി മാറ്റി വെയ്ക്കാവുന്ന ഒരു സ്ഥാനമായി ഇതിനെ മാറ്റാം. അതു ഗവൺമെൻറ് അപ്പോയിൻറ് ചെയ്യുന്നു എന്നു അവ്യക്തമായി പറയുകമാത്രമല്ല, മന്ത്രിമാരോ എം. എൽ. എ. മാരോ ആകരുതെന്ന ഭേദഗതിയാണ് ഞാൻ അവതരിപ്പിച്ചിട്ടുള്ളത്.

എന്റെ രണ്ടാമത്തെ ഭേദഗതി മാനേജിംഗ് ഡയറക്ടറുടെ കാലിഫിക്കേഷനെക്കുറിച്ചു പറയുന്ന ഭാഗം മന്ത്രിയുടെ വാക്കാലുള്ള ഭേദഗതി വന്നതുകൊണ്ട് ഞാൻ പിൻവലിക്കാൻ തയ്യാറാണ്.

എന്റെ മൂന്നാമത്തെ ഭേദഗതി, മന്ത്രി നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ചു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2 പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതു ആരാണെന്നു വ്യക്തമല്ല. നോമിനേറ്റ് ചെയ്യുമെന്നാണ് മന്ത്രി പറഞ്ഞത്. ഏതെങ്കിലും ഒരു കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മെമ്പറായിട്ട് 2 ആളുകളെയായിരിക്കും ഇങ്ങനെ നോമിനേറ്റ് ചെയ്യുന്നത്. അതുകൊണ്ട് അത് സ്പെസിഫൈ ചെയ്യണം. പഞ്ചായത്തു പ്രസിഡൻറുമാരുടെ അസോസിയേഷന്റെ പ്രസിഡൻറിനേയും മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പറിന്റെ പ്രസിഡൻറിനേയും ഇലക്റ്റ് ചെയ്യപ്പെടുന്നവരാണ്. അതാണെങ്കിൽ പഞ്ചായത്തു പ്രസിഡൻറുമാരില്ലെങ്കിലും പ്രസിഡൻറുമാരുടെ അസോസിയേഷൻ പ്രവർത്തിക്കുന്നുണ്ട്. രേണ ഘടനയനുസരിച്ച് ആ പഞ്ചായത്തു പ്രസിഡൻറുമാരുടെ അസോസിയേഷന്റെ കാലാവധി പുതിയ തിരഞ്ഞെടുപ്പ് കഴിഞ്ഞു പ്രസിഡൻറ് വരുന്നതുവരെയാണ്. ഇന്നത്തെ പ്രത്യേക പരിതഃസ്ഥിതിയിൽ അതിന്റെ പ്രസിഡൻറ് ശ്രീ. വാസുദേവമേനോനാണ്. അദ്ദേഹത്തെ പുതിന്റെ ബോർഡിലേക്ക് എടുക്കുന്നതിൽ വലിയ പ്രയാസമൊന്നും ഇന്നത്തെ ഗവൺമെൻറിന് ഉണ്ടാകുമെന്നു എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് എന്റെ ഭേദഗതി ഈ രണ്ടുപേരെ, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പറിന്റെ പ്രസിഡൻറിനേയും പഞ്ചായത്തു പ്രസിഡൻറുമാരുടെ പ്രസിഡൻറിനേയും ആയിരിക്കണം ഇതിന്റെ പ്രതിനിധികളായി ബോർഡിൽ ഉൾപ്പെടുത്തേണ്ടത് എന്ന ഭേദഗതിയാണ് ഞാൻ അവതരിപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

Shri. K. C. Joseph: Sir, I move the following amendments:—

(1) In clause 4 after sub-clause (a) add the following sub-clause (aa) namely:—

"(aa) a Vice Chairman nominated by the Government who will officiate the duties and functions of the Chairman in his absence or as per his request".

(2) In clause (4) recast sub-clause (b) as follows namely:—

"(b) Managing Director who possesses experience in management and possesses a degree in Public Health Engineering appointed by the Government and of less than fifty five years of age".

ഈ ബില്ലിന്റെ ആദ്യഘട്ടത്തിൽ ചെയർമാൻ മന്ത്രിയായിരിക്കുമെന്നു പറഞ്ഞതുകൊണ്ടാണ് ഞാൻ ആദ്യത്തെ ഭേദഗതി അവതരിപ്പിച്ചത്. പക്ഷേ ഇപ്പോൾ മന്ത്രിയല്ല ചെയർമാൻ. ചെയർമാൻ ഒരു ഫുൾടൈം മെമ്പറായതുകൊണ്ട് ഞാൻ ഈ ഭേദഗതി പ്രസ് ചെയ്യുന്നില്ല. എന്റെ 2-ാം നമ്പർ ഭേദഗതി മന്ത്രി തത്വത്തിൽ അംഗീകരിച്ചതുകൊണ്ട് ഞാൻ അതും പ്രസ് ചെയ്യുന്നില്ല.

Shri. E. Padmanabhan: Sir, I move that in sub-clause (b) of clause 4 after the words "a Managing Director, who" the words "is an official of the State or Central Government not below the rank of a Chief Engineer and who" shall be inserted.

ഈ ഭേദഗതിയിൽ ഒരുഭാഗം മന്ത്രി അംഗീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. ഞാൻ ഇതിൽ പറഞ്ഞിരിക്കുന്നത് ചീഫ് എഞ്ചിനീയറുടെ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനായിരിക്കണം, കേന്ദ്രഗവൺമെന്റിലോ സംസ്ഥാനഗവൺമെന്റിലോ ഉള്ള ഉദ്യോഗസ്ഥൻമാരിൽ ഒരാളായിരിക്കണമെന്നാണ്. ഒന്നാമതായി ഞാൻ ഇതു പറഞ്ഞത് ഒരു സബോർഡിനേറ്റ് ഉദ്യോഗസ്ഥനെ, പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗിൽ പ്രാവീണ്യമുള്ള ഒരാളിനെ മാനേജിംഗ് ഡയറക്ടറായി നിയമിക്കുകയും, വേറൊരു ടെക്നിക്കൽ മെമ്പർ ആവുന്നത് അദ്ദേഹത്തിന്റെ സീനിയറായി ഉയർന്ന റാങ്കുകാരൻ വരാതിരിക്കുകയും ചെയ്യുന്ന ഒരു സാഹചര്യം ഉണ്ടാവും. അതോറിറ്റിയുടെ ആധികാരികത്വം അംഗീകരിക്കപ്പെടില്ല. അത് ഒഴിവാക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ്. മറ്റൊരു ഉദ്ദേശം ഇതിലുള്ളത് ഏരിയാ ഓഫ് ചോയിസാണ്. ഇതിനു നിർബന്ധമായും തൊട്ടടുത്ത ചീഫ് എഞ്ചിനീയർ തന്നെ വന്നുകൊള്ളണമെന്നൊന്നുമില്ല. ഇൻഡ്യാ ഗവൺമെന്റിന്റെ കീഴിൽ എവിടെയെങ്കിലുമുള്ള ഒരു ചീഫ് എഞ്ചിനീയറുടെ സ്റ്റാറ്റസിൽ കുറയാത്ത ആളിനെ നോമിനേറ്റ് ചെയ്തത് ഈ പോസ്റ്റിൽ അപ്പോയിന്റ് ചെയ്യാനുള്ള wider area of choice ഉണ്ടാക്കണം എന്ന ഉദ്ദേശത്തോടുകൂടിയാണ് ചീഫ് എഞ്ചിനീയറുടെ സ്റ്റാറ്റസിൽ കുറയാത്ത കേന്ദ്ര ഗവൺമെന്റിലോ സ്റ്റേറ്റ് ഗവൺമെന്റിലോ ഉള്ള ഒരു ഉദ്യോഗസ്ഥനായിരിക്കണമെന്ന് പറയുവാനുണ്ടായ കാരണം. ഇത് അംഗീകരിക്കപ്പെടണമെന്നാണ് എന്റെ അപേക്ഷ.

Shri. A. K. Padmanabhan: Sir I move that in clause 4 after sub-clause (i) add the following as sub-clause (j) namely:—

"(j) The Chief Engineer in charge of Irrigation".

ജലസേചനത്തിന്റെ ചാർജ്ജ് വഹിക്കുന്ന ചീഫ് എഞ്ചിനീയർ ഈ ബോഡിന്റെ അംഗമായിരിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. നമ്മുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട ശുദ്ധജലവിതരണ പദ്ധതികളും എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനപദ്ധതികളുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഇതു നിൽക്കുന്നത്. അതുകൊണ്ടുതന്നെ റിസർവോയറിൽ നിന്നു വെള്ളം ശേഖരിക്കുന്ന കാര്യത്തിലും പുഴയിൽ നിന്നു വെള്ളമെടുക്കുന്ന കാര്യത്തിലുമൊക്കെ ധാരാളം പ്രശ്നങ്ങളുണ്ടാകാറുണ്ട്. കോഴിക്കോട് ജില്ലയിലാരംഭിക്കുന്ന 2 ശുദ്ധജലവിതരണ പദ്ധതികളും കുറ്റ്യാടി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ടാണ് ആരംഭിക്കുന്നത്. അവിടെനിന്ന് പൂർണ്ണമായി വെള്ളം കിട്ടുമോയെന്നുള്ള കാര്യത്തിൽ തർക്കം നിലനിൽക്കുന്നതുകൊണ്ടായിരിക്കാം ആ പദ്ധതി ഇന്നും പൂർണ്ണമായി നടപ്പാക്കാൻ കഴിയാത്തത്. അതുകൊണ്ട് ഇത്തരം കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ ഇറിഗേഷന്റെ ചാർജ്ജുള്ള ചീഫ് എഞ്ചിനീയർ ബോർഡിൽ അംഗമായിരിക്കണമെന്നാണ് എന്റെ ഭേദഗതി.

Smt. Bhargavi Thankappan: Sir, I move the following amendments:—

(1) In clause 4 sub-clause (a) the words "the Minister in charge of Public Health Engineering Department or" appearing at the beginning and the word "other" appearing in between the words "any" and "person" shall be deleted.

(2) In clause 4, after sub-clause (h) add the following as sub-clause (i) namely:—

"(i) a female member nominated by the Government"

വകുപ്പുമന്ത്രിക്ക് പകരമായി ചെയർമാനായി ഗവൺമെന്റ് നിയമിക്കുന്ന ആരെങ്കിലും ആയിരിക്കണമെന്നുള്ളതാണ് ആ ഭേദഗതി. അതു ഞാൻ അംഗീകരിക്കുന്നു. അതുകൊണ്ട് ഞാൻ അതു പ്രസ്സ് ചെയ്യുന്നില്ല. പക്ഷേ എനിക്ക് അതിനെക്കുറിച്ച് സംസാരിക്കാനുണ്ട്. ഈ അതോറിറ്റിയുടെ ചെയർമാൻ മന്ത്രിയായിരിക്കരുത്, മറ്റാരെങ്കിലുമായിരിക്കണമെന്നുള്ള ഭേദഗതി ഞാൻ അംഗീകരിക്കുന്നു. മന്ത്രിമാർക്ക് വേറെ ധാരാളം ജോലിയുണ്ട്. അതുകൊണ്ട് ഇത്തരം അതോറിറ്റികളോ മറ്റ് ബോഡികളോ രൂപീകരിക്കുമ്പോഴും മന്ത്രിമാരെ ചെയർമാൻമാരാക്കിവയ്ക്കുന്ന ദുരവസ്ഥ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകരുത്. അതുപോലെതന്നെ ജോലിയില്ലാതെ നിൽക്കുന്നവർക്ക് ജോലി കൊടുക്കുവാനുള്ളതാകരുത് ചെയർമാൻ സ്ഥാനം. രാഷ്ട്രീയമായോ അല്ലാതെയോ അധികാരസ്ഥാനത്തിനുവേണ്ടി കടിപിടി കൂടുമ്പോഴും അവർക്ക് ജോലിയുണ്ടാക്കിക്കൊടുക്കാനുള്ള ഒരു പോസ്റ്റാക്കി ഇതു മാറ്റരുത്. കാര്യവിവരമുള്ളവരെ വേണം ചെയർമാനാക്കി നിയമിക്കേണ്ടത്.

അടുത്ത ഭേദഗതി ക്ലാസ് 4—ൽ സബ് ക്ലാസ് (എച്ച്) ഐറാം നമ്പർ ന്നായി "(i) a female member nominated by the Government" ചേർക്കണമെന്നാണ്. വെള്ളം വിതരണം ചെയ്യുന്ന ഒരു അതോറിറ്റിയാണ് ഇത്. കൂടുതലായും സ്ത്രീകൾക്കാണ് അതിനെ സംബന്ധിച്ച് അറിയാൻ കഴിയുന്നത്. ഇന്ന് വിദ്യാഭ്യാസരംഗത്തു കൂടുതലായി റാങ്ക് വാങ്ങിച്ച് വിജയിച്ചു വരുന്നത് സ്ത്രീകളാണ്. അതുകൊണ്ട് ഒരു സ്ത്രീയെക്കൂടി മറ്റ് പലരേയും അപ്പോയിന്റ് ചെയ്യുന്നതിനൊപ്പംതന്നെ നിയമിക്കണമെന്നാണ് എന്റെ ഭേദഗതി.

Shri. V. S. Chandrasekharan Pillai: Sir, I move that in clause 4 sub-clause (b) after the words "a Managing Director, who possesses" add the words "technical qualification".

LIBRARY ARCHIVES Kerala Legislative Assembly

സർ, ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ഓറലായിട്ട് ഒരു ഭേഗതി ഇവിടെ നിർദ്ദേശിച്ചു. അദ്ദേഹത്തിന് ആദ്യം ഉണ്ടായിരുന്ന അഭിപ്രായം മാറിയത് വളരെ നല്ല കാര്യമാണ്. വളരെ ഭരണപരിചയവും പഴക്കവുമുള്ള ആളുകളെ മാത്രമേ നിയമിക്കാവൂ എന്ന ഭേഗതിയാണ്. സാങ്കേതികവിജ്ഞാനമുള്ള ഒരാൾകൂടിയായിരിക്കണം എന്നാണ് ഞാൻ അവതരിപ്പിച്ചത്. ഇപ്പോൾ മന്ത്രി നിർദ്ദേശിച്ചത് not below the rank of Chief Engineer എന്നാണ്. ചീഫ് എഞ്ചിനീയറുടെ റാങ്കിൽ വന്നു എന്നുള്ളതുകൊണ്ടു മാത്രം സാങ്കേതിക പരിജ്ഞാനവും ഭരണപരമായ പ്രാവീണ്യവും പഴക്കവുമുണ്ടെന്നു തീർത്തുപറയാൻ നിർവ്വാഹമില്ല. എന്തായാലും ചീഫ് എഞ്ചിനീയർ എന്നു ഇവിടെ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പി. എച്ച്. ഇ. ഡി. വകുപ്പിൽ കഴിഞ്ഞ കുറെക്കാലമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എഞ്ചിനീയറുടെ പ്രശ്നം കൂടി ഇതിൽ പരിഗണിക്കുമെന്നുള്ളത് ഒരു നല്ലകാര്യമാണ്. മറ്റുള്ള വകുപ്പുകളിൽ നിന്നു വ്യത്യസ്തമായ നിലയിൽ ധാരാളം സാങ്കേതിക വിജ്ഞാനമുള്ള ആളുകൾക്കുമാത്രമേ ഈ പ്രശ്നങ്ങൾ സമർത്ഥമായും ഫലപ്രദമായും കൈകാര്യം ചെയ്യാൻ കഴിയുകയുള്ളൂ. മാത്രമല്ല വേൾഡ് ബാങ്ക്, വിദേശ ഏജൻസികൾ തുടങ്ങിയവയിൽ നിന്നും കോടിക്കണക്കിന് രൂപ ലഭിക്കുന്നതാണ്. അതോടൊപ്പംതന്നെ അവരുടെ നിർദ്ദേശാനുസരണം ഇതിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകണം. ഈ സാഹചര്യത്തിലാണ് കർശനമായും ചീഫ് എഞ്ചിനീയറുടെ ഗ്രെയ്ഡിലോ അതിനു മുകളിലോ ഉള്ള സാങ്കേതിക വിജ്ഞാനമുള്ള ആളുകളെ നിയമിക്കണമെന്നു നിർദ്ദേശിച്ചിട്ടുള്ളത്. സാങ്കേതിക വിജ്ഞാനവും ഭരണപരിചയവും പഴക്കവുമുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർക്കു മുകളിലുള്ള തസ്തികയിൽപ്പെട്ട ആരെയെങ്കിലും നിർദ്ദേശിക്കുന്നതിൽ അപാകതയില്ല. ഭരണപരിചയവും മാനേജുമെന്റും എന്നൊക്കെ പറയുന്നത് വളരെ നിസ്സാരമാണ്. ഇവിടെ ഒരു ഹോട്ടൽ നടത്തുന്ന ആളുകൾക്കും ഭരണപരിചയവും സാമ്പത്തികമായ മാനേജുമെന്റും പഴക്കവും തഴക്കവുമൊക്കെയുണ്ട്.

ശ്രീ. കെ. എം. മാണി: ഞാൻ അവതരിപ്പിച്ച അമെൻറുമെന്റിൽ അതിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. Having sufficient experience in management and administration അതുള്ള ഒരു കാളിഫൈഡ് എഞ്ചിനീയറെ ആണ് സ്വീകരിക്കാമെന്ന് പറഞ്ഞിട്ടുള്ളത്.

5 p.m.]

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: അതുകൊണ്ടാണ് ഞാൻ പറഞ്ഞത് not below the rank of a Chief Engineer.....എന്ന നിലയിൽ ശാഠ്യം പിടിക്കേണ്ടതില്ല എന്ന്.

ശ്രീ. എ. സി. ഷൺമുഖദാസ്: ഇത്തരം സ്ഥാപനങ്ങൾക്ക് വേണമെങ്കിൽ അവരെ തടയാൻ എളുപ്പമാണ്. കാരണം ഈ പറയുന്ന കാളിഫിക്കേഷൻ ഉണ്ടാവില്ല എന്ന് പറഞ്ഞു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: അതുകൊണ്ട് മറിച്ച് ഭൂരിഭേദമാണെങ്കിൽ പോലും മറ്റുചില ചീഫ് എഞ്ചിനീയർമാരെ നോട്ടമുണ്ടോ എന്ന് സംശയമുണ്ട്. അതുകൊണ്ടാണ് ഞാനിത് പറഞ്ഞത്. അതുകൊണ്ട് ചീഫ് എഞ്ചിനീയർമാരിൽ താഴെ പഴക്കവും തഴക്കവും, സാങ്കേതിക വിജ്ഞാനവുമുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് മുകളിൽ ഉള്ള ആളുകളെ ഈ തസ്തികയിൽ നിയമിക്കുന്നതുകൊണ്ട് യാതൊരു തെറ്റുമില്ല.

മി. സ്പീക്കർ: മന്ത്രിയുടെ ഭേഗതിയെക്കുറിച്ച് സംസാരിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: ഒരു വാക്ക് പറയാനുണ്ട്. അതായത് ബഹുമാനപ്പെട്ട ചന്ദ്രശേഖരക്കുറുപ്പ് പറഞ്ഞതുപോലെ ആണെങ്കിൽ വളരെ എക്സ്പെർട്ട് ആയിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുണ്ട്. പക്ഷേ ഇവരെ നിയമിക്കുവാൻ സാധിക്കുകയില്ല. അത് ഒരു സ്റ്റാൻഡാണ്. അതുകൊണ്ടാണ് not below the rank of a Chief Engineer-അയാൾ കാളിഫൈഡായിരിക്കണം. പരിചയം വേണം. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞതിനെക്കുറിച്ച് ഒരു കാര്യം പറഞ്ഞു കൊള്ളട്ടെ. അദ്ദേഹം പറഞ്ഞത്, ഈ നോൺ ഒഫീഷ്യൽ ചെയർമാൻ ഒഫീഷ്യൽ ആകണം. ചീഫ് സെക്രട്ടറിയോ അഡീഷണൽ ചീഫ് സെക്രട്ടറിയോ ആകണം എന്നാണ്. ഞാൻ ഒരു കാര്യം, ഒരു മദ്ധ്യമാർഗ്ഗം സ്വീകരിക്കുകയാണ്. ഒരു നോൺ ഒഫീഷ്യലിനെ വച്ചേ തീരൂ എന്നൊന്നുമില്ല. ഫോഷ്യലിനെ വേണമെങ്കിലാകാം. ചന്ദ്രശേഖരന് ഉറപ്പ് നൽകുകയാണ്. ഞാൻ ചെയർമാനായിട്ട് നിയമിക്കാൻ ഉദ്ദേശിക്കുന്നത് നോൺ ഒഫീഷ്യൽ അല്ല, ഒഫീഷ്യലിനെ ആയിരിക്കും ചെയർമാനായി നിയമിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് പറഞ്ഞുകൊള്ളട്ടെ. ഏതെങ്കിലും ഒരു കാലഘട്ടത്തിൽ വളരെ എക്സ്പെർട്ടായിട്ടുള്ള ഒരു ഉദ്യോഗസ്ഥനെ വേണമെന്നുണ്ടെങ്കിൽ, സർക്കാരിന് അത് ചെയ്യാനുള്ള ഒരു അവകാശം ബില്ലിനകത്ത് ഉണ്ടായിരിക്കണം. ഇത് ഒരു നിയമ നിർമ്മാണമാണ്. ഞാൻ ഏതായാലും ചെയർമാനായിട്ട് അപ്പോയിന്റ് ചെയ്യാൻ ഉദ്ദേശിക്കുന്നത് ഒഫീഷ്യലിനെ ആയിരിക്കും എന്ന് സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഒരു കാര്യം കൂടി പറയാം. ഇവിടെ പ്രായത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട കാനം രാജേന്ദ്രൻ പറഞ്ഞു. 52 വയസ്സിന് താഴെ പ്രായമുള്ള ആളിനെ വയ്ക്കണമെന്ന്. കാരണം 55-ൽ റിട്ടയർ ചെയ്യണം. ചില സമയം ഐ. എ. എസ്. ഓഫീസറെ നിയമിക്കണമെന്ന് വിചാരിക്കുകയാണ്. ഇത് അപ്പോഴും തീർച്ചയായും മാറുമെന്ന് പറയാം. ഒരു ഐ. എ. എസ്. ഓഫീസറുടെ റിട്ടയർമെന്റ് ഏജ് 58 വയസ്സാണ്. ഒരു ഐ. എ. എസ്. ഓഫീസർ മാനേജിംഗ് ഡയറക്ടറായി വരണമെന്ന് ഗവൺമെന്റിനു തോന്നുകയാണെന്നുണ്ടെങ്കിൽ, അങ്ങനെയുള്ള കണ്ടിജൻസിയിൽ അങ്ങനെയുള്ള ആളുകളെ നിയമിക്കണമെന്നുണ്ടെങ്കിൽ അതിന് ഉപകരിക്കുന്നതിനാണ് ഈ 55 വയസ്സ് ഇട്ടിരിക്കുന്നത്. അപ്പോയിന്റ് ചെയ്യുമ്പോഴും ഈ 55 വയസ്സ് എന്നുള്ളത് ഒരിക്കലും 55 വയസ്സിനു മുകളിൽ വരാനും പാടില്ല.

നിയമവും ജലസേചനവും വകുപ്പു മന്ത്രി, ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. എം. മാണി: ക്ലാസ് 4-നുള്ള എന്റെ ഓറൽ അമെൻഡ്മെന്റ് In clause 4 (b) substitute the following:—(b) A Managing Director who possesses experience in management and administration or who is a qualified engineer not below the rank of a Chief Engineer having sufficient experience in management and administration in water supply and sewerage works appointed by the Government....." എന്നുള്ളതാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: വയസ്സ് 55 എന്നുള്ളത് അതിൽ തന്നെ നിൽക്കുന്നുണ്ടോ?

ശ്രീ. കെ. എം. മാണി: അതെ. പ്രൊവിസോ അങ്ങനെ തന്നെ നിൽക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജലസേചനവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ഓറൽ അമെൻറുമെൻറ് സഭ വോട്ടിനിട്ട് അംഗീകരിച്ചു.

മി. സ്പീക്കർ: ശ്രീ. കാനം രാജേന്ദ്രൻ, അങ്ങയുടെ 5-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കാനം രാജേന്ദ്രൻ: പ്രസ് ചെയ്യുന്നു. പോയം ഡിമാൻറു ചെയ്യുന്നു.

(താഴെ പറയും പ്രകാരം സഭ വേർതിരിഞ്ഞ് വോട്ടു രേഖപ്പെടുത്തി)

Ayes—35

1. ശ്രീ. ടി. കെ. അബ്ദു
2. ,, കെ. പി. അരവിന്ദാക്ഷൻ
3. ,, ടി. കെ. ആറുമുഖൻ
4. ,, ബേബിജോൺ
5. ,, കോടിയേരി ബാലകൃഷ്ണൻ
6. ശ്രീ. ഒ. രേതൻ
7. ശ്രീമതി ഭാർഗ്ഗവിതങ്കപ്പൻ
8. ശ്രീ. കെ. ചന്ദ്രശേഖരൻ
9. ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
10. ,, എസ്. ഗോവിന്ദക്കുറുപ്പ്
11. ,, കെ. ഇ. ഇസ്മയിൽ
12. ,, വി. സി. കബീർ
13. ,, കെ. ടി. കണാരൻ
14. ,, എം. കെ. കേശവൻ
15. ,, വി. കേശവൻ
16. ,, സി. ടി. കൃഷ്ണൻ
17. ,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
18. ,, കെ. ടി. കുമാരൻ
19. ,, പി. വി. കുഞ്ഞിക്കണ്ണൻ
20. ,, ലോനപ്പൻ നമ്പാടൻ
21. ,, കെ. മൂസ്സക്കുട്ടി
22. ,, എ. കെ. പത്മനാഭൻ
23. ,, ഇ. പത്മനാഭൻ
24. ,, കെ. പങ്കജാക്ഷൻ
25. ,, ടി. പി. പീതാംബരൻ മാസ്റ്റർ
26. ,, കെ. പി. പ്രഭാകരൻ
27. ,, വർക്കല രാധാകൃഷ്ണൻ
28. ,, കാനം രാജേന്ദ്രൻ
29. ,, കെ. ശങ്കരനാരായണപിള്ള
30. ,, എ. സി. ഷൺമുഖദാസ്
31. ,, എ. വി. താമരാക്ഷൻ
32. ,, സി. കെ. തങ്കപ്പൻ
33. ,, വി. ജെ. തങ്കപ്പൻ
34. ,, എസ്. ആർ. തങ്കരാജ്
35. ,, ജി. വരദൻ

Noes—57

1. ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി
2. ,, ഇ. അഹമ്മദ്

LIBRARY ARCHIVES Kerala Legislative Assembly

3. ശ്രീ. കൊരമ്പയിൽ അഹമ്മദ്ഹാജി
4. ,, സി. ടി. അഹമ്മദ്അലി
5. ,, കെ. അവുക്കാദർകുട്ടിനഹ
6. ,, പി. കെ. കെ. ബാവ
7. ,, ബെന്നിബഹനാൻ
8. ,, പി. ഭാസ്ക്കരൻ
9. ,, വി. ദിനകരൻ
10. ,, കെ. എം. ഹംസക്കുഞ്ഞ്
11. ,, എം. എം. ഹസ്സൻ
12. ,, എ. പി. എം. ഇസ്ഹാക്ക്കുരിക്കൾ
13. ,, ടി. എം. ജേക്കബ്
14. ,, ടി. എസ്. ജോൺ
15. ,, എ. സി. ജോസ്
16. ,, ജോസ്കുറിയാനി
17. ഡോക്ടർ കെ. സി. ജോസഫ്
18. ശ്രീ. കെ. സി. ജോസഫ്
19. ,, പി. ജെ. ജോസഫ്
20. ,, കെ. കെ. നായർ
21. ശ്രീമതി എം. കമലം
22. ശ്രീ. കെ. ജി. ആർ. കർത്താ
23. ,, പി. കെ. കുഞ്ഞാലിക്കുട്ടി
24. ,, മണിമംഗലത്തു കുട്ട്യാലി
25. ,, കെ. പി. എ. മജീദ്
26. ,, കെ. എം. മാണി
27. ,, എം. വി. മാണി
28. ,, കെ. മുഹമ്മദാലി
29. ,, ഇ. ടി. മുഹമ്മദ്ബഷീർ
30. ,, പി. എ. മുഹമ്മദ് കണ്ണ്
31. ,, കെ. എസ്. നാരായണൻ നമ്പൂതിരി
32. ,, കെ. പി. നൂറുദ്ദീൻ
33. ,, ഉമ്മൻ ചാണ്ടി
34. ,, തച്ചടി പ്രഭാകരൻ
35. ,, കെ. രാഘവൻമാസ്റ്റർ
36. ,, രാഘവൻ പൊഴക്കടവിൽ
37. ,, കെ. കെ. രാമചന്ദ്രൻമാസ്റ്റർ
38. ,, കെ. പി. രാമചന്ദ്രൻനായർ
39. ,, എസ്. രാമചന്ദ്രൻ പിള്ള
40. ,, തോമ്പിൽ രാമകൃഷ്ണൻ
41. ,, കെ. പി. രാമൻ
42. ,, വയലാർ രവി
43. ,, പി. സീതിഹാജി
44. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
45. ,, കടവൂർ ശിവദാസൻ
46. ,, എൻ. ശ്രീനിവാസൻ
47. ,, പന്തളം സുധാകരൻ
48. ,, കോട്ടക്കുഴി സുകുമാരൻ
49. ,, സി. എം. സുന്ദരം
50. ,, എൻ. സുന്ദരൻനാടാർ
51. ,, വി. സുരേന്ദ്രൻപിള്ള

LIBRARY ARCHIVES Kerala Legislative Assembly

52. ശ്രീ. പി. പി. തങ്കച്ചൻ
53. ,, സി. എഫ്. തോമസ്
54. ,, കെ. കെ. തോമസ്
55. ,, പി. കെ. വേലായുധൻ
56. ,, ടി. വി. വിജയരാജൻ
57. ,, സ്റ്റീഫൻ പാട്ടുവ

NEUTRALS—Nil

അനുകൂലിച്ചവർ—35
പ്രതികൂലിച്ചവർ—57
നിഷ്പക്ഷത പാലിച്ചവർ—ഒന്നുമില്ല

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച 5-ാം നമ്പർ ഭേദഗതി 35-നെ എതിരെ 57 വോട്ടുകളോടെ സഭ നിരാകരിച്ചതായി പ്രഖ്യാപിച്ചു.

മി. സ്പീക്കർ: ശ്രീ. കെ. ചന്ദ്രശേഖരൻ. അങ്ങയുടെ ഒന്നാമത്തെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, എനിക്കു രണ്ടുവാക്കു പറയാനുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അദ്ദേഹം ഓഫീഷ്യൽസിനെ മാത്രമേ നിശ്ചയിക്കുകയുള്ളൂവെന്ന്. പൂർണ്ണമായും ഞാനതിനോട് യോജിക്കുന്നു. അദ്ദേഹം എന്നിട്ട് പറഞ്ഞു, ഇനിയൊരു ഗവൺമെന്റ് വരുമ്പോഴും ആ ഗവൺമെന്റിനു നല്ലൊരു non official with expertise—നെ വയ്ക്കണമെന്നുണ്ടെങ്കിൽ അങ്ങനെ വയ്ക്കാനുള്ള ഒരു enabling provision കൂടിയുണ്ടാകണം എന്ന്. എനിക്ക് മറുപടിയായിട്ട് പറയാനുള്ളത്, ആ enabling provision—ന്റെ അടിസ്ഥാനത്തിൽ മറ്റൊരു ഗവൺമെന്റിന് A non-official without expertise—A non-official who is a mere party political worker അദ്ദേഹത്തേയും അപ്പോയിന്റ് ചെയ്യാൻ സാധിക്കുമെന്നാണ്. അതുകൊണ്ട് ഞാനതിനെ എതിർക്കുകയാണ്. എന്റെ ഭേദഗതി ഞാൻ പ്രസ് ചെയ്യുകയാണ്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): കാലാകാലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ടു വരുന്ന ഗവൺമെന്റിനെ good conscience—നെ സംബന്ധിച്ചിടത്തോളം ഒരു മതിപ്പും അഭിമാനവും വേണം.....(ബഹളം).....ബ്യൂറോക്രസിയിൽ വിശ്വസിച്ചു കൊണ്ട് ഒരു ഉദ്യോഗസ്ഥനായാലേ പറ്റൂ എന്ന് വിചാരിക്കരുത്.

ശ്രീ. കെ. ചന്ദ്രശേഖരൻ: എന്റെ ഒന്നാം നമ്പർ ഭേദഗതിക്ക് പോലും ആവശ്യപ്പെടുന്നു.

(സഭ താഴെപറയും പ്രകാരം വോട്ടെടുപ്പു നടത്തി)

AYES—34

1. ശ്രീ. ടി. കെ. അബ്ദു
2. ,, കെ. പി. അച്ചുതൻകുട്ടി
3. ,, ടി. കെ. ആറുമുഖൻ
4. ,, ബേബിജോൺ
5. ,, കോടിയേരി ബാലകൃഷ്ണൻ
6. ,, ഒ. തേറൻ
7. ശ്രീമതി ഭാർഗ്ഗവിതങ്കപ്പൻ
8. ശ്രീ. കെ. ചന്ദ്രശേഖരൻ
9. ,, വി. എസ്. ചന്ദ്രശേഖരൻപിള്ള

LIBRARY ARCHIVES Kerala Legislative Assembly

10. ശ്രീമതി കെ. ആർ. ഗൗരി
11. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
12. ,, കെ. ഇ. ഇസ്മായിൽ
13. ,, വി. സി. കബീർ
14. ,, കെ. ടി. കണാരൻ
15. ,, വി. കേശവൻ
16. ,, സി. ടി. കൃഷ്ണൻ
17. ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
18. ,, കെ. ടി. കുമാരൻ
19. ,, പി. വി. കുഞ്ഞിക്കണ്ണൻ
20. ,, ലോനപ്പൻ നമ്പാടൻ
21. ,, കെ. മൂസ്സക്കുട്ടി
22. ,, എ. കെ. പത്മനാഭൻ
23 ,, ഇ. പത്മനാഭൻ
24. ,, കെ. പങ്കജാക്ഷൻ
25. ,, ടി. പി. പീതാംബരൻ മാസ്റ്റർ
26. ,, കെ. പി. പ്രഭാകരൻ
27. ,, വർക്കല രാധാകൃഷ്ണൻ
28. ,, കാനം രാജേന്ദ്രൻ
29. ,, കെ. ശങ്കരനാരായണപിള്ള
ഒരു ബന്ധവുമില്ലാത്ത വിധത്തിലാണ് ഈ അതോറിറ്റി വന്നതിനുശേഷം ഇതുവരെ പി. എച്ച്. ഇ. ഡി. വർക്ക് ചെയ്തിട്ടുള്ളത്. ഈ പോരായ്മ പരിഹരിക്കുന്നതിനുവേണ്ടി ഇതിന്റെ പ്രധാന ഫംഗ്ഷനിൽ ഒന്നായിട്ട് ഈ പറഞ്ഞ വകുപ്പു ചേർക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. കാരണം ഈ വാട്ടർ റിസോഴ്സ് കണ്ടുപിടിക്കുന്നതിനും ഡെവലപ്പ് ചെയ്യുന്നതിനും സമഗ്രമായ ഒരു പദ്ധതി, എവിടെയൊക്കെ വാട്ടർ റിസോഴ്സ് ഉണ്ടോക്കാൻ പറ്റും, അത് എങ്ങനെ ഡെവലപ്പ് ചെയ്യാൻ കഴിയും, അങ്ങനെ ഡവലപ്പ് ചെയ്താൽ എവിടെയെല്ലാം വാട്ടർ സപ്ലൈ സ്കീം ഡെവലപ്പ് ചെയ്യാൻ കഴിയും എന്ന കാര്യത്തെപ്പറ്റി ഈ അതോറിറ്റി സമഗ്രമായ ഒരു പരിശോധന നടത്തിയിട്ട് ഒരു കോംപ്രിഹെൻസീവ് സ്കീം ഉണ്ടാക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. തീർച്ചയായും ഈ അതോറിറ്റിയുടെ ഫംഗ്ഷനകത്ത് അത് ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ്. നമ്മുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ മന്ത്രി എന്റെ ഭേദഗതി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. പങ്കജാക്ഷൻ: സർ, താഴെ കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

In clause 14 sub-clause (iv) add the following at the end namely:- "with the previous approval of the Government".

സർ, ഇത് സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിക്ക് തടസ്സമുണ്ടാകേണ്ട കാര്യമില്ല. കാരണം ഇതിന് തത്തുല്യമായ മറ്റൊരു അമെൻമെന്റ് അടുത്ത് സെക്ഷൻ 15 (3)-ൽ പ്രൊവിസോ ആയിട്ട് അദ്ദേഹം അംഗീകരിച്ചിട്ടുണ്ട്. മന്ത്രിയുടെ ഭേദഗതിയിൽ ഞാൻ പറഞ്ഞിരിക്കുന്ന കാര്യം തന്നെ അംഗീകരിച്ചിട്ടുണ്ട്. പക്ഷേ രണ്ട് സ്ഥാനത്ത് രണ്ട് കാര്യം. functions of the authority ആണ് 14-ാം വകുപ്പിൽ പറയുന്നത്. അതിൽ 'with the previous approval of the Government' എന്നു പറഞ്ഞിട്ടില്ല. എന്നാൽ powers of the Authority പറയുന്ന ഭാഗത്ത് ഇതേ ക്ലാസ് തന്നെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രൊവിസോ ആയി ഞാൻ പറഞ്ഞ ഭേദഗതി അവിടെ അദ്ദേഹം പുതുതായി അവതരിപ്പിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ 14 (4)-ൽ ഞാൻ ആവശ്യപ്പെട്ടിരുന്ന ഭേദഗതി അദ്ദേഹം അംഗീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. കാനം രാജേന്ദ്രൻ: താഴെ കാണുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(1) Add the following provisos to sub-clause (iv), namely:— "Provided that the power to revise tariffs, taxes and charges of water supply and maintenance shall be exercised only once in five years.

Provided further that before revising the tariffs under this sub-section a draft of the proposed revision in rate shall be published inviting objections and the Authority shall consider such objections if any received by it before the date fixed therefore".

(2) In clause 14 sub-clause (x) for the words "emergency" substitute the words "drought or such other unforeseen contingencies".

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ സബ് ക്ലാസ് 4–ൽ പറയുന്നത് താരിപ്പ് റിവിഷനെ സംബന്ധിച്ചാണ്. ഈ താരിപ്പ് റിവിഷനെ സംബന്ധിച്ച് പറയുമ്പോൾ ഈ അതോറിറ്റി ഒരു കൊമേഴ്സ്യൽ സ്ഥാപനമായി നടത്തണമെന്ന് ആഗ്രഹിക്കുന്നോ അതോ ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കണമെന്ന് ആഗ്രഹിക്കുന്നോ എന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നടക്കുകയും ചെയ്യണം മറ്റ് പല സഹായങ്ങളോടുകൂടി ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം. അങ്ങനെ വരുമ്പോൾ ഓരോ വർഷവും അല്ലെങ്കിൽ ആറുമാസം കഴിയുമ്പോൾ താരിപ്പ് റിവിഷൻ എന്ന് പറയുന്നത് ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന ഒരു കാര്യമാണ്. അതുകൊണ്ട് 5 വർഷക്കാലത്തിലൊരിക്കൽ മാത്രമേ താരിപ്പ് റിവിഷൻ പാടുള്ളൂ എന്നാണ് എന്റെ ഭേദഗതി. ഒരു ഭേദഗതി മന്ത്രി 15–ാം ക്ലാസിൽ കൊണ്ടുവരുന്നുണ്ട്. അതിൽ 'in consultation with the Government' എന്നാണ് പറയുന്നത്. അതനുസരിച്ച് അതോറിറ്റി ഒരു തീരുമാനമെടുത്തു കഴിഞ്ഞാൽ അപ്പീലിന് ഒരു സൗകര്യവുമില്ല. അതുകൊണ്ട് വാട്ടർ അതോറിറ്റി തീരുമാനിച്ചാൽ അതിന് അപ്പീൽ കൊടുക്കാനും അതിൻമേൽ തീരുമാനം എടുക്കുന്നതിനുമുള്ള സംവിധാനമുണ്ടാക്കണം. അതോടൊപ്പം തന്നെ ഈ താരിപ്പ് റിവിഷൻ വരുന്നസമയത്ത് അതിന്റെ ഡ്രാഫ്റ്റ് പബ്ലിഷ് ചെയ്യണം. പബ്ലിഷ് ചെയ്തിട്ട് ജനങ്ങളിൽനിന്ന്, കൺസ്യൂമേഴ്സിൽനിന്ന് ഒബ്ജക്ഷൻ സ്വീകരിക്കുന്നതിനും അതിന്റെ ഹിയറിംഗിനുമുള്ള ഒരു സംവിധാനം ഉണ്ടാകണം. ഇത് കുടിവെള്ളത്തിന്റെ പ്രശ്നമായതുകൊണ്ട് കുറച്ചുകൂടി ജനകീയമായി പ്രശ്നങ്ങൾ കൈകാര്യം ചെയ്യണമെന്നാണ് എനിക്ക് ആ ഭേദഗതികൊണ്ട് അഭ്യർത്ഥിക്കാനുള്ളത് അടുത്ത ഭേദഗതി 10–ാം സബ്ക്ലാസ്സിനാണ്. Taking such other measures as may be necessary to ensure water supply in times of emergency; എമർജൻസി എന്നുപറയുന്നതിന്റെ ഡഫനിഷനെന്താണ്? ഇതിനകത്ത് ഒരു ഡഫനിഷൻ പറഞ്ഞിട്ടില്ല. ഭരണഘടനയിലെ എമർജൻസി അടിയന്തിരാവസ്ഥയാണ്. ഇനി അടിയന്തിരാവസ്ഥയുടെ സമയത്ത് ചെയ്യാമെന്നാണോ പറഞ്ഞിരിക്കുന്നത്? അതോ വരൾച്ചയോ അതുപോലുള്ള മറ്റു സാഹചര്യമോ വരുമ്പോൾ ഈ നടപടി സ്വീകരിക്കാമെന്നാണോ പറയുന്നത് എന്നതിനെസംബന്ധിച്ച് മന്ത്രി വ്യക്തമാക്കണം. അതുകൊണ്ട് എമർജൻസി എന്നത് അടിയന്തിരാവസ്ഥ ആകാതിരിക്കട്ടെ. പഴയ മന്ത്രിയുടെ കാലഘട്ടത്തിനു ഡ്രാഫ്റ്റ് ചെയ്തുകൊണ്ടുവന്നത് അദ്ദേഹത്തിനു അടിയന്തിരാവസ്ഥയോട് താൽപ്പര്യമുള്ളതുകൊണ്ട് ചെയ്തതാണോ എന്ന് എനിക്ക് അറിയില്ല. ഏതായാലും ശരി ഇതിൽ എമർജൻസി എന്നുള്ള വാക്ക് എടുത്തുകളഞ്ഞിട്ട് വരൾച്ചയോ അല്ലെങ്കിൽ അതുപോലുള്ള പ്രകൃതിക്ഷോഭങ്ങളോ വരുന്ന സന്ദർഭത്തിൽ എന്നാക്കി ഭേദഗതി വരുത്തണം, അല്ലെങ്കിൽ എമർജൻസിക്ക് ഇവിടെ ഒരു ഡഫനിഷൻ കൊടുക്കണം.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, മനച്ച വെള്ളത്തിൽ ചാടിയ പൂച്ച പച്ചവെള്ളം കാണുമ്പോൾ പേടിക്കുന്നതുപോലെയാണ് എമർജൻസി എന്ന ഒരു വാക്കുകേട്ടാൽ. വരൾച്ച സമയത്തു മാത്രമേയുള്ളോ ഈ കുടിവെള്ളത്തിന്റെ പ്രശ്നം? വെള്ളപ്പൊക്കത്തിൽ കുടിവെള്ളത്തിന്റെ പ്രശ്നമുണ്ട്. സലൈനിറ്റി ആയാലും ഉണ്ട്. കുട്ടനാട്ടിൽ കുടിവെള്ളത്തിന്റെ പ്രശ്നമുണ്ട് ബുദ്ധിമുട്ടായിട്ടുള്ള, എമർജൻറായിട്ടുള്ള സിറ്റുവേഷൻ എന്നുള്ളതു മാത്രമായുള്ളൂ. അതുകൊണ്ട് എമർജൻസിയെന്നുള്ള വാക്കിനെ സംബ

LIBRARY ARCHIVES Kerala Legislative Assembly

ന്ധിച്ച് കുഴപ്പമൊന്നുമില്ല. ശ്രീ. പീതാംബരൻ മാസ്റ്റർ ഒരു കാര്യം പറഞ്ഞു. എമർജൻറ് എന്നു പറഞ്ഞാൽ കോൺസ്റ്റിറ്റ്യൂഷനിൽ പറയുന്ന അടിയന്തിരാവസ്ഥ അല്ല. It is an emergent situation. സാധാരണ സാഹചര്യങ്ങളിൽനിന്ന് വിഭിന്നമായ ഒരു സിറ്റുവേഷൻ ആണ്. ഇവിടെ ശ്രീ. പീതാംബരൻ മാസ്റ്റർ ഒരു കാര്യം പറയുകയുണ്ടായി. റിസോഴ്സ് ഡെവലപ്പ്മെൻറ്, അത് ഇതിൻറെ ഫംഗ്ഷനല്ല. റിസോഴ്സിനെ സംബന്ധിച്ച് ഉള്ള റിസോഴ്സിൽ നിന്ന് വാട്ടർ സപ്ലൈ ചെയ്യുക എന്നുള്ളതാണ്. റിസോഴ്സ് ഡെവലപ്പ് ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളം നമുക്കു Centre for Water Resorice Development വേറെയുണ്ട്. വാട്ടർ മാനേജ്മെൻറിൽ ആ റിസോഴ്സ് ഡെവലപ്പ്ചെയ്യാൻ വേറെ എജൻസിയുണ്ട്. ശ്രീ. പങ്കജാക്ഷനും, ശ്രീ. കാനം രാജേന്ദ്രനുമൊക്കെ അവരുടെ മറ്റ് അമെൻറുമെൻറിൽ പറഞ്ഞിരിക്കുന്നത് ഗവൺമെൻറിൻറെ പ്രീവിയസ് അനുവാദം വേണം ടാക്സിനെ സംബന്ധിച്ചിടത്തോളം എന്നൊക്കെ ആണ്. ഇത് ഫംഗ്ഷനെ സംബന്ധിച്ചിടത്തോളം ഉള്ളതാണ്. അതോറിറ്റിയുടെ ഫംഗ്ഷന് പ്രീവിയസ് അനുവാദം ആവശ്യമില്ല. ഇനി പൂവ്വേഴ്സിലേക്ക് കടക്കുമ്പോഴേ 15 (3)–ൽ പ്രീവിയസ് സാംഗ്ഷൻ ഗവൺമെൻറിൽനിന്നും വാങ്ങിയിരിക്കണം. 15 (3)–ൽ ഒരു അമെൻറ്മെൻറ് കൊണ്ടുവരുന്നുണ്ട്. അത് മതി. അത് നമ്മുടെ പർപ്പസ് സർവ് ചെയ്യുന്നതാണ്. അതുകൊണ്ട് ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. പത്മനാഭൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ അവതരിപ്പിച്ച ഭേഗേതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. പങ്കജാക്ഷൻ അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേഗതികൂം സഭ വോട്ടിനിട്ട് നിരാകരിച്ചു.

14–ാം വകുപ്പ് ബില്ലിൻറെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

14–ാം വകുപ്പ് ബില്ലിൻറെ ഭാഗമായിത്തീർന്നു.

Clause 15

Shri Kanam Rajendran:—Sir, I move the following amendments.

(1) In clause 15 sub-clause (2) item (1) after the words "specific information" add the words "in regard to water supply or disposal of waste water".

(2) In clause 15 sub-clause (2) item (iii) after the words "to fix" insert the words " subject to the restrictions mentioned in the proviso to sub-section (iv) of section 14.

(3) In clause 15 sub-clause (2) item (iii) add the following proviso namely:—

"Provided that the free allowance allowed to the consumers for the supply of water before the formation of the Authority shall be

LIBRARY ARCHIVES Kerala Legislative Assembly

maintained for a period of ten years from the commencement of this Act and for such further period as may be extended by Government from time to time by notification in the Gazette''.

(4) In clause 15, sub-clause (2) insert the following proviso to item (viii) namely:—

''Provided that any grant, loan or advance involving more than rupees twenty-five thousand shall be paid to an individual or an association or group of individuals by the decision of the Authority at a meeting in which not less than two thirds of the members present at the meeting vote in favour of the decision.''

(5) In clause 15, sub-clause (2) item (vi) insert the following proviso namely:—

''Provided that the consent of the party should be obtained if the ownership of the natural source is vested with a private individual''.

(6) In clause 15, sub-clause (2) in item (ix) for the words ''after reasonable notice in writing to'' substitute the words ''with the consent of''.

(7) In clause 15, sub-clause (2) after item (ix) insert the following proviso namely:—

''Provided that no such consent shall be required if the water supply or sewerage works as the case may be is intended for the benefit of any tribal colony''.

സർ, ക്ലാസ് 15 സബ് ക്ലാസ് (2) അനുസരിച്ച് to obtain such periodic or specific information from any local body as it may deem necessary എന്നു പറയുന്നുണ്ട്. ഇത് വളരെ ജനറലായിട്ടുള്ള ഒരു സ്റ്റേറ്റുമെന്റാണ്. വാട്ടർ അതോറിറ്റിക്ക് ഒരു ലോക്കൽ ബോഡിയിൽ നിന്ന് സ്വാഭാവികമായിട്ടും ആവശ്യമുള്ള ഇൻഫർമേഷൻ എന്നു പറയുന്നത് വാട്ടർ സപ്ലൈയെ സംബന്ധിച്ചോ അല്ലെങ്കിൽ സീവറേജിനെ സംബന്ധിച്ചോ ഉള്ള കാര്യങ്ങളായിരിക്കണം. ഒരു ലോക്കൽ ബോഡിയുടെ അധികാരത്തിൽ ഒരു കടന്നാക്രമണം നടത്തുന്നതുപോലെ സ്പെസിഫിക് ഇൻഫർമേഷൻ എന്ത് ചോദിച്ചാലും അത് പറയണമെന്നുള്ള നിലയിലുള്ള ഈ ക്ലാസ്സിൽ അപകടം കാണുന്നുണ്ട്. അത് ലോക്കൽ ബോഡിയുടെ ജനാധിപത്യ സ്വഭാവത്തിന് അല്ലെങ്കിൽ അവരുടെ അധികാരത്തിൻമേൽ ഉള്ള ഒരു കടന്നാക്രമണം ആണെന്ന് എനിക്ക് തോന്നുന്നു. അതുകൊണ്ട് അതിൽ ഒരു ഭേദഗതി ഞാൻ മൂവ് ചെയ്യുകയാണ്.

തിരുവനന്തപുരത്തെ സംബന്ധിച്ച ഒരു പ്രശ്ന പരിഹാരമായാണ് അടുത്ത ഭേദഗതി. തിരുവനന്തപുരം സിറ്റിയിൽ പഴയ കാലംമുതൽ ഫ്രീ അലവൻസ് ഉണ്ടായിരുന്നു. ഇടയ്ക്ക് അതോറിറ്റി ആ ഫ്രീ അലവൻസ് സ്വമ്പദായം നിർത്തലാക്കുകയും കോടതിയിൽ പോയി അത് നിലനിർത്താൻവേണ്ടിയുള്ള ഒരു സംവിധാനം ഉണ്ടാകുകയും ചെയ്തു. ഇപ്പോൾ നിലനിൽക്കുന്നതായിട്ടുള്ള ഫ്രീ അലവൻസ് വീണ്ടും എടുത്തുകളയുന്നത് ശരിയല്ല. അതുകൊണ്ട് അത് ആക്ടിൽതന്നെ നിലനിർത്താനുള്ള വ്യവസ്ഥ ചെയ്യണമെന്നാണ് എന്റെ അടുത്ത ഭേദഗതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ക്ലാസ്സ് 15–ൽ സബ് ക്ലാസ് രണ്ടിൽ ഐറം എട്ടിന്റെ കൂടെ ചേർത്ത് ഒരു പ്രൊവിസൊ കൂടി ചേർക്കുകയെന്നുള്ളതാണ് എന്റെ മറ്റൊരു ഭേദഗതി. ഗ്രാന്റ്, ലോൺ, അഡ്വാൻസ് ഇവ കൊടുക്കുന്ന കാര്യത്തിൽ അതോറിറ്റിയുടെ തീരുമാനമെടുക്കുവാനുള്ള അവകാശമുണ്ട്. വളരെ പ്രധാനപ്പെട്ട ഒരു തീരുമാനമാണ്. അങ്ങനെ വളരെ പ്രധാനപ്പെട്ട ഒരു തീരുമാനമെടുക്കുമ്പോൾ ആ യോഗത്തിൽ ഹാജരായിട്ടുള്ള മൂന്നിൽ രണ്ട് അംഗങ്ങളുടെ ഭൂരിപക്ഷത്തോടുകൂടി, അവർ വോട്ടു ചെയ്തു വേണം ആ തീരുമാനമെടുക്കുവാൻ എന്നുള്ളതിനാണ് എന്റെ ഭേദഗതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

നാച്ചറൽ സോഴ്സസിന്റെ ഉടമസ്ഥാവകാശത്തെ സംബന്ധിച്ച ഭേദഗതിയാണ് അടുത്തത്. നാച്ചറൽ സോഴ്സസ് ഉപയോഗിക്കുകയെന്നു പറയുമ്പോൾ നാച്ചറൽ സോഴ്സസിൽ എന്തെല്ലാം പെടുമെന്നുള്ളതിന് വ്യക്തതയില്ല. എന്റെ പുരയിടത്തിൽ ഒരു കുളമുണ്ടെങ്കിൽ അത് ഒരുപക്ഷേ നാച്ചറൽ സോഴ്സസ് ആയിരിക്കും. വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിക്ക് എന്റെ സമ്മതമില്ലാതെ നിയമപരമായി അതിൻമേൽ അവകാശം സ്ഥാപിക്കാൻ കഴിയുന്ന തരത്തിലാണ് 15-ലെ സബ് സെക്ഷൻ 6 അനുസരിച്ച് നോക്കിയാൽ കാണാൻ കഴിയുന്നത്. അതുകൊണ്ട് ഒന്നുകിൽ നാച്ചറൽ സോഴ്സസ് എന്നുപയോഗിക്കുന്നതു തന്നെ കൈയാണെന്ന് സ്പെസിഫൈ ചെയ്യണം. അല്ലെങ്കിൽ ആ നാച്ചറൽ സോഴ്സസിന്റെ ഉടമസ്ഥാവകാശം ഒരു സഹകാര്യ വ്യക്തിക്കാണെങ്കിൽ അയാളുടെ സമ്മതത്തോടുകൂടിവേണം ഇത് ഏറ്റെടുക്കുവാൻ.

ഒരു സ്ഥലം അക്വയർ ചെയ്യണമെന്നുണ്ടെങ്കിൽ, ഈ ആവശ്യങ്ങൾക്കു വേണ്ടി എടുക്കണമെന്നുണ്ടെങ്കിൽ "after reasonable notice in writing to" എന്നു മാത്രമേ പറഞ്ഞിട്ടുള്ളു. അങ്ങനെ ഒരു നോട്ടീസ് കൊടുത്തതിനു ശേഷം ഏറ്റെടുക്കുവാനുള്ള അധികാരം കൊടുക്കുന്നത് കുറച്ച് അപകടമാണെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് 'ആ നോട്ടീസ്' എന്നുള്ളതിനുപകരം 'കൈവശക്കാരന്റെ സമ്മതത്തോടുകൂടി' എന്നാക്കി മാറ്റണമെന്നത് ഒരാവശ്യമാണ്. ഹരിജൻ കോളനികളിലേക്ക് വാട്ടർ സപ്ലൈയൊക്കെ കൊണ്ടുപോകുന്നതിന് ചിലപ്പോൾ ആളുകൾ സമ്മതിച്ചില്ലെന്നു വരും, അങ്ങനെയാണെങ്കിൽ അത് തടയുന്നതിന് അവിടെ ഒരു പ്രൊവിസൊ എഴുതിച്ചേർത്താൽ മതിയെന്നുള്ളതാണ് എന്റെ അടുത്ത ഭേദഗതി. ഇങ്ങനെ ഒരു പ്രൊവിസൊ എഴുതിച്ചേർത്തുകൊണ്ട് ട്രൈബൽ സെറ്റിൽമെന്റുകളിലും കോളനികളിലും ശുദ്ധജലം എത്തിക്കാനുള്ള പദ്ധതിക്കാണെങ്കിൽ ഈ സമ്മതം ആവശ്യമില്ലെന്ന കാര്യം പ്രത്യേകമായി ചൂണ്ടിക്കാണിച്ചാൽ മതി. ഇത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(1) In the proviso to item (ii) of sub-clause (2) of clause 15 for the words "one crore" substitute the words "twenty-five lakhs".

In the proviso to item (iv) of sub-clause (2) of clause 15 for the words "one crore" substitute the words "twenty-five lakhs".

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അവതരിപ്പിക്കുന്ന ഈ രണ്ടു ഭേദഗതികളിലും ഉൾക്കൊള്ളുന്നതായിട്ടുള്ള കാര്യം ഒന്നുതന്നെയാണ്. 25 ലക്ഷം രൂപയിൽക്കൂടുതലായിട്ടുള്ള പദ്ധതിയാണെങ്കിൽ അതിന് ഈ സ്ഥാപനം സാങ്ഷൻ കൊടുക്കുന്നതിനുമുമ്പ് ഗവൺമെൻറിന്റെ അനുമതി വാങ്ങിയിരിക്കണമെന്നാണ് ബില്ലിൽ എഴുതിവച്ചിട്ടുള്ളത്. എന്തടിസ്ഥാനത്തിലാണ് ഇങ്ങനെ എഴുതിച്ചേർത്തിട്ടുള്ളതെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നറിയേണ്ടത്. 25 ലക്ഷം രൂപയെന്നുള്ള പരിധി നിശ്ചയിച്ചത് എന്തടിസ്ഥാനത്തിലാണ്? ആ 25 ലക്ഷം രൂപ സബ്ജക്ട് കമ്മിറ്റിയിൽ വന്നപ്പോഴും ഒരുകോടിരൂപയെന്നാക്കി മാറ്റി. അങ്ങനെ ഒരുകോടിരൂപയാക്കി മാറ്റിയത് എന്തടിസ്ഥാനത്തിലാണ്. ഈ 25 ലക്ഷം രൂപ നാലിരട്ടിയാക്കി ഒരു കോടി രൂപയാക്കിയിരിക്കുകയാണ്. എന്തെങ്കിലുമടിസ്ഥാനത്തിലാണ് ഒറിജിനൽ ബില്ലിൽ ഈ 25 ലക്ഷം രൂപയെന്നുള്ളത് വച്ചിട്ടുള്ളതെങ്കിൽ സബ്ജക്ട് കമ്മിറ്റിക്ക് ഇത് ഒരുകോടി രൂപയായിട്ട് മാറ്റുവാനായിട്ട് യാതൊരു ന്യായവുമില്ല. മറ്റൊരു കാര്യം ആലോചിക്കേണ്ടതാണ് ഇതെല്ലാം മാറ്റിയത് ഈ മന്ത്രിപ്പണിയും ചെയർമാൻ പണിയുമൊക്കെ ഒരാൾതന്നെ വഹിച്ചിരുന്ന കാലത്താണെന്നുള്ളതാണ്. ഇപ്പോൾ മന്ത്രി വേറെ, ചെയർമാൻ വേറെ. അതുകൊണ്ട് ഗവൺമെൻറിന്റെ കൺട്രോൾ കൂടുതലായിട്ടുണ്ടാകേണ്ടതായിട്ടുണ്ട്. ഒരു കോടി രൂപയെന്നുള്ളത് 25 ലക്ഷം രൂപയായിട്ടുതന്നെ നിലനിറുത്തണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

Shri. K. Pankajakshan: Sir, I move the following amendments.

(1) In the proviso to item (iv) of sub-clause (2) of clause 15, for the words "one crore" substitute the words "fifteen lakhs".

(2) In clause 15 sub-clause (2) item (iii) after the words "services" insert the words "with the previous approval of the Government".

ഞാൻ കൊടുത്തിരുന്ന ഭേദഗതി ശ്രീ. ചന്ദ്രശേഖരൻ ഇവിടെ അവതരിപ്പിച്ച ഭേദഗതികളുടെ ചുവടുപിടിച്ചുകൊണ്ടുള്ള ഭേദഗതികളാണ്. ഞാൻ ശ്രീ. ചന്ദ്രശേഖരൻ അവതരിപ്പിച്ച ഭേദഗതികളോട് യോജിക്കുകയാണ്. ഒറിജിനൽ ബിൽ സബ്ജക്ട് കമ്മിറ്റിയിലേക്ക് പോകുന്നതിനുമുമ്പുണ്ടായിരുന്ന വ്യവസ്ഥകൾ വീണ്ടും കൊണ്ടുവരണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഭേദഗതിയാണ് ശ്രീ. കെ. ചന്ദ്രശേഖരൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. മുമ്പ് 25 ലക്ഷം രൂപയ്ക്ക് മുകളിൽ ചെലവു വരുന്ന പദ്ധതികൾ ഗവൺമെൻറിന്റെ മുൻ അനുവാദത്തോടുകൂടിമാത്രമേ നടപ്പിലാക്കാവൂ എന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ അത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം ഭേദഗതി ചെയ്തപ്പോൾ ഒരു കോടിരൂപവരെയുള്ള പദ്ധതികൾക്ക് അനുമതി നൽകാൻ ഈ അതോറിറ്റിക്കുതന്നെ അധികാരമുണ്ടെന്ന് വന്നിരിക്കുന്നു. ശ്രീ. കെ. എം. മാണി സ്വമേധയാ ആണോ ഈ 25 ലക്ഷം രൂപയെന്നുള്ളത് ഒരുകോടി രൂപയാക്കി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചത്? സ്വമേധയാ ആണെന്ന് വിശ്വസിക്കുവാൻ എന്തുകൊണ്ടും എനിക്ക് കഴിയുന്നില്ല. അത് വിശ്വസിക്കുവാൻ സാദ്ധ്യമല്ല. അദ്ദേഹം നമ്മുടെ സംസ്ഥാനത്ത് ദീർഘകാലം ധനകാര്യമന്ത്രിയായി സേവനം ചെയ്ത വ്യക്തിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം ധനകാര്യവകുപ്പുമന്ത്രിയായിരുന്ന അവസരത്തിൽ നമ്മുടെ സംസ്ഥാന ഗവൺമെൻറിന്റെ വിവിധ വകുപ്പുകൾ അഞ്ചുലക്ഷം രൂപയിലധികമുള്ള ഏതെങ്കിലും പണികൾ ഏറ്റെടുത്തുനടത്തുവാൻ തീരുമാനിച്ചാൽ ആ പണികൾക്കുള്ള അംഗീകാരം ധനകാര്യവകുപ്പിൽനിന്നുനേടിക്കഴിഞ്ഞതിനുശേഷംമാത്രമേ ചെയ്യുവാൻ പാടുള്ളുവെന്ന് നിഷ്കർഷിച്ച ബഹുമാന്യ വ്യക്തിയാണ്. അപ്പോൾ ഫൈനാൻഷ്യൽ മാനേജുമെൻറിൽ അത്രമാത്രം നിഷ്കർഷയും നിർബന്ധവും വച്ചുപുലർത്തിയിരുന്ന ധനകാര്യവകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണി വാട്ടർ അതോറിറ്റിയെപ്പോലെയുള്ള ഒരു ലോക്കൽ ബോഡിക്ക് ഒരു കോടിരൂപവരെ ചെലവുവരുന്ന പദ്ധതി സ്വമേധയാ അംഗീകരിച്ചു നടപ്പിലാക്കാം എന്ന് അദ്ദേഹം താനേ സമ്മതിച്ചു കൊടുത്തതായിരിക്കുകയില്ല. ഒരു അറാകയ്യാണെന്നാണ് അതേപ്പറ്റി എന്നിക്ക് പറയുവാനുള്ളത്. അത് പിൻവലിക്കണം. പഴയ തീരുമാനത്തിനപ്പുറം ഇതുപോലെയൊരു ലോക്കൽ ബോഡിക്ക് ഒരു കോടിരൂപവരെയുള്ള പദ്ധതികൾ ഏറ്റെടുത്തുനടപ്പിലാക്കുവാനുള്ള പണം ചെലവുചെയ്യുന്നതിനുള്ള സമ്പൂർണ്ണമായ അധികാരം ഈ അതോറിറ്റിയിൽ നിക്ഷിപ്തമാക്കരുത്. മരാമത്തു പണികളുടെ അനുഭവംതന്നെ നമുക്കറിയാം. പത്തുവർഷങ്ങൾക്ക് മുമ്പ് 50,000 രൂപയ്ക്ക് തീരുമായിരുന്ന പണികൾ ഇപ്പോൾ അഞ്ചുലക്ഷം രൂപയ്ക്കും തീരുകയില്ല. ശ്രീമാൻ നഹാസാഹിബ് അവിടെ ഇരിപ്പുണ്ട്. ആ അഞ്ചുലക്ഷം രൂപയിൽ ഒരു പൈസ അധികരിച്ചുപോയാൽ ധനകാര്യവകുപ്പിൽ പോയി അംഗീകാരം നേടിയതിനുശേഷം മാത്രമേ ആ പണികൾ ചെയ്യുവാൻ കഴിയുമായിരുന്നുള്ളു. അത്ര നിർബന്ധവും നിഷ്കർഷയും വച്ചിരുന്ന ശ്രീ. കെ. എം. മാണി ഒരു കോടിരൂപയ്ക്കുള്ള ഒരു ഇണ്ടാസ് ഇവർക്ക് അനുവദിച്ചു കൊടുക്കുകയില്ല, ശ്രീ. ചന്ദ്രശേഖരന്റെ ദേഗതിയോട് യോജിക്കുമെന്ന് കരുതുന്നു.

ഉപവകുപ്പ് 2-ൽ ഐറ്റം മൂന്നിനുള്ള എന്റെ ദേഗതിയിൽ മറ്റൊന്നു പറയാനുള്ളത് 14-ാം വകുപ്പിൽ അതോറിട്ടിയുടെ ഫംഗ്ഷന്റെ പട്ടികയിൽ പറഞ്ഞ കാര്യമാണ്. അദ്ദേഹം ഇതിന്റെ പ്രൊവിസോ ആയിട്ട് പുതിയ ഒരു ദേഗതി അവതരിപ്പിച്ചിട്ടുണ്ട്. ഈ അതോറിട്ടിക്ക് ഉണ്ടായിരിക്കേണ്ടുന്ന സ്വയംഭരണാവകാശത്തെപ്പറ്റിയും താരിഫിനേയും ടാക്സിനേയുമൊക്കെ പറ്റിയുമൊക്കെ ശ്രീ. കാനം രാജേന്ദ്രൻ ഇവിടെ പറഞ്ഞു. അതോറിറ്റി പോലുള്ള സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം ഉണ്ടായതിന്റെ ഫലമായിട്ട് തിരുവനന്തപുരം നഗരത്തിലെ ജനങ്ങൾ വളരെയധികം വിഷമിച്ചു. വെള്ളത്തിന്റെ വില എത്രയോ ഇരട്ടിയായി വർദ്ധിപ്പിക്കുകയായിരുന്നു. വെള്ളം വിലയില്ലാതെ കൊടുക്കാനുള്ള ബാദ്ധ്യത ഗവൺമെൻറിനാ അല്ലെങ്കിൽ ഒരു പ്രാദേശിക സ്വയംഭരണ സ്ഥാപനത്തിനുള്ളതാണ്. എങ്കിലും കാലാകാലങ്ങളിൽ തുച്ഛമായ വില അതിന് നിശ്ചയിച്ചിരുന്നു. പക്ഷെ ഈ അതോറിട്ടിയെന്ന സ്വയംഭരണാവകാശ സ്ഥാപനം രൂപവൽക്കൃതമാകുകയും അവർ അവരുടെ പ്രവർത്തനാധികാരങ്ങൾ വിനിയോഗിക്കാൻ തുനിയുകയും ചെയ്തുകഴിഞ്ഞപ്പോഴേ ആദ്യമായി ചെയ്ത കൃത്യം വെള്ളത്തിന്റെ വില എത്രയോ ഇരട്ടി വർദ്ധിപ്പിക്കുകയായിരുന്നു. ടാപ്പ് വച്ചു കഴിയുന്നവർക്ക് സൗജന്യമുണ്ടായിരുന്നു. ഇത്ര ഗ്യാലൻ വെള്ളംവരെ അവർക്ക് വില കൊടുക്കാതെ ഉപയോഗിക്കാം. ആ സൗജന്യത്തിന്റെ നിരക്ക് കുറഞ്ഞു. ഇത് ദ്രോഹനടപടിയാണ്. മനുഷ്യന് കുടിക്കാനുള്ള ശുദ്ധജലമെത്തിക്കാൻ മൗലികബാദ്ധ്യതയുള്ള ഒരു ഗവൺമെൻറിന്റെ നേരിട്ടുള്ള ശാസനത്തിൻകീഴിൽ രൂപീകൃതമായ, സ്വയംഭരണ സ്ഥാപനമെന്ന് അവകാശപ്പെടുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

അധികാര സ്ഥാപനം, മനുഷ്യന്റെ കുടിവെള്ളത്തിനുള്ള വില ഇരട്ടിയിരട്ടിയായി വർദ്ധിപ്പിക്കുകയും അവർക്ക് സൗജന്യമായി ലഭിച്ചുകൊണ്ടിരുന്നത് പിൻവലിക്കുകയും ചെയ്ത ഒരു നടപടിയാണുണ്ടായത്. അതുകൊണ്ട് ഒരു സ്വയംഭരണാവകാശ സ്ഥാപനത്തിലെ അധികാരം കൈകാര്യം ചെയ്യുന്ന ആളുകളേക്കാൾ ഒരു ജനാധിപത്യ സംവിധാനത്തിലെ ഗവൺമെന്റിന്റെ തലപ്പത്തിരിക്കുന്നവർക്ക് ജനങ്ങളുടെ വികാരങ്ങൾ വിലയിരുത്താൻ കഴിയുമെന്നുള്ളതുകൊണ്ട് ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെയല്ലാതെ താരിഫും മറ്റും റിവൈസ് ചെയ്യാൻ പാടില്ലെന്ന ഭേദഗതിയാണ് അവതരിപ്പിച്ചിട്ടുള്ളത്. അദ്ദേഹം അത് അംഗീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

Shri V. S. Chandrasekharan Pillai: Sir, I move that in the proviso to item (iv) of sub-clause (2) of clause 15 for the words "rupees one crore" substitute the words "rupees fifty lakhs".

സർ, ഞാൻ ഒരുകോടി രൂപ എന്നതിനു പകരം 50 ലക്ഷം രൂപവരെയെന്ന ഭേദഗതിയാണ് അവതരിപ്പിച്ചത്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുകയാണ്.

In sub-clause (iii) of clause 15 the following proviso shall be inserted, namely:—

"Provided that any revision of tariffs and charges for water supply and sewerage services shall be made only with the previous approval of the Government".

ഈ സഭയിലുയർന്നുവന്ന എല്ലാ അഭിപ്രായങ്ങളേയും മാനിച്ചുകൊണ്ടാണ് ഞാൻ ഈ അമൻഡ്മെന്റ് കൊണ്ടുവരുന്നത്. ഇവിടെ ബഹുമാനപ്പെട്ട പങ്കജാക്ഷൻ ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട പങ്കജാക്ഷനും ചന്ദ്രശേഖരനും ഇവിടെ പറഞ്ഞത്, 25 ലക്ഷം സാംഗ്ഷനിംഗ് പവർ എന്നുള്ളത് ഒരുകോടി എന്ന് സബ്ജക്ട് കമ്മിറ്റി ഉയർത്തിയത് തെറ്റായിപ്പോയി അത് വീണ്ടും 25 ലക്ഷമായി കുറവു ചെയ്യണമെന്നുള്ളതാണ്". അതിനോടുകൂടി എനിക്ക് യോജിക്കാൻ കഴിയുന്നില്ല. രണപക്ഷ പ്രതിപക്ഷ മെമ്പർമാരെല്ലാം പ്രതിനിധീകരിച്ചുകൊണ്ടുള്ള സബ്ജക്ട് കമ്മിറ്റി യുനാനിമസായിട്ട് എടുത്ത ഒരു തീരുമാനമാണത്. There is no dissenting note on this particular issue. രണ്ടാമത്തെ കാര്യം 25 ലക്ഷംരൂപയെന്നു പറയുന്നത് ഈ കാലത്ത് ഒന്നുമല്ല. ഒരു ചീഫ് എഞ്ചിനീയർക്ക് വ്യക്തിപരമായി 25 ലക്ഷം രൂപയ്ക്കുള്ള വർക്ക് സാംഗ്ഷൻ ചെയ്യാൻ അധികാരമുണ്ട്. കേരളാ ഗവൺമെന്റിന്റെ കീഴിലുള്ള ഒരു ഉദ്യോഗസ്ഥനു 25 ലക്ഷം രൂപ സാംഗ്ഷൻ ചെയ്യാൻ അധികാരമുണ്ടെങ്കിൽ ഇത് ഒരു അതോറിറ്റിയാണ്, it is an autonomous corporation. ആ അതോറിറ്റിയുടെ ഡയറക്ടർ ബോർഡിനു ഒരു കോടി രൂപ സാംഗ്ഷൻ ചെയ്യാൻ അധികാരം കൊടുത്തുകൂടായെന്നു പറയുന്നതിൽ വലിയ അർത്ഥമില്ല. അതുപോലെതന്നെ ഒരു കാര്യം പറയാനായിട്ടുള്ളത് ഡ്രിങ്കിംഗ് വാട്ടർ അബ്സ്ട്രാക്ട് ചെയ്യുന്നതിനുവേണ്ടി പ്രൈവറ്റ് ലാൻഡിൽ കയറുന്നതിനുവേണ്ടി അധികാരം വച്ചിരിക്കുന്നത് തെറ്റായിപ്പോയി എന്നു പറയുന്നത് ശരിയല്ല. ഗുജറാത്ത് ആക്ടിലും മഹാരാഷ്ട്ര ആക്ടിലുമൊക്കെതന്നെ പ്രൈവറ്റ് വാട്ടർ അബ്സ്ട്രാക്ട്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിനുവേണ്ടി അവിടെ കയറുന്നതിനുള്ള സ്വാതന്ത്ര്യമുണ്ട്. ഫ്രീ അലവൻസിനെ സംബന്ധിച്ചിടത്തോളം ഒരുകാര്യം പറഞ്ഞുകൊള്ളട്ടെ. അതിന് നമുക്ക് കഴിവുള്ളപ്പോൾ കൊടുക്കാം. അദ്ദേഹം ഇത്രയും ഫ്രീ അലവൻസ് കൊടുത്തിരിക്കണമെന്നു എഴുതിവയ്ക്കേണ്ട കാര്യമില്ല. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം കാലാകാലങ്ങളിൽ ഒരു അഡ്മിനിസ്ട്രേറ്റീവ് പോളിസി എന്നുള്ള നിലയ്ക്ക് ഗവൺമെൻറിന് ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയും. അത് ഒരിക്കലും റൂൾ ഔട്ട് ചെയ്യുന്നില്ല. ഗവൺമെൻറ് അതിനെക്കുറിച്ച് പര്യാലോചിക്കാം. പക്ഷേ നിയമത്തിനകത്ത് ഫ്രീ അലവൻസിനെപ്പറ്റി എഴുതേണ്ട കാര്യമില്ല.

ശ്രീമതി മാർഗ്രവി തങ്കപ്പൻ: സർ, താഴെ കാണുന്ന ഭേദഗതികൾ ഞാനവതരിപ്പിക്കുന്നു.

(1) In the proviso to item (ii) of sub-clause (2) of clause 15, for the words "one crore" substitute the words "twenty five lakhs".

(2) In the proviso to item (iv) of sub-clause (2) of clause 15, for the words "one crore" substitute the words "twenty five lakhs".

സർ, മേജർ സ്കീംസ് പ്രിപ്പയർ ചെയ്ത് നടപ്പിലാക്കുന്നതിന് ഒരുകോടിയോളം രൂപവരെ സാംഗ്ഷൻ ചെയ്യാൻ ഈ അതോറിറ്റിക്ക് അധികാരം കൊടുത്തിരിക്കുകയാണെന്ന് ഇപ്പോൾ നമുക്കറിയാം. എമർജൻസി കേസ്സിൽ ശുദ്ധജല വിതരണം നടത്താമെന്ന് ഈ അതോറിറ്റിക്ക് തോന്നിയാൽ ഒരു സ്കീം തയ്യാറാക്കി നടപ്പിലാക്കാൻവേണ്ടി ശ്രമിക്കുമ്പോൾ പൈപ്പും വാൽവും മുമ്പേ വാങ്ങിച്ചിടുക പതിവാണിവിടെ. അതിനെക്കുറിച്ച് എത്രയോ ആരോപണങ്ങൾ ഈ നിയമസഭയിൽ ഉണ്ടായിട്ടില്ലേ? ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ശുദ്ധജല വിതരണം നടത്തുന്നതിനുവേണ്ടി അന്വേഷിച്ചു ചെല്ലുമ്പോൾ സോഴ്സ് കാണുകയില്ല. അതുപോലെതന്നെ ടാങ്ക് കെട്ടി വെള്ളം കൊടുക്കാൻ തീരുമാനിക്കുകയാണെങ്കിൽ ആ ടാങ്ക് കെട്ടാനുള്ള സ്ഥലം കിട്ടിയെന്നു വരികയില്ല. അവസാനം ഉദ്യോഗസ്ഥൻമാർക്ക് സോഴ്സും ഇല്ല, ടാങ്ക് കെട്ടാനുള്ള സ്ഥലവും ഇല്ലാത്തതുകൊണ്ട് ഈ സ്കീം നടപ്പിലാക്കാൻ കഴിഞ്ഞില്ലായെന്നു പറയാൻ കഴിയും. അതോടൊപ്പം പൈപ്പും വാൽവും വാങ്ങിച്ചുകൂട്ടാനും അതിന്റെ പേരിൽ ലക്ഷക്കണക്കിനു രൂപ കമ്മീഷൻ വാങ്ങാനും കഴിയും. അതിവിടെ നടക്കുന്നുണ്ട്. അതുകൊണ്ടാണ് 25 ലക്ഷം രൂപയായി ചുരുക്കിയാൽ മെയിൻറനൻസിനുവേണ്ടി മാത്രവും ട്യൂബ്വെൽ കുഴിപ്പിച്ച് ജനങ്ങൾക്ക് അത്യാവശ്യത്തിന് വെള്ളം കൊടുക്കാൻവേണ്ടിയും ആ തുക 25 ലക്ഷംരൂപയായി ചുരുക്കിക്കൊണ്ട്, 25 ലക്ഷത്തിലധികം വരുന്ന തുക ചെലവാക്കേണ്ടുന്നതിന് ഗവൺമെൻറിന്റെ അനുമതി മുൻകൂട്ടി വാങ്ങിയിരിക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിച്ചത്. അതുപോലെതന്നെ അടുത്ത ഭേദഗതിയും അതോടു ബന്ധപ്പെട്ട ഒരു ഭേദഗതിയാണ്. അതും 25 ലക്ഷംരൂപയായി ചുരുക്കണമെന്നാണ് എന്റെ ഭേദഗതി. അത് അംഗീകരിക്കണം.

ശ്രീ. കാനം രാജേന്ദ്രൻ, അവതരിപ്പിച്ച ഭേദഗതികളെ സഭ വോട്ടിനിട്ട് നിരാകരിച്ചു.

മി. സ്പീക്കർ: ശ്രീ. കെ. ചന്ദ്രശേഖരൻ, അങ്ങ് അവതരിപ്പിച്ച ഒന്നാമത്തെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ചന്ദ്രശേഖരൻ: ഞാൻ പ്രസ്സ് ചെയ്യുന്നു. പോംപ് ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(താഴെപറയും പ്രകാരം വേർതിരിഞ്ഞ് സഭ വോട്ടു രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—39

1. ശ്രീ. ടി. കെ. അബ്ദു
2. ,, കെ. പി. അരവിന്ദാക്ഷൻ
3. ,, ടി. കെ. ആറുമുഖൻ
4. ,, കോടിയേരി ബാലകൃഷ്ണൻ
5. ,, ഒ. ഭരതൻ
6. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
7. ശ്രീ. കെ. ചന്ദ്രശേഖരൻ
8. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
9. ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
10. ശ്രീമതി കെ. ആർ. ഗൗരി
11. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
12. ,, ടി. കെ. ഹംസ
13. ,, കെ. ഇ. ഇസ്മായിൽ
14. ,, ഇ. കെ. നായനാർ
15. ,, എം. കെ. കേശവൻ
16. ,, വി. കേശവൻ
17. ,, സി. ടി. കൃഷ്ണൻ
18. ,, കെ. കൃഷ്ണൻ കുട്ടി
19. ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
20. ,, പി. കുമാരൻ
21. ,, പി. വി. കുഞ്ഞിക്കണ്ണൻ
22. ,, ലോനപ്പൻ നമ്പാടൻ
23. ,, സി. പി. മൂസ്സാൻകുട്ടി
24. ,, കെ. മൂസ്സക്കുട്ടി
25. ,, ഇ. പത്മനാഭൻ
26. ,, കെ. പങ്കജാക്ഷൻ
27. ,, ടി. പി. പീതാംബരൻ മാസ്റ്റർ
28. ,, വർക്കല രാധാകൃഷ്ണൻ
29. ,, വി. കെ. രാജൻ
30. ,, കാനം രാജേന്ദ്രൻ
31. ,, എ. കെ. ശശീന്ദ്രൻ
32. ,, എ. സി. ഷൺമുഖദാസ്
33. ,, എ. വി. താമരാക്ഷൻ
34. ,, സി. കെ. തങ്കപ്പൻ
35. ,, വി. ജെ. തങ്കപ്പൻ
36. ,, എസ്. ആർ. തങ്കരാജ്
37. ,, പി. സി. തോമസ് (കടുത്തുരുത്തി)
38. ,, ജി. വരദൻ
39. ,, പി. വിജയദാസ്

പ്രതികൂലിക്കുന്നവർ—57

1. ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി
2. ,, ഇ. അഹമ്മദ്
3. ,, കൊരമ്പയിൽ അഹമ്മദ്ഹാജി

LIBRARY ARCHIVES Kerala Legislative Assembly

4. ശ്രീ. സി. ടി. അഹമ്മദ് അലി
5. ,, കെ. അവുക്കാദർകുട്ടിനഹ
6. ,, തെന്നല ജി. ബാലകൃഷ്ണപിള്ള
7. ,, യു. എ. ബീരാൻ
8. ,, ബെന്നിബഹനാൻ
9. ,, വി. ദിനകരൻ
10. ,, എം. പി. ഗംഗാധരൻ
11. ,, എ. ജോർജ്ജ്
12. ,, എം. എം. ഹസ്സൻ
13. ,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ
14. ,, ടി. എം. ജേക്കബ്
15. ,, സി. ജി. ജനാർദ്ദനൻ
16. ,, ടി. എസ്. ജോൺ
17. ,, എ. സി. ജോസ്
18. ,, ജോസ് കുറ്റിയാനി
19. ഡോ. കെ. സി. ജോസഫ്
20. ശ്രീ. കെ. സി. ജോസഫ്
21 ,, പി. ജെ. ജോസഫ്
22 ,, വി. വി. ജോസഫ്
23. ശ്രീമതി എം. കമലം
24. ശ്രീ. കെ. ജി. ആർ. കർത്താ
25. ,, പി. കെ. കുഞ്ഞാലിക്കുട്ടി
26. ,, മണിമംഗലത്തു കുട്ടൃാലി
27. ,, ഇ. ജെ. ലൂക്കോസ്
28. ,, കെ. പി. എ. മജീദ്
29. ,, കെ. എം. മാണി
30. ,, എം. വി. മാണി
31. ,, കെ. മുഹമ്മദാലി
32. ,, ഇ. ടി. മുഹമ്മദ്ബഷീർ
33. ,, പി. എ. മുഹമ്മദ് കണ്ണ്
34. ,, കെ. എസ്. നാരായണൻ നമ്പൂതിരി
35. ,, കെ. പി. നൂറുദ്ദീൻ
36. ,, ഉമ്മൻചാണ്ടി
37. ,, തച്ചടി പ്രഭാകരൻ
38. ,, കെ. രാഘവൻ മാസ്റ്റർ
39. ,, കെ. കെ. രാമചന്ദ്രൻമാസ്റ്റർ
40. ,, കെ. പി. രാമചന്ദ്രൻനായർ
41. ,, എസ്. രാമചന്ദ്രൻപിള്ള
42. ,, തേറമ്പിൽ രാമകൃഷ്ണൻ
43. ,, കെ. പി. രാമൻ
44. ,, വയലാർ രവി
45. ,, പി. ജീതിഹാജി
46. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
47. ,, കടവൂർ ശിവദാസൻ
48. ,, നാലകത്തു സൂപ്പി
49. ,, പന്തളം സുധാകരൻ
50. ,, സി. എം. സുന്ദരം
51. ,, എൻ. സുന്ദരൻ നാടാർ

LIBRARY ARCHIVES Kerala Legislative Assembly

52. ശ്രീ. പി. പി. തങ്കച്ചൻ
53. ,, സി. എഫ്. തോമസ്
54. ,, കെ. കെ. തോമസ്
55. ,, പി. കെ. വേലായുധൻ
56. ,, ടി. വി. വിജയരാജൻ
57. ,, സ്റഫീഫൻ പാടുവ

നിഷ്പക്ഷർ—ഇല്ല.

അനുകൂലിക്കുന്നവർ—39

പ്രതികൂലിക്കുന്നവർ—57

നിഷ്പക്ഷത പാലിച്ചവർ—ആരുമില്ല

ശ്രീ. കെ. ചന്ദ്രശേഖരൻ അവതരിപ്പിച്ച ഒന്നാമത്തെ ഭേദഗതി സഭ നിരാകരിച്ചതായി പ്രഖ്യാപിച്ചു.

ശ്രീ. കെ. ചന്ദ്രശേഖരൻ അവതരിപ്പിച്ച രണ്ടാമത്തെ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. പങ്കജാക്ഷൻ അവതരിപ്പിച്ച ഭേദഗതികൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീമതി ഭാർഗവിതങ്കപ്പൻ അവതരിപ്പിച്ച ഭേദഗതികൾ സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച താഴെ പറയുന്ന ഭേദഗതി

In sub-clause (iii) of Clause 15 the following proviso shall be inserted, namely:—

"Provided that any revision of tariffs and charges for water supply and sewerage services shall be made only with the previous approval of the Government".

സഭ വോട്ടിനിട്ടു അംഗീകരിച്ചു. ഭേദഗതി ചെയ്ത പ്രകാരമുള്ള 15–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 15–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

15–ാം വകുപ്പിനു ശേഷമുള്ള '15 എ' എന്ന പുതിയ വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

After clause 15 add the following as clause 15 A namely:—

"15A. Constitution of consultative Committee—1. The Government shall by notification in the Gazette constitute a consultative committee consisting of the following persons:—

(i) Three Members of Legislative Assembly nominated by the Speaker.

LIBRARY ARCHIVES Kerala Legislative Assembly

(ii) The Members of the Authority.

(iii) A person representing the employees of the Authority.

(iv) Three persons representing the consumers.

(v) A person representing the licensed plumbers of the State.

(vi) A representative of the Department of Health Services nominated by the Government.

2. The Chairman of the Authority shall be ex-officio Chairman of the Consultative Committee.

3. The Consultative Committee shall meet at least once in three months.

4. The functions of the Consultative Committee shall be—

(i) to advise the Authority on major questions of policy and major schemes;

(ii) to review the progress and the work of the Authority from time to time;

(iii) to consider and advise the Authority on the revision of water charges and such other matters;

(iv) to consider such other matters as the Government may prescribe.

5. The Authority shall place before the Consultative Committee the annual financial statement and supplementary statement or revised estimates, if any, before submitting the same to the Government.

6. The procedure for transacting the business of the Consultative Council shall be such as may be prescribed."

വാട്ടർ അതോറിറ്റിക്ക് കൺസൽട്ടേറ്റീവ് കമ്മിറ്റി വേണമെന്നുള്ളതാണ് ഭേദഗതിയുടെ ചുരുക്കം. ഇലക്ട്രിസിറ്റി ആക്ട് അനുസരിച്ച് കൺസൽട്ടേറ്റീവ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതുപോലെ ഈ അതോറിറ്റിയുടെ ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും പരിശോധിക്കുന്നതിനും വേണ്ടി ഒരു കൺസൽട്ടേറ്റീവ് കമ്മിറ്റി രൂപീകരിക്കണമെന്ന ഭേദഗതിയാണ് ഞാൻ അവതരിപ്പിച്ചിട്ടുള്ളത്. ഈ നിയമസഭയിലെ അങ്ങ് നിർദ്ദേശിക്കുന്ന മൂന്ന് അംഗങ്ങളും ഈ അതോറിറ്റിയിലെ അംഗങ്ങളും ജീവനക്കാരുടെ പ്രതിനിധികളും കൺസ്യൂമേഴ്സിന്റെ പ്രതിനിധികളും ഹെൽത്ത് സർവ്വീസിന്റെ പ്രതിനിധികളും അതോറിട്ടിയുടെ ചെയർമാനുമെല്ലാം അടങ്ങുന്ന ഒരു കൺസൽട്ടേറ്റീവ് കമ്മിറ്റി ഉണ്ടാക്കണം. അതിന്റെ എക്സ്-ഒഫിഷ്യോ ചെയർമാൻ അതോറിറ്റിയുടെ ചെയർമാൻ ആയിരിക്കണം. മൂന്നുമാസത്തിലൊരിക്കൽ ഈ കമ്മിറ്റി അതിന്റെ യോഗം ചേരണം. പ്രധാനപ്പെട്ട പോളിസി കാര്യത്തിൽ ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ സമർപ്പിക്കാനും, അതോറിറ്റിയുടെ പ്രവർത്തനങ്ങളിലെ പുരോഗതി പരിശോധിക്കാനും അധികാരമുള്ള ഒരു കൺസൽട്ടേറ്റീവ് കമ്മിറ്റിക്ക് രൂപംകൊടുക്കണമെന്നുള്ള ഭേദഗതിയാണ് ഞാൻ അവിടെ അവതരിപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. ഒ. എം. മാണി): സർ, കൺസൽട്ടേറ്റീവ് കമ്മിറ്റി എന്ന ആശയം നല്ലതാണ്. അത് നിയമത്തിൽ എഴുതിവയ്ക്കേണ്ട ആവശ്യമില്ല. ഗവൺമെന്റിനു അതേ സംബന്ധിച്ച്, ആലോചിക്കാവുന്നതാണ്.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

16-ാം വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ: സർ, താഴെ കാണുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(1) In clause 16 sub-clause (1) (b) to item (ii) add the following proviso namely:—"Provided that the Authority shall repay at least 75 % of the expenses already incurred by the local body for the installation of the plants, machinery pumping stations and distribution lines".

2. In clause 16 add the following proviso to sub-clause (2) namely:—

"Provided that the local body shall be consulted before taking a decision under this sub-section in respect of any assets, rights or liabilities of any local body referred to in sub-section (1) (b)".

3. Add the following provisos to sub clause (3) of clause 16—

"Provided that the Authority shall pay at least 75% of the expenses already incurred by the Rural Development Board for installing the water supply or sewerage schemes in the Panchayat area: Provided further that if the Panchayats concerned have repaid such amounts to the Rural Development Board under the above proviso shall be paid to the Panchayats concerned".

ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ലോക്കൽ ബോഡീസ് പണം ചെലവഴിച്ച് നിർമ്മിച്ച പല പദ്ധതികളുടേയും മാനേജ്മെൻറ് മാത്രമാണ് പി. എച്ച്. ഇ. ഡി. ക്ക് ഉണ്ടായിരുന്നത്. ലോക്കൽ ബോഡീസാണ് ഈ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി അതിന്റെ ചെലവുകൾ വഹിച്ചിട്ടുള്ളത്. ചിലപ്പോൾ റൂറൽ ഡവലപ്പ്മെൻറ് ബോർഡിന്റെ സഹായത്തോടുകൂടിയും എൽ. ഐ. സി. യുടെ സഹായത്തോടുകൂടിയും മറ്റ് സ്ഥാപനങ്ങളുടെയെല്ലാം സഹായസഹകരണത്തോടുകൂടിയും ലോക്കൽ ബോഡീസ് നിർമ്മാണം പൂർത്തിയാക്കിയ എല്ലാ പദ്ധതികളും ഇന്ന് വാട്ടർ അതോറിറ്റിയുടെ കീഴിൽ വരികയാണ്. അങ്ങനെ വരുന്ന സമയത്ത് ഈ സ്ഥാപനങ്ങൾക്കുള്ള ബാദ്ധ്യതകൾ വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്നുണ്ട്. എന്നാൽ കഴിഞ്ഞ കാലത്ത് കോടിക്കണക്കിന് രൂപ മുടക്കി ലോക്കൽ ബോഡീസ് ഈ പദ്ധതികൾ നിർമ്മിച്ചുവെങ്കിൽ അത് ഗവൺമെൻറിന്റെ ഫണ്ടുകൊണ്ടല്ല, ലോക്കൽ ബോഡീസിന്റെ ഫണ്ട് ഉപയോഗിച്ചാണ് നിർമ്മാണ പദ്ധതികൾ പൂർത്തിയാക്കിയിട്ടുള്ളത്. ചിലപ്പോൾ റൂറൽ ഡവലപ്പ്മെൻറ് ബോർഡിന്റെ സഹായത്തോടുകൂടി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. റൂറൽ ഡവലപ്പ്മെൻറ് ബോർഡ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസിന്റെ

LIBRARY ARCHIVES Kerala Legislative Assembly

സഹായത്തോടുകൂടിയാണ് ഇതിനുവേണ്ടി പണം മുടക്കുന്നത്. ലോക്കൽ ബോഡീസ് ആ പണം തിരിച്ച് അവർക്ക് അടച്ചുകൊടുക്കുന്നുണ്ട്. അങ്ങനെയുള്ള സാഹചര്യത്തിൽ ഏറെറടുക്കുന്ന സമയത്ത് അതിന്റെ മൊത്തമുള്ള കോസ്റ്റിന്റെ 75 ശതമാനം ലോക്കൽബോഡീസിനു കൊടുക്കാൻ വാട്ടർ അതോറിറ്റി തയ്യാറാകണമെന്നാണ് എന്റെ 100–ാമത്തെ ഭേദഗതി. അതിനെക്കുറിച്ച് അവസാനമായി ഗവൺമെന്റ് തീരുമാനമെടുക്കുന്നതിന് മുൻപ് ലോക്കൽ ബോഡീസുമായി ആലോചിക്കുകയും അതിനാവശ്യമായ തീരുമാനങ്ങൾ എടുക്കുകയും വേണം.

റൂറൽ ഡവലപ്പ്മെന്റ് ബോർഡ് മറ്റ് സ്കീമുകളുടെ സഹായത്തോടുകൂടി പദ്ധതികൾ ഏറെറടുത്ത് അത് വാട്ടർഅതോറിറ്റിക്ക് കൈമാറുന്ന സമയത്ത് ഈ 75 ശതമാനവും അവർക്ക് തിരിച്ചുകൊടുക്കുമ്പോൾ ലോക്കൽ ബോഡീസ് അടച്ചിട്ടുള്ള പണം അവർക്ക് തിരിച്ചുകൊടുക്കണം. ഇക്കാര്യങ്ങളെ സംബന്ധിച്ച് തർക്കം വന്നാൽ പഞ്ചായത്തുകളുടേയും കോർപ്പറേഷന്റേയും മുനിസിപ്പാലിറ്റികളുടേയും അഭിപ്രായം കേട്ടതിനുശേഷം മാത്രമേ തീരുമാനം എടുക്കാവൂ. പഞ്ചായത്തുകൾ പണം കൊടുത്തിട്ടുണ്ടെങ്കിൽ ആ തുക പഞ്ചായത്തിനു നൽകണം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞതുപോലെ പദ്ധതികൾക്ക് ബുദ്ധിമുട്ടുവരുന്നില്ല. അതിന്റെ ഫിനാൻസിംഗ് പാറേൺ എന്നു പറയുന്നത് 50 ശതമാനം ഗ്രാന്റും, 50 ശതമാനം ലോണുമാണ്. ഗ്രാന്റും ലോണും എൽ. ഐ. സി. യിൽ നിന്ന് കിട്ടുന്നത് മുഴുവൻ ഗവൺമെന്റ് ഗ്യാരന്റി നൽകുന്നതുകൊണ്ടാണ്. ഒരു പൈസ പോലും പഞ്ചായത്തിന് സ്വന്തമായി മുടക്കേണ്ടതില്ല. അതുകൊണ്ട് പഞ്ചായത്തിന് യാതൊരു ബുദ്ധിമുട്ടും വരുന്നില്ല. റൂറൽ ഡവലപ്പ്മെന്റ് ബ്ലോർഡ് എന്നു പറഞ്ഞാൽ It is only a financing agency. അവരുടെ കയ്യിൽ നിന്ന് പണംമുടക്കില്ല. ഗവൺമെന്റിന്റെ ഫിനാൻസിംഗ് ഏജൻസിയായ അവർ പണം കൊടുക്കുന്നു. അതിന്റെ കക്ഷിയെന്നു പറയുന്നത് ഗവൺമെന്റാണ്. ലോക്കൽ ബോഡീസിന് സ്വന്തമായി ചെലവില്ല. അവർ വാട്ടർ ടാക്സ് പിരിച്ചെടുക്കുന്നത് വേറെയും. ആ നിലയ്ക്ക് ബുദ്ധിമുട്ടില്ല. ബുദ്ധിമുട്ടുണ്ടെങ്കിൽ ഗവൺമെന്റ് അത് പരിശോധിക്കാം. പഞ്ചായത്തും, മുനിസിപ്പാലിറ്റിയും ഗവൺമെന്റിന്റെ രോഗങ്ങളാണല്ലോ.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൾ സഭ വോട്ടിനിട്ടു നിരാകരിച്ചു.

16–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

16–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

17–ാം വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നു. In clause 17, renumber the existing clause as sub-clause (i) of that clause add the following as sub-clause (2) namely:—

"(2) Before taking a decision under sub-section (i) the Government shall give to the local body or the Rural Development Board as the case may be an opportunity of being heard".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ടു നിരാകരിച്ചു.

17–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

17–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിതീർന്നു.

18–ാം വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ മൂവ് ചെയ്യുന്നു.

(1) In clause 18 after sub-clause (i) (c) add the following as sub-clause (d) namely:—

"(d) The Authority shall within three years from the date of such vesting, repay to the local body at least 75% of the expenses already incurred by it for the installation of the water supply and sewerage schemes".

(2) In clause 18 add the following as new sub-clause (4) namely:—

"(4) Before taking a decision under sub-section (2) or sub-section (3), the Government shall give the local body an opportunity of being heard".

മുൻ ഭേദഗതികൾ തള്ളിപ്പോയതുകൊണ്ട് അതിന് പ്രസക്തിയില്ലെങ്കിലും ഇത് അവതരിപ്പിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. പങ്കജാക്ഷൻ, എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. കെ. പങ്കജാക്ഷൻ: ഇത് ഡെലീറ്റു ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. ചില വസ്തുതകൾ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. പ്രാദേശിക സ്വയംഭരണസ്ഥാപന
7 P. M.] ങ്ങളുടെ പരിമിതമായ അവകാശങ്ങളിലും അധികാരങ്ങളിലും പെട്ട ഒന്നായി കണക്കാക്കുന്നതാണ് ശുദ്ധജലവിതരണം. ജനാധിപത്യസ്ഥാപനങ്ങളെ പരിപോഷിപ്പിച്ച് പരിപോഷിപ്പിച്ച് ആ സ്ഥാപനങ്ങൾ ഇന്ന് പ്രവർത്തിക്കാത്ത ദുരവസ്ഥയാണ് ഉള്ളത്. പുതിയ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമെല്ലാം രൂപീകൃതമായി കഴിഞ്ഞാൽ തന്നെയും ഇപ്പോൾ ഉള്ള പ്രധാന പ്രവർത്തനങ്ങൾ നഗരശുചീകരണം, ശുദ്ധജല വിതരണം എന്നിവയൊക്കെയാണ്. അതിൽ പ്രധാനപ്പെട്ട ഒരു പ്രവൃത്തി അതിന്റെ അധികാര പരിധിയിൽ നിന്ന് വിടർത്തിയെടുക്കുകയാണ്. ഇപ്പോൾ തന്നെ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം തുടങ്ങിയ കോർപ്പറേഷനുകളിൽ, ശുദ്ധജലവിതരണത്തിന്റെ അവകാശം പൂർണ്ണമായും അവർക്ക് തന്നെ ലഭ്യമാക്കണമെന്ന അവകാശവാദങ്ങൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. വേറെയും ചില ബുദ്ധിമുട്ടുകളുണ്ട്. ഈ കോർപ്പറേഷനുകൾ അവരുടെ പ്രോപ്പർട്ടി, ടാക്സ് ഈടാക്കുന്നതിന് പ്രോപ്പർട്ടിടാക്സ് നിർണ്ണയിക്കുന്നതും ഈ വാട്ടർ ചാർജ്ജും ഡ്രെയിനേജ് ചാർജ്ജും ഉൾക്കൊള്ളിച്ചിട്ടാണ്. പ്രോപ്പർട്ടി ടാക്സിന്റെ എലിമെന്റുകളിൽ വാട്ടർ ചാർജ്ജും ഡ്രെയിനേജു ചാർജ്ജും ഉൾക്കൊള്ളുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ പരിശോധന ആവശ്യമായി വരുന്നത് ലോക്കൽ ബോഡി സിന്റെ അധികാരങ്ങൾ ഇല്ലാതാക്കുന്നു എന്നതിലല്ല. ഈ വ്യവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

മൂലം ലോക്കൽ ബോഡീസിന് ഇന്നുള്ള വരുമാനമാർഗ്ഗങ്ങളും കുറയുന്നു. അവരുടെ വരുമാനമാർഗ്ഗങ്ങളും വർദ്ധിപ്പിക്കുന്നതിന് പ്രത്യേക ധനകാര്യ കമ്മീഷനുകളെ വയ്ക്കുന്ന ഈ കാലഘട്ടത്തിൽ ഒരു നിയമനിർമ്മാണം മൂലം പരിമിതമായ വരുമാനമാർഗ്ഗങ്ങളും ഈ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉള്ളവയും ഇല്ലാതാക്കുന്നു എന്നതാണ് സത്യം. മറുവശത്ത് ഈ കോർപ്പറേഷനുകളുടെയും മറ്റ് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെയും കീഴിൽ ഈ ശുദ്ധജലവിതരണവുമായി ബന്ധപ്പെട്ടും ഡ്രെയിനേജ് പ്രവർത്തനവുമായും ബന്ധപ്പെട്ടിട്ടുള്ള ജീവനക്കാരെ ഈ അതോറിറ്റിയുടെ കീഴിൽ കൊണ്ടുവരേണ്ടതുണ്ട്. അങ്ങനെ കൊണ്ടുവരുമ്പോൾ ഒരു പിടി തർക്കങ്ങൾക്ക് കാരണമാകും. അവരെ ഈ അതോറിറ്റിയുടെ കീഴിൽ അബ്സോർബ് ചെയ്യേണ്ട പ്രശ്നം ദീർഘമായ വിവാദങ്ങൾക്കും കാരണമാകും. ഇതിനകത്തു പറയുന്ന വ്യവസ്ഥകൾ വച്ചുകൊണ്ടുതന്നെ ഈ ജീവനക്കാർ യഥാർത്ഥത്തിൽ ഈ ശുദ്ധജലവിതരണവും ഡ്രെയിനേജ് പ്രവർത്തനവുമായി ബന്ധപ്പെട്ടിട്ടുണ്ടോ എന്ന് തർക്കം ഉണ്ടായാൽ അത് തീരുമാനിക്കുന്നതിന് പിന്നെ ഗവൺമെന്റ് വേണം. ഇതിന്റെ ഫലമായി ഈ പ്രാദേശിക സ്വയംഭരണസ്ഥാനപങ്ങളുടെ കീഴിൽ പ്രവൃത്തി എടുക്കുന്ന, ഈ വാട്ടർ സപ്ലൈ സീവറേജ് സംവിധാനവുമായി ബന്ധപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് അവരുടെ പണി ഇപ്പോൾ വരുത്തേണ്ട ബാദ്ധ്യത ഈ ഗവൺമെന്റിനുണ്ട്. അതിനെ സംബന്ധിച്ച വ്യക്തമായ വ്യവസ്ഥകൾ ഒന്നും ഇതിനകത്ത് ഒരു വകുപ്പിലും പറയുന്നില്ല. അതുകൊണ്ടാണ് ഇത് നീക്കിക്കിട്ടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നത്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, വാസ്തവത്തിൽ പഞ്ചായത്തിൽ നിക്ഷിപ്തമായിരുന്ന ദുർവ്വഹമായ ഒരു ചുമതല അതോറിറ്റി ഏറ്റെടുക്കുന്നത് പഞ്ചായത്തിന് വളരെയധികം സന്തോഷകരമായ ഒരു കാര്യമാണ്. അവരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഇക്കാര്യത്തെ സംബന്ധിച്ച് ബുദ്ധിമുട്ടില്ല. ഇപ്പോൾ തന്നെ 22 മുനിസിപ്പാലിറ്റികളിൽ ഒക്കെയും പി. എച്ച്. ഇ. ഡി. തന്നെ മാനേജ് ചെയ്തു, പി. എച്ച്. ഇ. ഡി. തന്നെ വാട്ടർ ടാക്സ് കളക്റ്റ് ചെയ്യുന്നുണ്ട്. പഞ്ചായത്തുകൾക്ക് വാസ്തവത്തിൽ എത്രയോ വലിയ സഹായകരമാകും ഇപ്പോൾ ഈ അതോറിറ്റി വരുകയും ആ ചുമതല ഏറ്റെടുക്കുകയും ചെയ്യുന്നതുകൊണ്ട്. അതുകൊണ്ട് ആ നിലയിൽ നമ്മൾ അത് കരുതിയാൽ മതി.

ശ്രീ. കെ. പങ്കജാക്ഷൻ: കോർപ്പറേഷനുകളുടെ കാര്യം അങ്ങ് മറക്കുകയാണ്. അത് എന്തു നടപടിയാണ് സർ? ഔചിത്യമില്ലാത്ത നടപടിയാണ്.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട പങ്കജാക്ഷൻ പറഞ്ഞതുപോലെ സാങ്കേതികമായി പറയുമ്പോൾ അവകാശങ്ങൾ ധാരാളമുണ്ട്. അത് കടലാസ്സിൽ മാത്രം ഉള്ളതുകൊണ്ട് വിശേഷം വല്ലതുമുണ്ടോ? കേരളത്തിലെ ഏതെങ്കിലും ഒരു പഞ്ചായത്തിന് സ്വന്തമായ നിലയിൽ വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കാൻ കഴിവുള്ള ഒരു പഞ്ചായത്ത് കേരളത്തിലുണ്ടോ? ഇല്ല. ഇപ്പോൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് തുടങ്ങിയ കോർപ്പറേഷനുകളിൽ .....ഏതായാലും ഒരു തർക്കത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ ഉത്തമതാൽപ്പര്യങ്ങളെ കരുതിക്കൊണ്ടാണ് ഈ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇത് പാസ്സാക്കിത്തരണം.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

18–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ അംഗീകരിച്ചു. 18–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

19–ാം വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഞാൻ എന്റെ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(1) In sub-clause (1) of clause 19 for the words "his employment in the Authority is terminated" substitute the following namely:—"he attains the age of [superannuation, or voluntarily quits the service of the Authority or removed from the service in accordance with the procedure contained in the Civil Service Classification Control and Appeal Rules".

(2) In the first proviso to sub-clause (1) of clause 19, after the words "and stenographers", add the words "or last grade servants".

(3) In the priviso to sub-clause (1) of clause 19 delete the words "or special" appearing after the words "by general".

(4) In the second proviso to sub-clause (1) of clause 19, for the words "elsewhere in any post or other service under the Government", substitute the words "In any post equal to or similar to the post which he was holding on the date of option in any other Department of Government."

(5) In clause 19 delete sub-clause (6).

(6) In clause 19 sub-clause (7) insert the words "in accordance with the rules issued by the Government" after the words "Authority shall be competent to take"....

സർ, ജീവനക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച വളരെ പ്രധാനപ്പെട്ട ചില പ്രശ്നങ്ങളാണ് ഈ സെക്ഷനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. നേരത്തെ ലോക്കൽ ബോഡിയിലും, പി. എച്ച്. ഇ. ഡി. യിലും ഉണ്ടായിരുന്ന ജീവനക്കാരെ അതോറിറ്റിയിലേക്ക് ട്രാൻസ്ഫർ ചെയ്യുന്ന സമയത്ത് മുൻപുള്ള ജീവനക്കാർക്ക് ഓപ്ഷൻ കൊടുക്കാത്ത കാലത്തോളം അതോറിറ്റിയിൽ തുടരും. സേവനവേതനവ്യവസ്ഥകൾ പുതുക്കുന്നതുവരേയോ, പിരിച്ചയക്കുന്നതുവരേയോ, അത് കഴിഞ്ഞ് പിരിച്ചയയ്ക്കുമെന്നാണ് വ്യവസ്ഥ നിശ്ചയിച്ചിട്ടുള്ളത്. പിരിച്ചയയ്ക്കുകയെന്ന് പറയുമ്പോൾ അതിൽ അർത്ഥമാക്കുന്നതെന്താണെന്ന് വ്യക്തമാക്കണം. പിരിച്ചയയ്ക്കുക എന്നതിന് പകരം റിട്ടയർ ചെയ്യുകയോ, സ്വയം പിരിഞ്ഞുപോകുകയോ, അതല്ലെങ്കിൽ സിവിൽ സർവ്വീസ് ക്ലാസ്സിഫിക്കേഷൻ കൺട്രോൾ ആൻറ് അപ്പീൽ റൂൾസിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതുവരെയോ തുടരും എന്നുള്ള ഭേദഗതി കൊണ്ടുവന്നില്ലെങ്കിൽ പിരിച്ചുവിടുകയെന്നു പറഞ്ഞാൽ ഈ ജീവനക്കാരെ ആകെ പിരിച്ചുവിടുന്നു

LIBRARY ARCHIVES Kerala Legislative Assembly

ഏന്നൊരു തോന്നൽ അതിൽ നിന്നും ഉണ്ടാകുന്നുണ്ട്. അതുപോലെ തന്നെ 109—ൽ സ്റ്റെനോഗ്രാഫർമാർക്കും ടൈപ്പിസ്റ്റുകൾക്കും ഓപ്ഷനുള്ള അവസരം കൊടുത്തിട്ടുണ്ട്. എന്നാൽ ഈ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അതിനുള്ള സൗകര്യം കൊടുത്തിട്ടില്ല. ഗവൺമെന്റ് സർവ്വീസിൽനിന്ന് അവർ പിരിഞ്ഞുപോയിക്കഴിഞ്ഞാൽ ഒരു പക്ഷേ ഈ വാട്ടർ അതോറിറ്റിയുടെ ഓഫീസുകളിൽനിന്നും ഗവൺമെന്റ് സർവ്വീസിൽ അവർ തിരിച്ചുപോകുകയാണെങ്കിൽ അവർക്ക് വീടിന്റെ അടുത്ത് എവിടെയെങ്കിലും ജോലികിട്ടും. പക്ഷേ ഇതിൽ അതിനുള്ള സൗകര്യമില്ല. അത് കാണുന്നില്ല. അതിലേക്കാണ് എന്റെ ഒരു ഭേദഗതി. അതുപോലെതന്നെ Proviso to sub-clause (1) of clause 19:—The Government may by general or special order specify/intimate his intention of not becoming an employee of the Authority.....എന്നു പറയുന്നുണ്ട്. ഈ പ്രോവിസോയിൽ പറയുന്ന കാര്യം വളരെ ലളിതമായിട്ട് നമുക്ക് കാണാൻ കഴിയുകയില്ല. ഒരു ജനറൽ ഓർഡർ ഇറക്കുകയാണെങ്കിൽ, അതിന് ഒരു ഫിക്സഡ് പീരിയഡ് കൊടുക്കുകയാണെങ്കിൽ അതിന്റെ കാര്യം മനസ്സിലാക്കാം. എന്നാൽ അത്തരമൊരു സ്പെഷ്യൽ ഓർഡർ ഈ മാറ്റത്തെ സംബന്ധിച്ചിടത്തോളം ഒരു സാഹചര്യത്തിലുണ്ടായാൽ, നമ്മുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ വളരെയധികം മാൽപ്രാക്റ്റീസിനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ട്, അത് ഒഴിവാക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. ഏതെങ്കിലും ഒരു സർവ്വീസിൽ അല്ലെങ്കിൽ ഏതെങ്കിലും ഒരു സർവ്വീസിലേക്കോ പോസ്റ്റിലേക്കോ അവരെ ട്രാൻസ്ഫർ ചെയ്യും അല്ലെങ്കിൽ അവർക്ക് തുടരാം എന്നു പറഞ്ഞിരിക്കുകയാണ്. അങ്ങനെ പറഞ്ഞാൽ അവർ ഹോൾഡ് ചെയ്തിരുന്ന പോസ്റ്റിനു തുല്യമായിട്ടുള്ള ഒരു പോസ്റ്റാണോ അവർക്ക് കൊടുക്കുന്നതെന്നുള്ള കാര്യം സാമാന്യ നീതിയുടെ ഒരു പ്രശ്നമാണ്. അതുകൊണ്ട്, ഏതെങ്കിലും പോസ്റ്റിൽ ഏതെങ്കിലും സ്ഥലത്ത് ട്രാൻസ്ഫർ ചെയ്യുക എന്നതിനു പകരം അവർ ഹോൾഡ് ചെയ്തിരുന്ന പോസ്റ്റിനു തത്തുല്യമായ ഒരു പോസ്റ്റ് അവർക്ക് കൊടുക്കണമെന്നാണ് മറ്റൊരു ഭേദഗതിയിൽ കാണിച്ചിട്ടുള്ളത്. 19—ാമത്തെ ക്ലോസിൽ (സബ് ക്ലോസ് 6) അത് ഡെലീറ്റുചെയ്യണമെന്നാണ് എന്റെ മറ്റൊരു ഭേദഗതി. ഈ അതോറിറ്റി എംപ്ലോയീസ് 19—ാമത്തെ സെക്ഷൻ അനുസരിച്ചുതന്നെ ഗവൺമെന്റ് ജീവനക്കാർക്ക് തുല്യരാണ്. അപ്പോഴും ഈ 19—ാമത്തെ ക്ലോസിനു പരസ്പരവിരുദ്ധമായിട്ടുള്ള ഒരു ക്ലോസായി സബ് ക്ലോസ് (6) വരും. അതുകൊണ്ട് ഈ ക്ലോസ് ഡെലീറ്റു ചെയ്യണമെന്നാണ് മറ്റൊരു ഭേദഗതി. 19—ാം വകുപ്പ് സബ് ക്ലോസ് (7) അനുസരിച്ച് അതോറിറ്റിക്ക് അച്ചടക്കനടപടികളും എടുക്കാനുള്ള അധികാരമുണ്ട്. പക്ഷേ ഈ അച്ചടക്ക നടപടികളും എടുക്കാനുള്ള അധികാരത്തിന് എന്താണ് ഒരു ഗയിഡ്ലൈൻ എന്നതിനെ സംബന്ധിച്ച് യാതൊരു വ്യക്തതയുമില്ല. അതോറിറ്റിക്ക് കുറേ ആളുകളുടെ പേരിൽ അച്ചടക്കനടപടികളും എടുക്കാം. അതു കുറച്ചുകൂടി വ്യക്തമാക്കണം. ഗവൺമെന്റ് അതിനു അനുസരിച്ചുള്ള റൂൾസ് ഉണ്ടാക്കണം. എന്നിട്ട് അതിനു അനുസൃതമായി മാത്രമേ അച്ചടക്കനടപടികളും എടുക്കാവൂ. അതിനുള്ള ഗയിഡ്ലൈൻ കൊടുക്കണം. ജീവനക്കാരെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ചില ഭേദഗതികളാണ് ഞാൻ അവതരിപ്പിക്കുന്നത്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ക്ലോസ് 19—ലെ വ്യവസ്ഥകളെക്കെയും ജീവനക്കാർക്ക് വളരെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ധികം നന്മയാണ് നൽകുന്നത്. കാരണം, പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്തിട്ട് അതോറിറ്റിയിലേക്ക് വരുമ്പോഴാ ഇങ്ങോട്ടു വരുന്ന ആളുകളെ സംബന്ധിച്ചിടത്തോളം പഴയ ടേംസ് ആൻറ് കണ്ടീഷൻസിൽ കണ്ടിന്യു ചെയ്യുന്നു. Until he is terminated എന്നു പറഞ്ഞാൽ ടെർമിനേറ്റ് ചെയ്യാത്തിടത്തോളം കാലം he is continuing. അതാണ് ഗവൺമെൻറ് ജീവനക്കാരെ സംബന്ധിച്ചിടത്തോളം എല്ലാവർക്കും ഉള്ളത്. അവർ ഇവിടെ കണ്ടിന്യു ചെയ്യുന്നിടത്തോളം കാലം അവരുടെ പഴയ terms and conditions അനുസരിച്ചിരിക്കും. അതു കൂടാതെ കാലാകാലങ്ങളിൽ കൂടുതൽ സേവന വ്യവസ്ഥകളും റിവൈസ് ചെയ്യുമ്പോൾ ആ റിവൈസ് ചെയ്യുന്ന സ്കെയിലിൽ ഈ ടേംസ് വരുന്നു എന്നുള്ളതാണ്. ശ്രീ. കാനത്തിന്റെ അമെൻറുമെൻറ് സ്വീകരിച്ചാൽ കാലാകാലങ്ങളിൽ റിവൈസ് ചെയ്യുകയെന്നുള്ള ആ പ്രോവിഷൻ എടുത്തുകളഞ്ഞാൽ അത് ജീവനക്കാർക്ക് ഗുണകരമായിരിക്കുകയില്ല. അതു കൊണ്ട് ഇപ്പോഴത്തെ എക്സിസ്റ്റിംഗ് ക്ലോസ് പ്രധാനമായും അമെൻഡു ചെയ്യേണ്ട കാര്യമില്ല എന്നാണെന്റെ അഭിപ്രായം.

Shri K. Pankajakshan: Sir, I move the following amendments:

(1) In clause 19 sub-clause (1) delete the words "until his employment in the Authority is terminated or"

(2) In clause 19 re-number sub-clause (4) as sub clause (4) (a) of that clause and after the sub-clause as so renumbered add the following as sub-clause (b) namely:—

"(b) Every person who was employed in the Public Health Engineering Department of the Government other than those mentioned in sub-section 4 (a) shall, on and from the appointed day become an employee of the Authority and shall hold his office or service therein by the same tenure at the same remuneration and upon the same conditions of service with the same rights and previleges as he would have held the same on the appointed day if this Act had not come into force and shall continue to do so until his remuneration and other terms and conditions of service are revised or altered by the Authority under or in pursuance of any law". ഞാൻ നേരത്തെ പറഞ്ഞതുപോലെ ഈ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന വാട്ടർ വർക്സ് ഡ്രെയിനേജ് സംവിധാനങ്ങൾക്കുവേണ്ടിയുള്ള ഈ നിയമം പാസ്സാക്കുന്നതോടുകൂടി ഇതു വാട്ടർ അതോറിറ്റിയുടെ കീഴിലായിക്കഴിയുമ്പോൾ ഈ പ്രാദേശികസ്വയംഭരണസ്ഥാപനങ്ങളിൽ ഇന്നു പ്രവൃത്തിയെടുത്തുകൊണ്ടിരിക്കുന്ന ജീവനക്കാർ ഇങ്ങോട്ടു വരുമോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം. ഇപ്പോൾ ഇതിൽ എഴുതിവച്ചിരിക്കുന്ന രീതിയിൽ പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാരും ഗവൺമെൻറ് ജീവനക്കാരും ഒഴികെയുള്ള മറ്റ് ജീവനക്കാർ ഏതു സ്വർഗ്ഗത്തിലേക്ക് പോകുമെന്ന് ആർക്കുമറിയില്ല. അവർ ത്രിശങ്കു സ്വർഗ്ഗത്തിലുമായിരിക്കുകയില്ല, നേരെ പാതാളത്തിലേക്ക് ചവുട്ടി താഴ്ത്തപ്പെടുമെന്നുള്ളതാണ് വസ്തുത. അവരുടെ ജോലിക്ക് ഉറപ്പോ വേതനത്തിന് സംരക്ഷണമോ നൽകുമെന്നോ ഈ നിയമത്തിനകത്ത് ഒരിടത്തും പറഞ്ഞിട്ടില്ല.

നൂറുകണക്കിനു തൊഴിലാളികളും വാട്ടർസപ്ലൈ സംവിധാനത്തിലും ഡ്രെയിനേജ് സംവിധാനത്തിലും പ്രവർത്തിക്കുന്നുണ്ട്. ഓടകളിലിറങ്ങി ഫ്ളഷിംഗ് നടത്തുന്ന ജീവനക്കാർ, മലമൂത്രവിസർജ്ജനങ്ങൾ കെട്ടിക്കിടക്കുന്ന മാൻഹോളുകളിലിറങ്ങി പ്രവൃത്തിയെടുക്കുന്ന ജീവനക്കാർ എന്നിവരെ സംബന്ധിച്ചിടത്തോളം അവരുടെ തൊഴിലിന് എന്തെങ്കിലും സംരക്ഷണം നൽകുന്നതിന് ഈ നിയമത്തിനകത്ത് എന്തെങ്കിലും വ്യവസ്ഥകളുണ്ടോ? ഈ വാട്ടർ സപ്ലൈ സിസ്റ്റം പ്രവർത്തിപ്പിക്കുന്ന ഓപ്പറേറ്റർമാർ അവിടെയുണ്ട്. നോമിനൽ മസ്റ്റർ റോളിലും സീസണൽ മസ്റ്റർ റോളിലും കാഷ്വൽ മസ്റ്റർ റോളിലും പ്രവൃത്തിയെടുക്കുന്ന ജീവനക്കാരുണ്ട്. അവരെ എന്തുചെയ്യുമെന്ന് ഇതിനകത്തു പറഞ്ഞിട്ടില്ല. ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ ഈ ജീവനക്കാർ മുഴുവൻ തെരുവാധാരമായിത്തീരും. അതിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കൂട്ടുനിൽക്കുമോയെന്ന് എനിക്കറിയില്ല. ഇതിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ ശ്രദ്ധിച്ചുനോക്കിയാൽ 19 (1) വകുപ്പു കൂടുതൽ ദ്രോഹകരമാണെന്നാണ് എനിക്ക് തോന്നുന്നത്. അവരുടെ തൊഴിലിനും സേവന–വേതന വ്യവസ്ഥകൾക്കും സംരക്ഷണം നൽകുന്ന ഒരു വാചകവും അതിൽ ഇല്ലെന്നുമാത്രമല്ല, അഥവാ ഇവിടെ ഏതെങ്കിലും വിഭാഗം ജീവനക്കാർ പണിയെടുക്കുന്നുണ്ടെങ്കിൽ വേണമെങ്കിൽ അവരെ പറഞ്ഞയക്കാമെന്നും വ്യവസ്ഥയുണ്ട്.

19, (1) വകുപ്പിൽ.....

Save as otherwise provided in this section, every person who was employed in the Public Health Engineering Department of the Government shall, on and from the appointed day become an employee of the Authority and shall hold his office or service therein by the same tenure, at the same remuneration and upon the same terms and conditions, and with the same rights and previleges as to pension, gratuity and other matters as he would have held the same on the appointed day if this Act had not come into force and shall continue to do so until his employment in the Authority is terminated....

എന്നുവച്ചാൽ അഥവാ ഇതിലെങ്ങും പെടാത്ത പുതിയ തസ്തികകൾ സൃഷ്ടിച്ച് അതിൽ ഉൾക്കൊള്ളാത്തവർ ആരെങ്കിലും ഉണ്ടെങ്കിൽ അവർ ഇതിൽ തുടരും; അവരെ ഈ ജോലി അവസാനിപ്പിച്ചു പറഞ്ഞ് അയയ്ക്കുന്നതുവരെ എന്ന് ഏറ്റവും അപകടകരമായ ഒരു വ്യവസ്ഥകൂടി ഇതിനകത്തുണ്ട്. അതുകൊണ്ട് അതിനെഞ്ഞാൻ കൊണ്ടുവന്ന ഭേദഗതി സ്വീകരിക്കണം.

19 (4) വകുപ്പിൽ പറയുന്നത്,

Every permanent or temporary employee of the Public Health Engineering Department of the State Government under sub-section (1) shall on and from the appointed day, be a permanent or temporary employee, as the case may be, of the Authority, against a permanent or temporary post which shall stand created in the establishment of the Authority with effect on and from the appointed day എന്നാണ്. പബ്ലിക് ഹെൽത്ത് എഞ്ചിനിയറിംഗ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഇപ്പോഴും പ്രവൃത്തിയെടുക്കുന്ന സ്ഥിരമോ ടെമ്പററിയോ ആയ ജീവനക്കാർ ഈ നിയമം പാസ്സായി, പ്രാബല്യത്തിൽ വരുന്നതോടുകൂടി സ്ഥിരമായും ടെമ്പററിയുമായും പ്രവൃത്തിയെടുക്കുന്ന ജീവനക്കാർക്കും ഉദ്യോഗസ്ഥൻമാർക്കും തത്തുല്യമായ തസ്തികകളും അതോറിറ്റിയുടെ കീഴിൽ സൃഷ്ടിക്കപ്പെടുകയും അവരെ ഉൾക്കൊള്ളുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

പെർമനന്റും ടെമ്പററിയുമായ ജീവനക്കാർക്ക് പെർമനന്റും ടെമ്പററിയുമായി തസ്തികകളും സൃഷ്ടിക്കുമെന്ന്. പെർമനന്റോ ടെമ്പററിയോ അല്ലാത്ത വളരെയധികം ജോലിക്കാരുണ്ട്. എൻ. എം. ആർ. ജോലിക്കാരുണ്ട്. അവരിൽ കുറച്ചുപേരെ ഗവൺമെന്റ് അബ്സോർബ് ചെയ്തു. ഇനിയും അങ്ങനെയുള്ള എൻ. എം. ആർ. ജോലിക്കാർ, സീസണലായി പ്രവൃത്തിയെടുക്കുന്നവർ, മെഷിൻ ഓപ്പറേറർമാർ, കാഷ്വൽ ജീവനക്കാർ, ദിവസക്കൂലിക്കാർ എന്നിവരുണ്ട്. അവരെ ഉൾക്കൊള്ളുന്നതിനുള്ള വ്യവസ്ഥയുണ്ടാക്കണം. ഈ അതോറിറ്റി നിലവിൽ വന്നപ്പോഴത്തെ ഇതിന്റെ തിക്താനുഭവം ഉണ്ടായി. ആനുവലായും മറ്റും പ്രവൃത്തിയെടുത്തുകൊണ്ടിരുന്ന ജീവനക്കാരെ പിറേദിവസം പിരിച്ചു വിട്ടു. അവർ ഇന്നു തെരുവിൽ കഴിയുന്നു. ഈ അനുഭവം വ്യാപകമായി ഈ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഉണ്ടാകരുതെന്നുള്ളതുകൊണ്ട് ഞാൻ അടുത്ത ഭേദഗതി അവതരിപ്പിക്കുന്നു. ഈ ഭേദഗതി അനിവാര്യമാണ്. ആ ഭേദഗതി അംഗീകരിക്കാതെ ഈ ബിൽ പാസ്സാക്കിയാൽ അതിനെക്കാൾ തൊഴിലാളിദ്രോഹമായ മറെറാരു നടപടിയില്ലെന്നുള്ളതു പറയാതെവയ്യ.

ശ്രീ. ഇ. പത്മനാഭൻ: സർ, 19–ാം വകുപ്പിൽ ഒരു കാര്യം പറയുന്നുണ്ട് അതു മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. ഇതുപോലെ മറ്റു സ്റേറററ് നിയമങ്ങളിലും വകുപ്പുകളുണ്ട്. അതിൽ ഗുജറാത്തുബോർഡ് നേരത്തെ ഇവിടെ പരാമർശിച്ചു. അതിൽ പറയുന്ന വകുപ്പ് Provided that the conditions to service applicable immediately before the appointed date to the case any such officer or servant shall not be varies to his disadvantage except with the previous approval of the State Government..... .....ഇങ്ങനെ ഒരു സംരക്ഷണത്തിനാവശ്യമായ ഒരു പ്രൊവിസോ നേരത്തെയുണ്ടായിരുന്ന സർവ്വീസ് കണ്ടീഷനെക്കാളും മോശമായ സർവ്വീസ് കണ്ടീഷൻസ് ഉണ്ടാകരുതെന്ന രീതിയിലുള്ള ഒരു സംരക്ഷണത്തിനുള്ള ഒരു ഏർപ്പാട് ഈ നിയമത്തിൽ ഉണ്ടാകണം. അത് ഈ നിയമത്തിൽ മാത്രമല്ല, 84 മുതൽക്ക് സ്റേറററ് റീ ഓർഗനൈസേഷൻ ഏർപ്പാടുകളും നൽകി ജീവനക്കാരെ അങ്ങോട്ടും ഇങ്ങോട്ടും മാറാൻ, കേന്ദ്ര ഗവൺമെന്റിന്റെ ഡിപ്പാർട്ടുമെന്റുകളും കോർപ്പറേഷനുകളും ബോർഡുകളുമായി മാറാനും തുടങ്ങിയ സന്ദർഭത്തിൽ എല്ലാപേരുടേയും എല്ലാ നിയമത്തിലും ഉണ്ടായിട്ടുള്ള ഒരു വകുപ്പാണ്. ആ ഒരു സംരക്ഷണം ഇവിടെയും പബ്ലിക്ക് ഹെൽത്ത് എഞ്ചിനീയറിംഗിലെ ജീവനക്കാർക്ക് കൊടുക്കണം. അതുപോലെതന്നെ മുനിസിപ്പാലിറ്റികളിലേയും പഞ്ചായത്തുകളിലേയും സ്ഥാപനങ്ങളും ഏറെറടുക്കുന്ന സമയത്ത് അവിടത്തെ ജീവനക്കാർക്കും ഇന്നു നിലവിലുള്ളതിൽ കുറയാത്ത സൗകര്യങ്ങളും സംരക്ഷണങ്ങളും സേവനവ്യവസ്ഥകളും ഉണ്ടാകുമെന്നുള്ള ഒരു ഉറപ്പു വരുത്തണം. അതിനുവേണ്ടി അത്തരം ഒരു പ്രൊവിസോ 19–ാം വകുപ്പിൽ ചേർക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട പങ്കജാക്ഷൻ ഇതൊരു തൊഴിലാളി വിരുദ്ധ ക്ലാസാണെന്നു പറഞ്ഞത് വാസ്തവത്തിൽ സങ്കടകരമാണ്. അങ്ങനെ പറയരുത്. തൊഴിലാളിവിരുദ്ധമായ യാതൊന്നും ഇതിലില്ലെന്നു മാത്രമല്ല, ശ്രീ. പങ്കജാക്ഷന്റെ അമൻഡ്മെന്റ് every person who was in the service of the Public Health Engineering Department അവർ അതേ ടേംസ് ആൻഡ് കണ്ടീഷൻസോടുകൂടി തുടരണമെന്നുള്ളതാണ്. ശ്രീ. പങ്കജാക്ഷന്റെ

LIBRARY ARCHIVES Kerala Legislative Assembly

അമൻഡ്മെൻറിലെ അതേ വാക്കുകളാണ് ഒന്നാമത്തെ സബ്ക്ലാസ്സിൽ പറഞ്ഞിരിക്കുന്നത്. ഒന്നാമത്തെ സബ്ക്ലാസ്സിൽ അവർക്കെല്ലാം സ്ഥിരമായി സേവന–വേതന വ്യവസ്ഥകൾ തുല്യമാണ്. അതുകൊണ്ട് ആ പ്രൊട്ടക്ഷൻ കൊടുത്തിട്ടുണ്ട്. 19 (4) എന്നു പറയുന്നത്; ഇത് ഒരു സ്പെഷ്യൽക്ലാസ്സാണ്. പെർമനൻറായിട്ടുള്ളതും ടെമ്പററിയായിട്ടുള്ളതും ആയ പോസ്റ്റുകൾക്കു വേണ്ടി സ്പെഷ്യലായിട്ടുള്ള ഒരു ക്ലാസ്സാണ്. 19(1)ൽ Every person, even the contingent employees of the Public Health Engineering Department, they will continue as employee in the new Authority. There is no doubt regarding that.

ശ്രീ. കെ. പങ്കജാക്ഷൻ: ഇതിൽ ദുരുദ്ദേശമില്ലാ എന്നാണ് അങ്ങയുടെ വാദഗതിയെങ്കിൽ എൻെറ ഭേദഗതി അംഗീകരിക്കണം.

Until their services are terminated എന്നാണ് പറയുന്നത് അത് ദുരുദ്ദേശപരമാണ്.

ശ്രീ. കെ. എം. മാണി: യാതൊരു ദുരുദ്ദേശവുമില്ല. സബ് ജക്ട് കമ്മിറ്റി കൊണ്ടുവന്നതുപോലെ അംഗീകരിച്ചിട്ടുള്ളതു കൊണ്ട് യാതൊരു ബുദ്ധിമുട്ടുമില്ല.

ശ്രീ. കെ. പങ്കജാക്ഷൻ: അത് അംഗീകരിക്കാത്തിടത്തോളം കാലം തൊഴിലാളികൾക്ക് ദ്രോഹകരമാണ് ഈ വ്യവസ്ഥ. ഉദ്യോഗസ്ഥൻമാർക്ക് ജീവനക്കാരെ പിരിച്ചുവിടുന്നതിനുള്ള അവകാശം നിങ്ങൾ നൽകരുത്.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. പങ്കജാക്ഷൻ അവതരിപ്പിച്ച ഭേദഗതികൾ സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. കെ. പങ്കജാക്ഷൻ: സർ, ഞാൻ പോകം ആവശ്യപ്പെടുന്നു.

(താഴെ പറയുന്ന പ്രകാരം വേർതിരിഞ്ഞ് സഭ വോട്ടു രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—39

1. ശ്രീ. ടി. കെ. അബ്ദു
2. ,, കെ. പി. അരവിന്ദാക്ഷൻ
3. ,, ടി. കെ. ആറുമുഖൻ
4. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
5. ശ്രീ. കെ. ചന്ദ്രശേഖരൻ
6. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
7. ,, വി. എസ്. ചന്ദ്രശേഖരൻപിള്ള
8. ശ്രീമതി കെ. ആർ. ഗൗരി
9. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
10. ,, ടി. കെ. ഹംസ
11. ,, ഇ. കെ. നായനാർ
12. ,, കെ. ടി. കണാരൻ
13. ,, എം. കെ. കേശവൻ
14. ,, വി. കേശവൻ
15. ,, സി. ടി. കൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

16. ശ്രീ. കെ. കൃഷ്ണൻ കുട്ടി
17. ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
18. ,, കെ. ടി. കുമാരൻ
19. ,, പി. കുമാരൻ
20. ,, പി. വി. കുഞ്ഞികണ്ണൻ
21. ,, ലോനപ്പൻ നമ്പാടൻ
22. ,, സി. പി. മൂസ്സാൻകുട്ടി
23. ,, ഇ. പത്മനാഭൻ
24 ,, കെ പങ്കജാക്ഷൻ
25. ,, ടി. പി. പീതാംബരൻ മാസ്റ്റർ
26. ,, കെ. പി. പ്രഭാകരൻ
27. ,, കെ. പുരുഷോത്തമൻ
28. ,, വർക്കല രാധാകൃഷ്ണൻ
29. ,, വി. കെ. രാജൻ
30. ,, കാനം രാജേന്ദ്രൻ
31. ,, എ. കെ. ശശീന്ദ്രൻ
32. ,, എ. സി. ഷൺമുഖദാസ്
33. ,, എ. വി. താമരാക്ഷൻ
34. ,, സി. കെ. തങ്കപ്പൻ
35. ,, വി. ജെ. തങ്കപ്പൻ
36. ,, എസ്. ആർ. തങ്കരാജ്
37. ,, പി. സി. തോമസ് (കടുത്തുരുത്തി)
38. ,, ജി. വരദൻ
39. ,, പി. വിജയദാസ്

പ്രതികൂലിക്കുന്നവർ—62

1. ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി
2. ,, ഇ. അഹമ്മദ്
3. ,, കൊരമ്പയിൽ അഹമ്മദ് ഹാജി
4. ,, സി. ടി. അഹമ്മദ് അലി
5. ,, കെ. അവുക്കാദർകുട്ടി നഹ
6. ,, തെന്നല ജി. ബാലകൃഷ്ണപിള്ള
7. ,, പി. കെ. കെ. ബാവ
8. ,, യു. എ. ബീരാൻ
9. ,, ബെന്നി ബഹനാൻ
10. ,, പി. ഭാസ്കരൻ
11. ,, വി. ദിനകരൻ
12. ,, എം. പി. ഗംഗാധരൻ
13. ,, എ. ജോർജ്ജ്
14. ,, പി. സി. ജോർജ്ജ്
15. ,, എം. എം. ഹസ്സൻ
16. ,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ
17. ,, ടി. എം. ജേക്കബ്ബ്
18. ,, സി. ജി. ജനാർദ്ദനൻ
19. ,, ടി. എസ്. ജോൺ
20. ,, എ. സി. ജോസ്
21. ,, ജോസ് കുറ്റിയാനി
22. ,, ഡോക്ടർ കെ. സി. ജോസഫ്

LIBRARY ARCHIVES Kerala Legislative Assembly

23. ശ്രീ. കെ. സി. ജോസഫ്
24. ,, വി. വി. ജോസഫ്
25. ശ്രീമതി എം. കമലം
26. ശ്രീ. കെ ജി. ആർ. കർത്താ
27. ,, പി. കെ. കുഞ്ഞാലിക്കുട്ടി
28. ,, മണിമംഗലത്തു കുട്ട്യാലി
29. ,, ഇ. ജെ. ലൂക്കോസ്
30. ,, കെ. പി. എ. മജീദ്
31. ,, കെ. എം. മാണി
32. ,, എം. വി. മാണി
33. ,, കെ. മുഹമ്മദാലി
34. ,, ഇ. ടി. മുഹമ്മദ്ബഷീർ
35. ,, പി. എ. മുഹമ്മദ് കുട്ടി
36. ,, കെ. എസ്. നാരായണൻ നമ്പൂതിരി
37. ,, കെ. പി. നൂറുദ്ദീൻ
38. ,, ഉമ്മൻ ചാണ്ടി
39. ,, സി. വി പത്മരാജൻ
40 ,, തച്ചടി പ്രഭാകരൻ
41 ,, കെ. രാഘവൻ മാസ്റ്റർ
42 ,, രാഘവൻ പൊഴക്കടവിൽ
43 ,, കെ. കെ. രാമചന്ദ്രൻമാസ്റ്റർ
44. ,, കെ. പി. രാമചന്ദ്രൻനായർ
45. ,, എസ്. രാമചന്ദ്രൻപിള്ള
46. ,, തേറമ്പിൽ രാമകൃഷ്ണൻ
47. ,, കെ. പി. രാമൻ
48. ,, വയലാർ രവി
49. ,, പി. സീതിഹാജി
50. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
51. ,, കടവൂർ ശിവദാസൻ
52. ,, നാലകത്തു സൂപ്പി
53. ,, പന്തളം സുധാകരൻ
54. ,, സി. എം. സുന്ദരം
55. ,, എൻ. സുന്ദരൻനാടാർ
56. ,, വി. സുരേന്ദ്രൻപിള്ള
57. ,, പി. പി. തങ്കച്ചൻ
58. ,, സി. എഫ്. തോമസ്
59. ,, കെ. കെ. തോമസ്
60. ,, പി. കെ. വേലായുധൻ
61. ,, ടി. വി. വിജയരാജൻ
62. ,, സ്റ്റീഫൻ പാദുവ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

അനുകൂലിക്കുന്നവർ—39

പ്രതികൂലിക്കുന്നവർ—62

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

ശ്രീ. കെ. പങ്കജാക്ഷൻ അവതരിപ്പിച്ച ഭേദഗതികൾ സഭ വോട്ടിനിട്ട് നിരാകരിച്ചതായി പ്രഖ്യാപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

19–ാം വകുപ്പ് ബില്ലിന്റെ ഭാഗമാകാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു നിരാകരിച്ചു.

19–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

20-ാം വകുപ്പ്

Shri Kanam Rajendran:—Sir, I move the following amendments.

(1) In clause 20 sub-clause (1) delete the word "exclusively" appearing after the word "employed".

(2) In clause 20 sub-clause (2) after the words figures and brackets "the Industrial Disputes Act, 1947 (central act 14 of 1947)" insert the words "or last grade employee".

(3) In clause 20 sub clause (3) delete the word "exclusively" appearing after the words "any person was".

(4) In clause 20 add the following proviso to sub clause (3) namely:—

"provided that the Government shall consult the local body before taking a decision under this section".

(5) In clause 20 delete sub-clause (7) and renumber the remaining sub-clause.

(6) In clause 20 sub-clause (8), after the words "Authority shall be competent to take", insert the words "in accordance with rules issued by Government".

20–ാം വകുപ്പിൽ പറയുന്നത് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും സംബന്ധിക്കുന്ന ഭാഗത്തിന്റെ തുടർച്ചയാണ്. ലോക്കൽ ബോഡിസ് അതോറിറ്റിയിൽ ഉണ്ടാകുന്ന ചില പ്രശ്നമാണ് ഇതിനകത്തുള്ളത്. Save as otherwise provided in this section, an employee who was employed exclusively in connection with water supply or sewerage service or sewerage works under a local body whose properties, assets and water supply and sewerage service have been transferred exclusively. എങ്ങനെയാണ്? ലോക്കൽ ബോഡീസിൽ ജോലി ചെയ്തു കൊണ്ടിരിക്കുന്ന സമയത്ത് വാട്ടർ ചാർജ്ജിന്റെ ബില്ല് കളക്ട് ചെയ്യുന്നയാളും ബിൽഡിംഗ് ടാക്സിന്റെ രസീതും കൊടുത്തുകൊണ്ടും. അവിടെ വാട്ടർ ചാർജ് ബില്ല് കളക്ഷനു വേണ്ടി മാത്രം ഒരുപക്ഷെ ആളെ നിയമിച്ചിട്ടുണ്ടാകുകയില്ല. അങ്ങനെയുള്ള സമയത്തു exclusively in connection with water supply or sewerage services എന്നു പറഞ്ഞാൽ ലോക്കൽ ബോഡീസിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ആളുകൾ exclusive ആയിട്ട് ഈ ജോലി ഒഴിച്ച് മറ്റു ഏതെങ്കിലും ജോലി ചെയ്തിട്ടുണ്ട് എന്ന ന്യായം പറഞ്ഞ് അവരെ പുറത്തുനിറുത്താനുള്ള സൗകര്യം ഇതിൽകാണുന്നുണ്ട്. അതുകൊണ്ട് ലോക്കൽ ബോഡീസ് അവരുടെ പരിമിതമായ സൗകര്യങ്ങളും സ്റ്റാഫുകളുംക്ക് വച്ച് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുമ്പോൾ ഒന്നോ, രണ്ടോ, ചെറുതോ, വലുതോ ആയിട്ടുള്ള വാട്ടർ സപ്ലൈ സ്കീമുള്ള സമയത്ത് അതിനുവേണ്ടി ജോലി ചെയ്ത ആളുകളെ ഈ നിലയിൽ മാത്രം ഒരു പക്ഷേ എടുക്കാൻ കഴിയാതെ വരും. exclusively എന്നു ആ വാക്ക് അതിൽ നിന്ന് ഒഴിവാക്കിയില്ലെങ്കിൽ അതിൽ കുറച്ച് അപകടം പതിയിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നുണ്ടെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് employed എന്നതിനുശേഷം വരുന്ന exclusively എന്നുള്ളവാക്ക് ഡിലീറ്റ് ചെയ്യണം എന്നാണ് എന്റെ ഭേദഗതി. ഭേദഗതിയിൽ ഐ. ഡി. ആക്ടിനെ സംബന്ധിച്ച് പറയുന്നുണ്ട്. ലോക്കൽ ബോഡീസിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സാധാരണ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് മാറ്റാറില്ല. ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് വളരെ തുച്ഛമായ ശമ്പളമാണുള്ളത്. അതുകൊണ്ട് കഴിയുമെങ്കിൽ വളരെ വിദൂരമായ സ്ഥലങ്ങളിലേക്ക് അവരെ പോസ്റ്റു ചെയ്യാതെ വീടിനടുത്തോ അവർക്ക് പോയി വരാൻ കഴിയുന്ന സ്ഥലത്തോ ആണ് അവരെ സാധാരണ ഗതിയിൽ പോസ്റ്റു ചെയ്യാറുള്ളത്. അതുകൊണ്ട് വിദൂരസ്ഥലങ്ങളിലേക്കുള്ള ട്രാൻസ്ഫറിൽ നിന്നും അവരെ ഒഴിവാക്കുകയാണ് ചെയ്യേണ്ടത് എന്നാണ് ഐ. ഡി. ആക്ടിനെ സംബന്ധിച്ചു പറയുന്നത്. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ ഉൾപ്പെടുത്തി അവർക്കും കൂടി സൗകര്യങ്ങൾ ചെയ്യുന്ന വിധത്തിൽ അതിൽ ഭേദഗതി ചെയ്യണമെന്നുള്ള മറ്റൊരു അമൻറുമെൻറാണ് എനിക്ക് മൂവ് ചെയ്യാനുള്ളത്. അങ്ങനെ ജീവനക്കാരെ സംബന്ധിക്കുന്ന ഈ വിധത്തിലുള്ള വകുപ്പുകളാണ് ഇതിനകത്ത് എഴുതിച്ചേർത്തിരിക്കുന്നത്. ലോക്കൽ ബോഡീസിലെ ജീവനക്കാരെ അതോറിട്ടിയിലേക്ക് എടുക്കുന്ന സമയത്ത് ഏതെങ്കിലും തർക്കം ഉണ്ടായാൽ അതിനെ സംബന്ധിച്ചു ഗവൺമെൻറ് തീരുമാനം എടുക്കണമെന്നാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. അവിടെയും ഉണ്ട് ഒരു exclusively. Exclusively employed in connection with the water supply or sewerage services or sewerage works under a local body immediately before the said date എന്നു പറഞ്ഞിട്ടുണ്ട്. അവിടെയും ഒരു exclusively കടന്നു കൂടിയിട്ടുണ്ട്. ഇത് വലിയ അപകടമാണ്.

ഈ ജീവനക്കാരെ സംബന്ധിച്ചിടത്തോളം തർക്കമുണ്ടായാൽ അതാത് ലോക്കൽ ബോഡികളുമായി കൺസൾട്ട് ചെയ്ത്, അതിൻമേൽ തീരുമാനമുണ്ടാക്കണമെന്ന് പറയുന്നതിനുപകരം ഗവൺമെൻറ് ഈ അധികാരങ്ങളെല്ലാം കൂടി എക്സർസൈസ് ചെയ്യുന്ന ഒരു സമ്പ്രദായമാണ് കാണുന്നത്. ഇതിനാണ് ഞാൻ ഭേദഗതി മൂവ് ചെയ്തിട്ടുള്ളത്. "..... Nothing in any rule, regulations nor order applicable to employees of the local bodies in relation to retrenchment or abolition of posts shall apply to any employee referred to in sub-section (1)....." സബ്സെക്ഷൻ (1) നെക്കുറിച്ച് സൂചിപ്പിച്ചതാണ്. ഇഷ്ടംപോലെ പിരിച്ചുവിടുവാനുള്ള എല്ലാ സൗകര്യങ്ങളും തൊഴിലാളികളെ ദ്രോഹിക്കുവാനുള്ള സൗകര്യവും ഈ നിയമത്തിൽ ഉണ്ടാക്കിയിരിക്കുന്നു. ആധികാരികമായി തൊഴിലാളികളെ പിരിച്ചുവിടുവാനുള്ള അധികാരം കൊടുത്തിരിക്കുകയാണ്. അങ്ങനെ അധികാരം കൊടുത്തുകഴിഞ്ഞാൽ സ്വാഭാവികമായിട്ടും ഈ അതോറിറ്റിയിൽ മുമ്പ് ജോലിചെയ്തുകൊണ്ടിരുന്ന ജീവനക്കാരെ അവിടത്തെ ജീവനക്കാരല്ലാതാക്കാനും പിരിച്ചുവിടുവാനും ബ്ലാങ്ക് ചെക്ക് കൊടുക്കുവാനും ഉള്ള ഈ വകുപ്പ് ഭേദഗതി ചെയ്യണമെന്നുള്ളതാണ്. അതുകൊണ്ട് ആ വകുപ്പ് ഡിലീറ്റ് ചെയ്യണമെന്നുള്ളതാണ് ഞാൻ ഭേദഗതിയായി അവതരിപ്പിച്ചിരിക്കുന്നത്. അതോറിട്ടിയെ സംബന്ധിച്ചിടത്തോളം The authority shall be competent to take such disciplinary or other action as it thinks fit....അതിനെക്കുറിച്ച് തർക്കമില്ല. അതോറിട്ടിയിലെ ജീവനക്കാർക്ക് എതിരായി നടപടികളെടുക്കുവാനും അതിനുള്ള സമാധാനം ചോദിക്കാനുമൊക്കെ അവകാശം അതോറിട്ടിക്ക് തന്നെയാണ്. പക്ഷേ അതിന് എന്താണ് ചട്ടങ്ങൾ? അതിന് ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

പ്രിസ്ക്രൈബ് ചെയ്യുന്ന റൂംസ് എന്താണെന്നോ ഏതെങ്കിലും റഗുലേഷൻസ് ഇക്കാര്യത്തിൽ ഉണ്ടാക്കണമെന്നോ ഉള്ള യാതൊരു നിർബന്ധമോ, നിബന്ധനയോ ഈ ബില്ലിൽ കാണുന്നില്ല. അതുകൊണ്ട് നിയമാനുസൃതമായി മാത്രമേ നടപടികളും എടുക്കാൻ പാടുള്ളൂ എന്നുള്ളതുകൊണ്ടാണ് അടുത്ത ഭേദഗതി മൂവ് ചെയ്തിരിക്കുന്നത്.

ശ്രീ. കെ. പങ്കജാക്ഷൻ: പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുന്ന ഒരു വ്യവസ്ഥയുമില്ലെന്നു ചൂണ്ടിക്കാണിച്ചതുപോലെതന്നെ അത് തൊഴിലാളി ദ്രോഹമല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞുവെങ്കിലും തികഞ്ഞ തൊഴിലാളി ദ്രോഹങ്ങളും ചെയ്യുന്നതിന് അവിടത്തെ ഉദ്യോഗസ്ഥൻമാർക്ക് അവസരം ഉണ്ടാക്കിക്കൊടുക്കുന്ന വ്യവസ്ഥയാണെന്ന് എനിക്ക് തറപ്പിച്ചു പറയാൻ കഴിയും. അതിനെക്കാളും വ്യാപകമായ രീതിയിൽ ദോഷം ചെയ്യുന്ന വ്യവസ്ഥകളും ഇരുപതാം വകുപ്പിലെ വിവിധ ഉപവകുപ്പുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അങ്ങയുടെ അറിവിനു വേണ്ടി ഞാൻ വായിക്കാം. "Nothing in any rule, regulations or order applicable to employees of the local bodies in relation to retrenchment or abolition of posts shall apply to any employee referred to in sub-section (1)". ഏതെങ്കിലുമൊരു സ്ഥലത്ത് എവിടെയെങ്കിലും ഒരു വ്യവസ്ഥ തൊഴിലാളികളെ റിട്രെഞ്ച് ചെയ്യുന്നതിനൊക്കെ എതിരായിട്ടുണ്ടെങ്കിൽ അത് ഇതിലെ തൊഴിലാളികൾക്ക് ബാധകമല്ല. എന്നു വച്ചാൽ ഈ തൊഴിലാളിയെ പിരിച്ചുവിടാം, തസ്തികകളും ഉണ്ടെങ്കിൽ അതിനെ അവസാനിപ്പിക്കാം. അതിനെ ചോദ്യം ചെയ്യാനെന്തെങ്കിലും ഒരു നിയമമുണ്ടെങ്കിൽ ആ നിയമം ഇവിടെ ബാധകമല്ലെന്നാണ്. ഇത് തൊഴിലാളിദ്രോഹമായി ഉൾക്കൊള്ളാൻ കഴിയും. അതുകൊണ്ട് ഈ വ്യവസ്ഥ അപ്പടി എടുത്തുകളയണമെന്നാണ് പറയുന്നത്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): ബഹുമാനപ്പെട്ട കാനം രാജേന്ദ്രൻ exclusively എന്നൊരു വാക്കിൽ മാത്രം നിൽക്കുകയാണ്. "exclusively employed in connection with the Water Supply or sewerage services" ആ സർവ്വീസ്സിൽ എഴുത്തുപിള്ളയായാലും കണക്കനായാലും എല്ലാ ജീവനക്കാരും ഉൾപ്പെടും. അതുകൊണ്ട് ഇതിലൊരു കുഴപ്പവുമില്ല. ഇതിൽ എല്ലാ ജീവനക്കാരും ഉൾപ്പെടും. ശ്രീ. പങ്കജാക്ഷൻ പറഞ്ഞതുപോലെ തൊഴിലാളി ദ്രോഹമായി ഇതിൽ ഒന്നുംതന്നെയില്ല.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

21-ാം വകുപ്പ്

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

22—ാം വകുപ്പ്

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നില്ല.

Shri. V. J. Thankappan: Sir, I move the following amendment. The items (b), (c) and (d) of sub-clause (4) of clause 22 shall be deleted. ഇത് ബഹുമാനപ്പെട്ട മന്ത്രിക്ക് വലിയ ബുദ്ധിമുട്ടില്ലാത്ത ഒരു അമൻറുമെൻറ് ആണ്. ഇതിന്റെ പണം ഡിപ്പോസിറ്റ് ചെയ്യുന്നത് ട്രഷറിയിലാകണം, മറൊരു ബാങ്കിലും ആകരുത് എന്ന് ഒരു അമൻറുമെന്റയുള്ളൂ. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇത് അംഗീകരിക്കാനുള്ള ബുദ്ധിമുട്ടെന്താണെന്ന് മനസ്സിലാകുന്നില്ല. അതംഗീകരിക്കുമെന്നാണ് എന്റെ വിശ്വാസം.

Shri. Kanam Rajendran: Sir, I move the following amendments:

(1) In clause 22, substitute the following for item (b) namely:-

"(b) The Treasury Savings Bank Account."

(2) In clause 22, substitute the following for item (c) namely:-

"(c) State Co-operative Bank or District Co-operative Banks".

(3) In clause 22 delete item (d) of sub-clause (4) (excluding the proviso). അദ്ദേഹം ധനകാര്യമന്ത്രിയായിരുന്നപ്പോഴും നിർബന്ധിച്ചു കൊണ്ടിരുന്ന ഒരു കാര്യമാണ്. അതു നടപ്പിലാക്കണമെന്നുള്ള ഒരു ഭേദഗതിയാണ് എനിക്കുള്ളത്. സർ, പണം കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നാണ് കൊടുക്കുന്നത്. അതു ദേശവൽക്കൃത ബാങ്കുകളിലും നിക്ഷേപിച്ചുകഴിഞ്ഞാൽ നമ്മുടെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പൂർണ്ണമായി ഉപയോഗിക്കാൻ കഴിയുമെന്നുള്ളതിന് ഉറപ്പില്ല. അതുകൊണ്ട് ട്രഷറിയിലോ, സേവിംഗ്സ് ബാങ്കിലോ, അല്ലെങ്കിൽ സേവിംഗ്സ് അക്കൗണ്ടിലോ, ഡിസ്ട്രിക്ട് കോ-ഓപ്പറേറീവ് ബാങ്കിലോ അക്കൗണ്ടുകൾ തുടങ്ങണമെന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. അദ്ദേഹം ധനകാര്യമന്ത്രിയായിരുന്നപ്പോഴും പല കാര്യങ്ങളും ഇൻസിസ്റ്റ് ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, എനിക്ക് ട്രഷറിയിൽ അക്കൗണ്ട് തുടങ്ങുന്നത് ഇഷ്ടമായിരുന്നു. ട്രഷറിയെ സംബന്ധിച്ചിടത്തോളം അഡ്ജസ്റ്റ് ചെയ്യേണ്ട ചില അക്കൗണ്ട്സുണ്ട്. പണം ട്രഷറിയിൽ ഇടാം. പക്ഷെ ബാങ്കിൽ ഒരു അക്കൗണ്ട് വേണമെന്നുണ്ടെങ്കിൽ, അത് എനേബിൾ ചെയ്യണമെന്നുണ്ടെങ്കിൽ അതിനനുസരിച്ച് ഇങ്ങനെ ഒരു വകുപ്പ് കിടന്നെങ്കിലെ സാധിക്കുകയുള്ളൂ. ഗവൺമെൻറിന് ആവശ്യമുള്ളപ്പോഴും ട്രഷറിയിൽ വരുത്താം. പക്ഷെ ഈ ക്ലാസ്സിനകത്ത് ബാങ്കിംഗ് ഓപ്പറേഷനുകൂടി അധികാരം വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേഗതികൂടി സഭ വോട്ടിനിട്ട് നിരാകരിച്ചു.

22–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

22–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

23–ാം വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ: അത് അനാവശ്യമായ ഒരു വകുപ്പായതുകൊണ്ട് പ്രധാനമായും ഒഴിവാക്കണമെന്നതാണ് എന്റെ അഭിപ്രായം. ഈ വാട്ടർ അതോറിറ്റി ഒരു കമേഴ്സ്യൽ സ്ഥാപനമാക്കണമോ, അതോ ജനങ്ങളുടെ സേവനത്തിനുവേണ്ടി വയ്ക്കണമോ എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട വകുപ്പാണ് 23–ാം സെക്ഷനിൽ ചേർത്തിട്ടുള്ളത്. ഫിക്സഡ് അസ്സറ്റ്സിന്റെ കാര്യത്തിലും ഇതിന്റെ വരുമാനത്തിന് അനുസൃതമായിട്ട് ആവശ്യമായിട്ടുള്ള റിട്ടേൺസ് കിട്ടത്തക്കവിധം ഇതിന്റെ വരുമാനം നിശ്ചയിക്കുന്നതിനും അതിന്റെ മെയിന്റനൻസ് ഓപ്പറേഷൻ തുടങ്ങിയ കാര്യങ്ങൾക്ക് അതോറിറ്റിക്ക് ആവശ്യമായ 'economic return on fixed assets' ഉണ്ടാകത്തക്കവണ്ണം നടപടികൂടി സ്വീകരിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇപ്പോൾ ലോകബാങ്കിന്റെയും മറ്റും സഹായത്തോടുകൂടി പദ്ധതികൂടി നടപ്പിലാക്കുമ്പോൾ പല തരത്തിലുള്ള നിബന്ധനകളും അടിച്ചേൽപ്പിക്കാൻ ശ്രമിക്കുമ്പോൾ അതിനനുസൃതമായി വീണ്ടും വീണ്ടും കൂടുതൽ ചാർജ് വർദ്ധിപ്പിക്കുന്നതിനും മറ്റു കാര്യങ്ങൾ ചെയ്യുന്നതിനും സൗകര്യമുണ്ടാക്കുന്ന ഒരു വകുപ്പാണ്. അതുകൊണ്ട് ഇത് ഒരു കമേഴ്സ്യൽ സ്ഥാപനമെന്നുള്ളതിലുപരി ജനങ്ങളെ സേവിക്കുന്ന ഒരു പ്രസ്ഥാനമാക്കണമെന്നുള്ള ആശയഗതിയാണുള്ളത്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇത് ഒരു യൂട്ടിലിറ്റി സർവ്വീസാണ്. അത് തകർന്നു പോകരുത്. ഇത് നിലനിന്നാലല്ലെ പ്രയോജനമുള്ളൂ.

23–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

23–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

24–ാം വകുപ്പ്

24–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

24–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

25–ാം വകുപ്പ്

Shri Varkala Radhakrishnan: Sir, I move the following amendment:

In clause 25, sub-clause (1) add the following at the end, namely:—

"Subject to the prior approval of the Legislative Assembly"

സർ, ഈ വകുപ്പിൽ എഴുതിയിരിക്കുന്നത് "25 (1). Notwithstanding anything contained in any law for the time being in force under which any local body is constituted, the Authority shall with effect from the date of its establishment be the only local authority authorised to borrow any sum of money for water supply and sewerage works". ഈ രാജ്യത്ത് ഇതുവരെ ഉണ്ടായിട്ടില്ലാത്ത ഒരു സംഭവമാണിത്. എല്ലാ ലോക്കൽ അതോറിറ്റിക്കും ബോറോയിങ്ങ് കപ്പാസിറ്റി ചില നിയന്ത്രണങ്ങൾക്ക് വിധേയമായിട്ടായിരിക്കും. എന്നാൽ ഈ ബോർഡിനെ സംബന്ധിച്ചിടത്തോളം ഇഷ്ടംപോലെ പണം ബോറോ ചെയ്യാം. അങ്ങനെയാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇത് അങ്ങേയറ്റം തെറ്റാണെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ഇലക്ട്രിസിറ്റി ആക്ടിനെ സംബന്ധിച്ചിടത്തോളം ഇലക്ട്രിസിറ്റി ബോർഡിന് പണം ബോറോ ചെയ്യാൻ കാലാകാലങ്ങളിൽ നിയമസഭയിൽ പ്രമേയം അവതരിപ്പിക്കും. നിയമസഭയുടെ അംഗീകാരത്തോടുകൂടി മാത്രമേ മാക്സിമം ഫിക്സ് ചെയ്തിട്ടുള്ളൂ. അതിനകത്തു നിറുത്തി മാത്രമേ പിരിവ് നടത്താൻ കഴിയൂ. അതുകൊണ്ട് ഇലക്ട്രിസിറ്റി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ കടം വാങ്ങുന്നതിനെ സംബന്ധിച്ചിടത്തോളം ഒരു നിയന്ത്രണമുണ്ടായിരിക്കണം. മാത്രമല്ല ആ നിയന്ത്രണം നമ്മുടെ നിയമസഭയ്ക്കകത്തായിരിക്കണമെന്നും എനിക്ക് അഭിപ്രായമുണ്ട്. ഇത് പറയാൻ കാരണം നമ്മുടെ രാജ്യത്തെ വെള്ളം കുടിയുടെ പ്രശ്നമാണ്. കടം വാങ്ങുന്നതിന് ഞാൻ എതിരല്ല. എത്ര പണം കടം വാങ്ങിയാലും ഏതു സ്കീം വന്നിരുന്നാലും ആ ബോറോയിങ്ങ് പർപ്പസ് എന്താണെന്ന് ഈ നിയമസഭയെ അറിയിച്ചിരിക്കണം. ഈ നിയമ സഭയിലുള്ള അംഗങ്ങൾക്ക് വാങ്ങുന്ന വായ്പയെ സംബന്ധിച്ച് അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യമുണ്ടാകണം. വാട്ടർ അതോറിറ്റിയുടെ ബോറോയിങ്ങ് കപ്പാസിറ്റിയെ ലിമിറ്റ് ചെയ്യാൻ വേണ്ടിയല്ല ഞാൻ ഇത് പറയുന്നത്. ഈ സഭയിലുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കെല്ലാം കടം വാങ്ങുന്ന പണത്തെപ്പറ്റി അഭിപ്രായം പറയാൻ സ്വാതന്ത്ര്യമുണ്ടായിരിക്കണം. 20–ാം വകുപ്പിൽത്തന്നെ പറയുന്നത് രണ്ട് തരം ഫണ്ട് ഉണ്ടെന്നാണ്. ഒന്ന്, അതോറിറ്റീസ് ലോൺ ഫണ്ട്. ഈ ലോൺ അൺലിമിറ്റഡ് ആയാൽ നിയമസഭക്കുള്ള പങ്ക് എന്താണ്? നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം, നിരവധി വാട്ടർ സപ്ലൈ സ്കീംസ് എന്നിവയ്ക്കെല്ലാം ബോറോ ചെയ്യാനുള്ള ആവശ്യമാണ് ഈ വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, കെ. എസ്. ഇ. ബി. യുടെ മുഴുവൻ ലോൺ ഫണ്ടാണ്. കെ. എസ്. ഇ. ബി. ക്ക് ലോൺ മാത്രമെയുള്ളൂ. അതുകൊണ്ട് കെ. എസ്. ഇ. ബി. യുമായിട്ട് ഇതിനെ താരതമ്യപ്പെടുത്തേണ്ട കാര്യമില്ല. എന്തായാലും ഗവൺമെന്റ് ഗ്യാരൻറി നിൽക്കാതെ ഒരു ലോണും കിട്ടുകയില്ല. ഗവൺമെന്റ് ഗ്യാരൻറി നിൽക്കുമ്പോൾ ഗവൺമെന്റിന്റെ കൺട്രോൾ വരും.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഇത് ദുരുപയോഗിക്കുമെന്ന് അർത്ഥമാക്കേണ്ടതില്ല. അതുകൊണ്ട് ഇതിനകത്ത് ഗവൺമെൻറ് കൺട്രോളുണ്ട്. ഈ വകുപ്പ് ഇതുപോലെതന്നെ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

25–ാം വകുപ്പ് ബില്ലിൻെറ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

25–ാം വകുപ്പ് ബില്ലിൻെറ ഭാഗമായി തീർന്നു.

26–ാം വകുപ്പ്

26–ാം വകുപ്പ് ബില്ലിൻെറ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

26–ാം വകുപ്പ് ബില്ലിൻെറ ഭാഗമായി തീർന്നു.

വകുപ്പ് 26–ന് ശേഷമുള്ള പുതിയ വകുപ്പ്

Shri. E. Padmanabhan: Sir, I move the following amendment. After clause 26 add the following as 26A namely:—

"26A. The Authority shall constitute a Pension and Superannuation Benefit Fund with the sum transferred to it under section 20(4) and make an anrual contribution at the preseribed rates from the funds of the Authority to meet the demands of payment of Pension, Gratuity, and other terminal benefits of the employees".

ഇപ്പോൾ 26–ാം വകുപ്പിനുശേഷം 26 (എ) എന്ന ഒരു പുതിയ വകുപ്പുകൂടി ഇതിൽ എഴുതി ചേർക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അതായത് പി. എച്ച്. ഇ. ഡി. ഡിപ്പാർട്ടുമെൻറിൽനിന്നും ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ജീവനക്കാരുണ്ട്. അവരിൽ സാധാരണ എസ്റാബ്ലിഷ്മെൻറ് ജീവനക്കാരും, എൻ. എം. ആർ. ജീവനക്കാരും ഉൾപ്പെടും. അവരുടെ പെൻഷൻ, പി. എഫ്. തുടങ്ങിയ ടെർമിനൽ ബനിഫിറ്റ്സായിട്ട് ഒട്ടേറെ കാര്യങ്ങൾ ഈ അതോറിറ്റിയിലേക്ക് ട്രാൻസ്ഫർ ചെയ്യണം. അതുപോലെ പഞ്ചായത്ത് ജീവനക്കാർ, മുനിസിപ്പൽ ജീവനക്കാർ, കോർപ്പറേഷൻ ജീവനക്കാരുൾപ്പെടെയുള്ളവരെ ഈ അതോറിറ്റി ഏറ്റെടുക്കണമെന്ന് ഈ നിയമത്തിൽ വ്യവസ്ഥയുണ്ട്. അങ്ങനെ ജീവനക്കാരെ ഏറ്റെടുക്കുന്ന സമയത്ത് അവരുടെ എല്ലാത്തരം ഫ്ലെയിംസും, എൻടൈറ്റിൽമെൻറ്സും ക്രെഡിറ്റ്സും ഈ അതോറിറ്റിയ്ക്ക് ട്രാൻസ്ഫർ ചെയ്യണം. ഈ അതോറിറ്റിയുടെ കീഴിൽ ജോലി ചെയ്യുന്ന കാലം മുഴുവൻ അവർ ഇത്തരം അവകാശങ്ങൾക്കു വേണ്ടി കൊടുക്കുന്ന കോൺട്രിബ്യൂഷൻ സ്ഥിരമായ ഒരു ഫണ്ടായിട്ട് സ്വരൂപിക്കണം. അങ്ങനെ സ്വരൂപിച്ചാൽ മാത്രമേ പെൻഷനും മറ്റ് ആനുകൂല്യങ്ങളും കൊടുക്കാൻ ബാധ്യസ്ഥമായ ഒരു സ്ഥാപനം എന്നുള്ള നിലയ്ക്ക് സുസ്ഥിരമായി ഒരുഫണ്ട് ഉണ്ടാക്കാൻ സാധിക്കൂ. ഫണ്ട് ഉണ്ടായാൽ തീർച്ചയായും ലിക്വിഡിറ്റി വർദ്ധിപ്പിക്കുന്നതിന് വേണ്ടി ലോൺ എടുത്തോ മറ്റു വിധത്തിലോ അത് ഉപയോഗിക്കാൻ കഴിയും. അതുകൊണ്ട് അങ്ങനെ ഒരു സൂപ്പർ ആനുവേഷൻ ഫണ്ട് ഉണ്ടാക്കേണ്ടതാണെന്നാണ് എൻെറ അഭിപ്രായം. അങ്ങനെ ട്രാൻസ്ഫർ ചെയ്തു കിട്ടുന്ന പണത്തിന് കൃത്യമായി കണക്ക് ഉണ്ടാവുകയും ട്രാൻസ്ഫർ ചെയ്യുകയും ചെയ്യണം. അതുപോലെ അതോറി

LIBRARY ARCHIVES Kerala Legislative Assembly

റിയിലെതന്നെ ജീവനക്കാരെ സംബന്ധിച്ചിടത്തോളം മറ്റു ചില പ്രശ്നങ്ങളുണ്ട്. ഫാമിലി ബെനിഫിറ്റ്സ് സ്കീം അതുപോലെ ഒട്ടനവധി ക്ഷേമ പ്രവർത്തനങ്ങളും സ്കീമുകളും ജീവനക്കാരെ സംബന്ധിച്ചിടത്തോളം ആവശ്യമായിട്ടുണ്ട്. പെൻഷനും മറ്റ് ആനുകൂല്യങ്ങളുമില്ലാതെ പിരിഞ്ഞു പോകുന്നവരെ സംബന്ധിച്ചിടത്തോളം അവർക്ക് കൊടുക്കേണ്ട ടെർമിനൽ ബെനിഫിറ്റ്സുണ്ട്. അല്ലെങ്കിൽ കോൺട്രാക്ട് എംപ്ലോയീസ് വരുന്ന സമയത്തും അവരെ തിരിച്ചയക്കുന്ന സമയത്തും അവർ പിരിഞ്ഞു പോകുന്ന സമയത്തും കൊടുക്കേണ്ട ക്ലെയിംസ് കൊടുക്കണം. ഇത്തരം കാര്യങ്ങൾക്കെല്ലാം ബജറ്റിൽ അപ്പപ്പോൾ വകയിരുത്തി കൊണ്ട് കൊടുക്കുന്ന ഒരു തുകയായി കൊടുക്കാൻ പലപ്പോഴും പ്രയാസമുണ്ടാകും. അതുകൊണ്ടാണ് ഒരു സൂപ്പർ ആന്വേഷൻ ഫണ്ട് എന്നുള്ള നിലയിൽ പെൻഷൻ ആൻഡ് സൂപ്പറാന്വേഷൻ ബെനിഫിറ്റ്സ് ഫണ്ട് എന്ന് ഒരു ഫണ്ട് ഉണ്ടാക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്. അതിന് റൂളുകളിലോ അല്ലെങ്കിൽ റഗുലേഷനുകളിലോ ഒരു വകുപ്പുണ്ടാക്കിയാൽ പോരാ. ഈ നിയമത്തിൽത്തന്നെ ഉണ്ടാകണം. കാരണം നിയമം മുഖേന നിലവിലുള്ള മറ്റു വകുപ്പുകളിലെ പരിധിയിൽ വരുന്ന ജീവനക്കാരെ ഇങ്ങോട്ട് ഏറെറടുക്കുന്നതായതുകൊണ്ട് അതിനുള്ള പ്രത്യേക വകുപ്പുണ്ടാക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, പെൻഷനും ഗ്രാറ്റിവിറ്റിയും കൊടുക്കേണ്ടത് ജനറൽ ഫണ്ടിൽ നിന്നാണ്. എന്തെങ്കിലും പെൻഷനു, ഗ്രാറ്റിവിറ്റിക്കുംവേണ്ടി പ്രത്യേക ഫണ്ട് ഉണ്ടാക്കേണ്ട കാര്യമില്ല. ഗവൺമെൻറ് അങ്ങനെ ചെയ്യാറില്ല. അതു കൊണ്ട് ജനറൽ ഫണ്ടിൽനിന്നും അതു കൊടുക്കും.

ശ്രീ. ഇ. പത്മനാഭൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

27—ാം വകുപ്പ്

Shri. Kanam Rajendran: Sir, I move the following amendment:

In clause 27, sub-clause (2) after the words "during the budget session" insert the words "on or before the commencement of the general discussion on the Budget". സർ, 27-ാ, വകുപ്പിൽ സബ് ക്ലോസ് 2-ൽ പറയുന്നത് "27 (2). The Government shall, so long as any such guarantee is in force, lay before the State Legislature in every year during the budget session, a statement of the guarantees, if any, given during the current financial year and up-to-date accounts of the total sums, if any, which have been paid out of the Consolidated Fund of the State by reason of any such guarantee or paid into the said Fund towards repayment of any moneys so paid out". സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. നിയമസഭയുടെ മുൻപാകെ ഈ അതോറിറ്റിയുടെ പ്രശ്നങ്ങളെ സംബന്ധിച്ച് വിലയിരുത്താനും മറ്റും ലഭിക്കുന്ന ഒരു സന്ദർഭമാണിത്. ഇതിൽപറഞ്ഞിരിക്കുന്നത് during the budget session എന്നാണ്. എന്നു പറഞ്ഞതുകൊണ്ടു മാത്രമായില്ല എന്നാണ് എന്റെ ഭേദഗതി. during the budget session എന്നു പറഞ്ഞാൽ, ബജറ്റ് ജനറൽ ഡിസ്കഷൻ കഴിഞ്ഞ് വോട്ട് ഓൺ അക്കൗണ്ട് പാസ്സായി കഴിഞ്ഞതിനുശേഷം വീണ്ടും ഏതെങ്കിലും ഒരു സന്ദർഭത്തിൽ ഈ നിയമസഭയുടെ മുൻപാകെ വച്ചാൽ മതിയാകും. ഇന്ന് രാവിലെ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ സപ്ലിമെന്ററി ഡിമാൻഡ് അവതരിപ്പിച്ച സമയത്ത് ആ വിഷയം ഇവിടെ ഉന്നയിക്കുകയുണ്ടായി. ടോട്ടൽ പ്രൊവിഷൻ വച്ച് പണം കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് കൊടുക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് during the budgut session എന്നു പറയുന്നതിനു പകരം ബഡ്ജറ്റിന്റെ ജനറൽ ഡിബേറ്റു തുടങ്ങുന്നതിനുമുൻപായിത്തന്നെ അല്ലെങ്കിൽ ഈ സഭക്ക് വിശദവിവരങ്ങൾ കിട്ടത്തക്കവിധം ഒരു നിബന്ധന ഉണ്ടാക്കുന്നത് ഈ കാര്യങ്ങളെക്കുറിച്ച് സഭക്ക് അറിയാനും ചർച്ച ചെയ്യാനും ഏറ്റവും സൗകര്യപ്രദമായിരിക്കുമെന്നുള്ളതുകൊണ്ട് ആ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇത് ബഡ്ജറ്റ് സെഷനിലേ പറ്റുകയുള്ളൂ. കേന്ദ്ര ഗവൺമെന്റിന്റെ പ്ലാൻ ബഡ്ജറ്റ് ഫെബ്രുവരിയിൽ മാത്രമേ പാസ്സായി കിട്ടുകയുള്ളൂ. മാർച്ച് മാസത്തിൽ ബഡ്ജറ്റ് അവതരിപ്പിച്ചു കഴിഞ്ഞശേഷമേ കോർപ്പറേഷനുകളുടെ ഡഫിനിറ്റായിട്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ബഡ്ജറ്റ് സെഷൻ തുടങ്ങുന്നതിനു മുമ്പോ ബഡ്ജറ്റ് പ്രസന്റ് ചെയ്യുന്നതിന് മുമ്പോ ഇത് അവതരിപ്പിക്കുന്നതിന് കഴിയുകയില്ല. ആ സെഷനിലെ വയ്ക്കാൻ കഴിയുകയുള്ളൂ. അതേ പ്രായോഗികമായിട്ടുള്ളൂ.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

27–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

27–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

28–ാം വകുപ്പ്

Shri E. Padmanabhan: Sir, I move the following amendment that, for clause 28 substitute the following namely:—

"28. Annual Financial Statement and revised or supplementary estimates—(1) The Chairman of the Authority shall at a special meeting to be held in the month of February in each year lay before the Authority an Annual Financial Statement, in the prescribed form of the estimated capital and revenue receipts and expenditure for the ensuing year.

(2) Every such estimate shall make provision for the due fulfilment of all liabilities of the Authority and the programme and activities of the Authority and for the efficient administration of this Act.

(3) The Authority shall consider the estimates so laid before it and shall approve the same without modification or with such modifications as it may think fit.

(4) The Authority shall submit to the State Government the Annual Financial Statement before the end of February in each year.

(5) The State Government may approve or modify as the situation may require every such statement, estimate, programme and activities before the commencement of the Financial year.

LIBRARY ARCHIVES Kerala Legislative Assembly

(6) Government shall cause the financial statement and estimates of the Authority received by it under sub-clause (5) to be laid before the State Legislature.

(7) The Authority may prepare a supplementary or revised estimate as the case may be at any time during a financial year in the manner specified in sub-section (1) and forward it to the Government for approval.

(8) The Government may approve with or without modification any supplementary or revised estimate received by it within a period of one month from the date of receipt thereof." ഇത് ആദ്യമായിട്ട് ഉണ്ടായ നിയമമല്ല. ഏറ്റവും പഴക്കംചെന്ന ഈ കാര്യത്തിലുള്ള നിയമം 1964-ലെ മൈസൂർ ആക്ടാണ് "Bangalore water Supply sewerage act-1962" അതിൽത്തന്നെ കൊടുത്തിട്ടുള്ള നിബന്ധനകളും ഒട്ടുമുക്കാലും അതേരീതിയിൽത്തന്നെയാണ് ഞാൻ ഇവിടെ എടുത്തിരിക്കുന്നത്. ഒരു അതോറിറ്റിക്ക് ബഡ്ജറ്റ് സെഷനെന്നു പറഞ്ഞ് ഒരു പ്രത്യേക സെഷൻ വച്ചുകൊണ്ട് ആ കൊല്ലത്തെ ആക്ടിവിറ്റീസിനെയും മറ്റു കാര്യങ്ങളെ സംബന്ധിച്ചും നയപരിപാടികളെ സംബന്ധിച്ചും അവരുടെ പ്രോഗ്രാമുകളെപ്പറ്റിയും തീരുമാനമെടുക്കാൻ കഴിയണം. ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ ഉള്ള ഇത്തരം സ്ഥാപനങ്ങൾക്കു വേണ്ടി മാത്രമല്ല. ഇലക്ട്രിസിറ്റി ബോർഡിനാണെങ്കിൽ അവർക്ക് ഒരു ബഡ്ജറ്റ് സെഷനുണ്ട്. അവരും പ്രോഗ്രാമുകൾ കൊണ്ടു വരുന്നുണ്ട്. പിന്നെ എല്ലാ ബഡ്ജറ്റും പ്രസന്റ് ചെയ്തു കഴിഞ്ഞശേഷമേ ഇത്തരം സ്ഥാപനങ്ങൾക്ക് ബഡ്ജറ്റ് ഉണ്ടാക്കാവൂ എന്നു പറയുന്നത് ശരിയല്ല. ഇവിടെ പ്ലാനിംഗ് ബോർഡുണ്ട്, പ്ലാനിംഗ് കമ്മീഷനുണ്ട്. അടുത്ത കൊല്ലത്തെ പ്ലാനിനെപ്പറ്റി വളരെ മുൻകൂട്ടി തീരുമാനിക്കുന്നതാണ്. ശുദ്ധജല വിതരണത്തിന്റെ കാര്യത്തിലും അതുപോലെയുള്ള കാര്യങ്ങൾക്കും പണം നീക്കിവയ്ക്കാൻ കഴിയും. ബഡ്ജറ്റ് വരുന്നതിനുമുമ്പ് തന്നെ പ്ലാനിനെ സംബന്ധിച്ച് തീരുമാനിക്കാൻ കഴിയും. ഇവരൊക്കെ സ്വന്തമായി ഫണ്ട് ഉപയോഗിച്ചുകൊണ്ടാണ് കാര്യങ്ങൾ നടത്തുന്നത്. ഇതിൽ ധനകാര്യത്തെ സംബന്ധിച്ച് എങ്ങനെ കൈകാര്യം ചെയ്യണമെന്നുള്ളത് വളരെ പ്രധാനപ്പെട്ട ഏർപ്പാടാണ്. അതിൽ യാതൊരു നിയന്ത്രണവും ഇല്ലാതെ ഏതെങ്കിലും സമയത്ത് എന്തെങ്കിലും ചെയ്താൽ മതിയെന്നുള്ള വിധത്തിലാണ് നിയമത്തിൽ എഴുതിവച്ചിരിക്കുന്നത്. ഇതുപോലെയുള്ള നിയമത്തിൽ പല സ്റ്റേറ്റുകളിലേയും കാര്യം എടുത്തു നോക്കിയാൽ ഈ സ്റ്റേറ്റിലോ ട്രാൻസ്പോർട്ട് കോർപ്പറേഷനെ സംബന്ധിച്ച നിയമത്തിലായാലും ശരി ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ചുള്ള നിയമത്തിലായിരുന്നാലും ശരി വ്യക്തമായ വകുപ്പുകളുണ്ട്. എല്ലാ നിബന്ധനകളും നിയമസഭയുടേയോ ഗവൺമെന്റിന്റേയോ അതോറിറ്റിയിലുള്ള ബോഡിയുടേയോതന്നെ നിയന്ത്രണത്തിൽ വരുന്നില്ല. ഈ വകുപ്പ് വളരെ കാഷ്വലായിട്ടാണ് ഡ്രാഫ്റ്റ് ചെയ്തിരിക്കുന്നത്. അതോറിറ്റി ബഡ്ജറ്റ് അയയ്ക്കണമെന്നു മാത്രമേ പറയുന്നുള്ളൂ. അതോറിറ്റി സ്വയം അംഗീകരിക്കണമെന്നു പറയണ്ടേ? അതോറിറ്റി ഭൂരിപക്ഷമായിട്ട് ഏതെങ്കിലും രീതിയിൽ അംഗീകരിക്കണമെന്നു പറയണം. അതോറിറ്റിയിൽ മെമ്പർമാരായിട്ട് കുറെ കാഴ്ചക്കാരായ ആളുകളെ എടുക്കുക എന്നതിലപ്പുറത്തേക്ക് ഈ അതോറിറ്റി ബഡ്ജറ്റ് അംഗീകരിക്കണമെന്നു ഒരു വകുപ്പുപോലും ഇന്നത്തെ നിയമത്തിലില്ല. അതുകൊണ്ട് ബഡ്ജറ്റ് സംബന്ധമായ ഇന്നു വച്ചിട്ടുള്ളതെല്ലാം തികച്ചും

LIBRARY ARCHIVES Kerala Legislative Assembly

അപര്യാപ്തമാണ്. അതിന് ആവശ്യമായ നിയന്ത്രണം വേണം. അതു മാത്രമല്ല ഇതിൽ അവർ ഏർപ്പെടുത്തിട്ടുള്ള ലയബിലിറ്റി മുഴുവനും കൊണ്ടു വരാൻ കഴിയുമോയെന്ന് അറിയണം. നമ്മുടെ സംസ്ഥാന ഗവൺമെന്റ് ലയബിലിറ്റി മുഴുവനും കാണിക്കാതെ മിച്ചമായി കാണിക്കുന്ന ഒരേർപ്പാട് ഇവിടെ ഉണ്ടായി. അതുപോലെ അതോറിറ്റിയും ചെയ്യാൻ തുടങ്ങും. അവരുടെ ബാദ്ധ്യതകളും മുഴുവനും കാണിക്കാതെ ഇന്നയിന്നതെല്ലാം ബഡ്ജറ്റിൽ ഉണ്ടായിരിക്കുമെന്നു കാണിക്കും. ഇത് നിയമപരമായി നിഷ്കർഷിക്കേണ്ടതാണ്. അതാണ് ഈ ഭേദഗതിയിലൂടെ ഞാൻ കൊണ്ടു വന്നിരിക്കുന്നത്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, എനിക്കു ഒരു വാക്കേ പറയാനുള്ളൂ. പലപ്പോഴും മാർച്ച് 31–ാം തീയതിക്കു മുമ്പ് ബഡ്ജറ് പാസ്സാക്കാൻ കഴിയാത്തത്, വോട്ട് ഓൺ അക്കൗണ്ടിലേക്ക് പോകുന്നത്, നമ്മുടെ പ്ലാൻ ഡൽഹിയിൽനിന്ന് അംഗീകരിച്ചു കിട്ടാൻ ഫെബ്രുവരി മാസം അവസാനമേ പറ്റുകയുള്ളൂ. അതിനുശേഷമേ ബഡ്ജറ് പാസ്സാക്കാൻ കഴിയുകയുള്ളൂ. അതോറിറ്റിക്കും അതു ബാധകമാണ്. അതുകൊണ്ട് ഈ പ്രൊവിഷൻ മതി.

ശ്രീ. കാനം രാജേന്ദ്രൻ: താഴെക്കാണുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

In clause 28, sub-clause (5) after the words "The Government shall cause" insert the words "the statement or supplementary statement as the case may be of the programme of activities and" സർ, ഇതിൽ sub-section (5) ൽ പറയുന്നത്, "The Government shall cause the financial estimates of the Authority received by it under sub-section (1) to be laid annually before State Legislature" Annual Financial Statement മാത്രമല്ല, "28 (1).....a statement or a supplementary statement, as the case may be, of the programme of its activities during the year as well as a financial estimate.....". ബന്ധപ്പെട്ട രേഖകൾ കൂടി കിട്ടിക്കഴിഞ്ഞ ശേഷമേ ലജിസ്ലേച്ചറിന് ഈ കാര്യങ്ങൾ അറിയുന്നതിനും ഇഫക്ടീവായിട്ടുള്ള ലജിസ്ലേഷനും സൗകര്യമുണ്ടാവുകയുള്ളൂ. ഇതിനുമുമ്പേ ഇതു വാങ്ങുന്നതിന് ഒരു ടെം ലിമിറ്റ് വേണം, ഒരു ഫ്യൂച്ചർ പ്രോഗ്രാം ഉണ്ടാക്കണം എന്നുള്ള കാര്യങ്ങൾ പറഞ്ഞിട്ടുള്ളതാണ്. സബ്സെക്ഷൻ (1)ൽ പറയുന്നുണ്ടെങ്കിലും ഇവിടെ ഇപ്പോൾ വരുന്നത്, ആനുവൽ ഫൈനാൻസ് സ്റേറ്റുമെന്റിനെ സംബന്ധിച്ച് മാത്രമേയുള്ളൂ. അതുകൊണ്ട് പ്രോഗ്രാം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉണ്ടാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. ഇ. പത്മനാഭൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

28–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

28–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

29-ാം വകുപ്പ്

Shri V. J. Thankappan: Sir, I move the following amendments for clause 29, the following shall be substituted namely:—

"29. Accounts and Audit—(1) The Authority shall cause proper accounts and other records in relation thereto be kept including the proper system of internal check and prepare an annual statement of accounts including the income and expenditure account and the balance sheet in such form as may be prescribed by rules in consultation with the Comptroller and Auditor General.

(2) The Accounts of the Authority shall be audited by the Comptroller and Auditor General or by such person authorised by him and any expenditure incurred by him in connection with such audit shall be payable by the Authority to the Comptroller and Auditor General of India.

(3) The Comptroller and Auditor General of India and any person authorised by him in connection with the audit of the accounts of the Authority shall have the same rights, privileges and authority in connection with such audit as the Comptroller and Auditor General of India has in connection with audit of Government accounts and in particular shall have the right to demand the production of books, accounts connected with vouchers and other documents and papers and to inspect any of the offices of the Authority.

(4) The accounts of the Authority as certified by the Comptroller and Auditor General of India or any other person authorised by him in this behalf together with the audit report thereon shall be forwarded to the Authority and to the State Government within six months of the close of the year to which the accounts and audit report relate and that Government may issue such instructions to the Authority in respect thereof as it deems fit and the Authority shall comply with such instructions.

(5) The State Government shall—(a) cause the accounts of the Authority together with the audit report thereon forwarded to it under sub-section (4) to be laid annually before the State Legislature, and

(b) cause the accounts of the Authority be published in the prescribed manner and make available copies thereof on sale at a reasonable price.

സർ, ബഡ്ജറ്റിന്റെ ജനറൽ ഡിസ്കഷന്റെ മറുപടിയായി മന്ത്രി ഇതിനെ സംബന്ധിച്ച് പ്രത്യേകിച്ച് വാഗ്ദാനമൊന്നും ഗവൺമെന്റിന് ഇല്ല എന്നു പറഞ്ഞു. ജനറൽ ഡിസ്കഷന്റെ മറുപടിയായി മന്ത്രി പറഞ്ഞത്, ആഡിറ്റ് സ്ട്രിക്റ്റായി നടത്താമെന്നാണ്. അങ്ങ് ഒരു അമെൻഡ്മെന്റ് കൊണ്ടുവരാം എന്ന് സൂചിപ്പിച്ചിരുന്നു. എന്നു കൊണ്ടോ മന്ത്രി അത് കൊണ്ടുവന്നില്ല. ആക്ടിൽ പറഞ്ഞിരിക്കുന്ന പ്രകാരം ആണെങ്കിൽ ഗവൺമെന്റ് പറയുന്നത് ഏതെങ്കിലും ഒരു

LIBRARY ARCHIVES Kerala Legislative Assembly

ആഡിറററെക്കൊണ്ട് ആഡിററ് ചെയ്യിക്കാനാണ്. അതു പോരാ. ഏതെങ്കിലും, കാലാകാലങ്ങളിൽ ഗവൺമെൻറ് നിശ്ചയിക്കുന്ന ആഡിററെക്കൊണ്ട് ആഡിററ് ചെയ്യിക്കുന്ന പരിപാടി ഒഴിവാക്കിയിട്ട് മററു പല ആക്ടുകളിലും പ്രൊവിഷനുള്ളതുപോലെ കംപ്ട്രോളർ ആൻറ് ആഡിററർ ജനറലിനെക്കൊണ്ട് ആഡിററ് ചെയ്യിക്കാനുള്ള ഏർപ്പാടുണ്ടാക്കണം. അതാണ് എൻെറ ഭേദഗതി. അതുകൊണ്ട് ഈ ഭേദഗതിയെ സംബന്ധിച്ച് ഏതെങ്കിലും വിവരദോഷിയെ കണ്ടുപിടിച്ച് ആഡിററ് ചെയ്യിച്ചിട്ട് ആ ആഡിററ് അക്സപ്റ്റ് ചെയ്യുന്ന പരിപാടിഒഴിവാക്കാൻ വേണ്ടി കംപ്ട്രോളർ ആൻറ് ആഡിററർ ജനറലിനെക്കൊണ്ടുതന്നെ ചെയ്യിക്കണം. ഇലക്ട്രിസിററി ആക്ടിലെയും മററു ആക്ടിലെയും പ്രൊവിഷനാണ് ഈ അമെൻറ്മെൻറിനെതിരായി എടുത്തിരിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അത് അക്സെപ്റ്റ് ചെയ്യണം; ചെയ്യുമെന്നാണ് എൻെറ വിശ്വാസം.

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഞാൻ എൻെറ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(1) In clause 29, sub-clause (2) for the words "such auditors" substitute the words "Examiner of Local Fund Accounts".

(2) In clause 29, sub-clause (4) insert the words "during the Budget Session" after the words "to be laid annually".

സർ, ഇവിടെ ശ്രീ. വി. ജെ. തങ്കപ്പൻ ചൂണ്ടിക്കാണിച്ചത് കംപ്ട്രോളർ ആൻറ് ആഡിററർ ജനറലിനെ ഇതിന് വിധേയമാക്കണമെന്നാണ്. അത് ബഹുമാനപ്പെട്ട മന്ത്രി സമ്മതിക്കുമെന്നുണ്ടെങ്കിൽ എൻെറ ഭേദഗതി ഞാൻ പ്രസ് ചെയ്യാതിരിക്കാം. ആഡിററെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഈ ആക്ടിൽ പറയുന്നത്, ഏതെങ്കിലും അംഗീകൃതമായ ഒരു ആഡിററെ കൊണ്ടോ അല്ലെങ്കിൽ ചാർട്ടേർഡ് അക്കൗണ്ടൻറിനെക്കൊണ്ടോ ആഡിററ് ചെയ്യിക്കണമെന്നാണ്. എക്സാമിനർ ഓഫ് ലോക്കൽ ഫണ്ട് അക്കൗണ്ട്സിനെക്കൊണ്ട് ആഡിററ് ചെയ്യിക്കണം. ആദ്യത്തെ ഭേദഗതി അംഗീകരിക്കുകയാണെങ്കിൽ അടുത്ത ഭേദഗതി ഞാൻ പ്രസ് ചെയ്യുന്നില്ല.

അതുപോലെതന്നെ സെക്ഷൻ (29)–ൽ സബ്ക്ലാസ് (4) അനുസരിച്ച് പറയുന്നത്, "cause the accounts of the Authority together with the audit report thereon received by it under sub-section (3) to be laid annually before the State Legislature;" എന്നാണ്. കഴിഞ്ഞ പൊതുചർച്ചയിൽ പങ്കെടുത്ത സമയത്തും ഇതിന് ഒരു സമയബന്ധിത പരിപാടി വേണം എന്നു പറഞ്ഞതാണ്. സെൻട്രൽ ഇലക്ട്രിസിററി ആക്ട് അനുസരിച്ചാണെങ്കിൽ നിശ്ചിത തീയതി പറയുന്നുണ്ട്. ആ തീയതി അപ്രായോഗികമാണെന്ന് ഏതെങ്കിലും അഭിപ്രായമുണ്ടെങ്കിൽ ബഡ്ജറ്റ് സെഷനിലെങ്കിലും റിപ്പോർട്ട് സഹിതം നിയമസഭയുടെ മുമ്പാകെ ഓരോ വർഷവും വരണമെന്നാണ് എൻെറ ഭേദഗതി.

Shri. K. Pankajakshan: Sir I move the following amendment:

In clause 29 sub-clause (2) for the words "such Auditor" the words "Examiner of Local Fund Accounts" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ ബില്ലിനെക്കുറിച്ചുള്ള ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മന്ത്രി ഒരു ഉറപ്പിന്റെ സ്വഭാവത്തിൽ തന്നെ ഇതിനെ സംബന്ധിച്ച് പരാമർശം നടത്തിയതാണ്. ഈ കാര്യത്തിൽ പ്രതിപക്ഷത്തു നിന്ന് ഉന്നയിച്ച അഭിപ്രായങ്ങളോട് ഗവൺമെന്റിന് വലിയ വിയോജിപ്പില്ലായെന്ന നിലയിൽത്തന്നെ അദ്ദേഹം ഇവിടെ സംസാരിക്കുകയും ചെയ്തു. എനിക്ക് പറയാനുള്ളത്, ഈ മേഖല വെട്ടിപ്പിന്റെ ഒരു മേഖലയായി തീരരുത് എന്ന് അദ്ദേഹം ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഏറ്റവും ചുരുങ്ങിയത് എക്സാമിനർ ഓഫ് ലോക്കൽ ഫണ്ട് അക്കൗണ്ട്സിലെ ആഡിറ്ററെക്കൊണ്ടെങ്കിലും ഇത് സ്ക്രൂട്ടൈനൈസ് ചെയ്യണം. അല്ലാതെ ഒരു സ്വകാര്യ ആഡിറ്റർക്ക് വിടുകയെന്നു പറയുന്നത് അനുചിതമാണ്. എന്റെ ഭേദഗതി അങ്ങ് സ്വീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ: സർ, സമയം എട്ടുമണിയായി. നിങ്ങൾ അച്ചടിച്ചു തന്നതിൽ നാലു മുതൽ എട്ടു വരെ എന്നാണ് പറഞ്ഞിരിക്കുന്നത്. കൂടുതൽ സമയം ഇരിക്കാമെന്ന് ഞങ്ങളാരും സമ്മതിച്ചിട്ടില്ല.

ഡോ. കെ. സി. ജോസഫ്: സർ, അങ്ങനെ പറഞ്ഞത് നിർഭാഗ്യകരമായിപ്പോയി. അര മണിക്കൂർ കൂടി ഇരിക്കാമെന്ന ഒരു ധാരണയുണ്ടായിരുന്നു. ഇന്നു തന്നെ അത് ക്ലാസ് ബൈ ക്ലാസ് ചർച്ച ചെയ്ത് തീർക്കാമെന്ന് ഹൗസ് പാസ്സാക്കിയിട്ടുള്ളതാണ്. നമുക്ക് ഇനി ഇരിക്കാൻ ദിവസമില്ലാത്തതുകൊണ്ടാണ്. നാളെ മൂന്ന് ബിൽ പാസ്സാക്കണം. മറെന്നാൾ അവിശ്വാസ പ്രമേയമാണ്. അവിശ്വാസ പ്രമേയത്തിന്റെ ആദ്യത്തെ ദിവസം വോട്ടിംഗ് ഇല്ല. അന്ന് ഉച്ച തിരിഞ്ഞ് ഇരിക്കാമെങ്കിൽ നമുക്ക് അതിനെക്കുറിച്ച് ആലോചിക്കാം. അല്ലെങ്കിൽ ഇത് ഇന്ന് തന്നെ തീർക്കണം.

മി. സ്പീക്കർ: ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനം അത് പാസ്സാക്കുകയെന്നുള്ളതാണ്. വളരെ സ്ട്രിക്റ്റായിട്ട് പറയുകയാണെങ്കിൽ ഇതിന്റെ ഏത് സ്റ്റേജിലും ഇത് നിയന്ത്രിക്കാൻ ചെയറിന് അധികാരമുള്ളതാണ്. പക്ഷേ ചെയർ അത് ചെയ്തില്ല. മെമ്പർമാർ യഥാർത്ഥത്തിൽ വളരെ റെലവൻറ് പോയിന്റാണ് പറഞ്ഞത്. അതുകൊണ്ട് ആ ചർച്ച തടയാൻ പോയിട്ടില്ല. അതുകൊണ്ട് നമുക്ക് അൽപ്പസമയം കൂടി ഇരിക്കുന്നതായിരിക്കും നല്ലത്.

ശ്രീ. കാനം രാജേന്ദ്രൻ: ഇനി 70 ഭേദഗതികളും ബാക്കിയുണ്ട്. 70 ഭേദഗതി അര മണിക്കൂർ കൊണ്ട് എങ്ങനെ തീർക്കും. മൂന്നാം വായന നടത്തണം. മൂന്നാം വായനയിൽ ഈ ബില്ലിനെക്കുറിച്ച് അഭിപ്രായം പറയാനുണ്ടാകും. അതുകൊണ്ട് അര മണിക്കൂർ കൊണ്ട് ഈ നിയമനിർമ്മാണം എങ്ങനെ തീർക്കാനാകും?

മി. സ്പീക്കർ: നമുക്ക് അര മണിക്കൂർ കൂടി ഇരിക്കാം. നിയമം ഇന്നുതന്നെ പാസ്സാക്കാം.

(അതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭ വിട്ടിറങ്ങിപ്പോയി)

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട സഭയെ ഒരു കാര്യം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറലിന്റെ ആഡിറ്റിനെ സംബന്ധിച്ചിടത്തോളം നിയമത്തിൽ സാധാരണഗതിയിൽ പറയാനില്ല. കോൺസ്റ്റിറ്റ്യൂഷൻ ആർട്ടിക്കിൾ 149-ൽ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിൽ കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറലിനെ അവരുടെ ചുമതല കളെപ്പറ്റി പറഞ്ഞിട്ടുണ്ട്. പാർലമെൻറ് പാസ്സാക്കിയ നിയമത്തിൽ എന്ത് പറഞ്ഞിരിക്കുന്നുവോ അതനുസരിച്ചു മാത്രമേ അവരുടെ ചുമതലയുള്ളു. പാർലമെൻറ് പാസ്സാക്കിയ നിയമമെന്ന് പറയുന്നത് Comptroller and Auditor General's Duties, Powers and Conditions of Service Act, 1971 അനുസരിച്ചാണ്. ഒരു സംസ്ഥാന ഗവർണ്ണർ ആവശ്യപ്പെടുകയാണെങ്കിൽ ആഡിറ്റർ ജനറലിൻെറ സർവ്വീസ് കൊടുക്കുമെന്നുള്ളതാണ്. അതനുസരിച്ച് ഇപ്പോഴും തന്നെ വാട്ടർ അതോറിറ്റി ഇതിൻെറ ആഡിറ്റിംഗ് കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറൽ ചെയ്യുന്നതിനുവേണ്ടി നികസ്റ്റ് ചെയ്യുകയും അവർ തന്നെ ഇതിൻെറ ആഡിറ്റിംഗിനെ സംബന്ധിച്ചിടത്തോളം ആരംഭിക്കുകയും ചെയ്യുന്നുണ്ട്. നമ്മുടെ അക്കൗണ്ടൻറ് ജനറലിൻെറ സ്റ്റാഫ് തന്നെ നമ്മുടെ വാട്ടർ അതോറിറ്റിയുടെ ഓഫീസിലിരുന്നുകൊണ്ട് കൺകറൻറ് ആഡിറ്റ് പോലും ചെയ്തു വരുന്നുണ്ട്. അതുകൊണ്ട് ഒരു സംശയവും വേണ്ട. അക്കൗണ്ടൻറ് ജനറൽ തന്നെയാണ് ഇതിൻെറ ആഡിറ്റിംഗ് നടത്തുന്നത്. അവരെ തന്നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ആർട്ടിക്കിൾ 149 അനുസരിച്ചും ബന്ധപ്പെട്ട 1971–ലെ കേന്ദ്ര നിയമമനുസരിച്ചും ഈ നിയമത്തിനകത്ത് ചേർക്കേണ്ടതില്ല എന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൂടി സഭ വോട്ടിനിട്ടു നിരാകരിച്ചു.

ശ്രീ. പങ്കജാക്ഷൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ടു നിരാകരിച്ചു.

29–ാം വകുപ്പ് ബില്ലിൻെറ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

29–ാം വകുപ്പ് ബില്ലിൻെറ ഭാഗമായിത്തീർന്നു.

30–ാം വകുപ്പ്

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): 30–ാം വകുപ്പിനെ സംബന്ധിച്ച് ഒരു ഭേദഗതിയുണ്ട്. ചെയർമാനെയും കൂടി ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള ഒരു ഓറൽ അമെൻറ്മെൻറാണത്. അത് ഞാൻ അവതരിപ്പിക്കുന്നു.

(i) In clause 30, sub-clause (1) before the words "Managing Director" in both places where they occur, the words "Chairman or" shall be inserted.

(ii) In sub-clause (4) before the words "Managing Director" the words "Chairman or" shall be inserted.

ഭേദഗതി ചെയ്ത പ്രകാരമുള്ള 30–ാം വകുപ്പു ബില്ലിൻെറ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 30–ാം വകുപ്പ് ബില്ലിൻെറ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

31—ാം വകുപ്പ്

31—ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

31—ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

32—ാം വകുപ്പ്

32—ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

32—ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

33—ാം വകുപ്പ്

33—ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

33—ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

34—ാം വകുപ്പ്

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): ഞാൻ ഒരു അമെൻഡ്മെന്റ് അവതരിപ്പിക്കുന്നു.

In clause 34, for the word "meter" the word "water" shall be substituted.

അത് ഒരു പ്രിന്റിംഗ് മിസ്റ്റേക്കാണ്. മീറ്റർ എന്നതിന് പകരം വാട്ടർ എന്നാക്കണം.

ഭേദഗതി ചെയ്ത പ്രകാരമുള്ള 34—ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 34—ാം വകുപ്പ് ബില്ലിന്റെ ഭാഗമായിതീർന്നു.

35—ാം വകുപ്പ്

35—ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

35—ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

36—ാം വകുപ്പ്

36—ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

36—ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

37—ാം വകുപ്പ്

37—ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

37—ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

38–ാം വകുപ്പ്

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): 38–ാമത്തെ വകുപ്പിൽ 6–ാമത്തെ ഉപവകുപ്പിൽ ഒരു ഓറൽ ഭേഗതി ഞാൻ അവതരിപ്പിക്കുകയാണ്.

In sub-clause (6) of clause 38, after the word "Educational" the words "or Charitable" shall be inserted.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ഭേഗതി ചെയ്ത പ്രകാരമുള്ള 38–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ഭേഗതി ചെയ്ത പ്രകാരമുള്ള 38–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

39 മുതൽ 61 വരെയുള്ള വകുപ്പുകൾ

39 മുതൽ 61 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

39 മുതൽ 61 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി തീർന്നു.

62–ാം വകുപ്പ്

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): 62–ാമത്തെ വകുപ്പിനു താഴെ കാണുന്ന ഭേഗതി ഞാൻ മൂവ് ചെയ്യുകയാണ്.

In clause 62, sub-clause (2) shall be omitted.

ജനറൽ ഡിസ്ക്ഷനിൽ ഇത് നിർമൂവ് ചെയ്യുമെന്ന് ഞാൻ പറഞ്ഞതാണ്. അതുകൊണ്ട് ഡിലീറ്റ് ചെയ്യുകയാണ്.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ഭേഗതി സഭ അംഗീകരിച്ചു.

ഭേഗതി ചെയ്ത പ്രകാരമുള്ള 62–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ഭേഗതി ചെയ്ത പ്രകാരമുള്ള 62–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

63 മുതൽ 68 വരെയുള്ള വകുപ്പുകൾ

63 മുതൽ 68 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

63 മുതൽ 68 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിത്തീർന്നു.

68–എ എന്ന പുതിയ വകുപ്പ്

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇതാണ് നമ്മൾ എല്ലാവരും ഈ സഭയിൽ ആവശ്യപ്പെട്ടത്. പി. എസ്. സി. യ്ക്ക് അപ്പോയിന്റ്മെന്റ് മുഴുവൻ വിടണമെന്നു പറഞ്ഞത്. ഇവിടെ എന്തു വേണമെന്നുള്ളതിനെ സംബന്ധിച്ച് ആലോചിച്ചപ്പോൾ പി. എസ്. സി. യ്ക്കു ഏൽപ്പിക്കുന്നതിനു ഈ നിയമത്തിൽത്തന്നെ ഭേഗതി ചെയ്യാൻ കഴിയും. അതിനുവേണ്ടിയുള്ള അമെൻറ്മെന്റാണ് ഞാൻ മൂവ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

After clause 68, the following clause shall be inserted, namely:—

"68A. Amendment of Act 19 of 1970:—With effect from the date of publication of this Act in the Gazette, the Kerala Public Service Commission (Additional functions as respects certain Corporations and Companies) Act, 1970 (19 of 1970) shall have effect subject to the following amendment, namely:—

In clause (a) of section 2, the words and figures "or the Kerala Water Authority established under section 3 of the Kerala Water Supply and Sewerage Act, 1986", shall be added at the end.

ഈ ഭേഗതി അംഗീകരിക്കുന്നതോടുകൂടി Kerala Public Service Commission (Additional functions as respects certain Corporations and Companies) Act, 1970 (19 of1970) അനുസരിച്ച് ഈ നിയമം കൂടി അതിന്റെ പട്ടികയിലേക്ക് ചേർക്കപ്പെടും. ആ നിലയിൽ നിയമാധിഷ്ഠിതമാക്കി പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് വിടുകയാണ്.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ടു അംഗീകരിച്ചു.

68-ന് ശേഷമുള്ള 68 (എ) വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

68-ാം വകുപ്പിനു ശേഷം 68 എ എന്നൊരു വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

69-ാം വകുപ്പ്

69-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

69-ാം വകുപ്പു ബില്ലിന്റെ ഭാഗമായിത്തീർന്നു.

70-ാം വകുപ്പ്

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): ഇതിൽ The Kerala Water and Waste Water Ordinance, 1986 (27 of 1986), is hereby repealed എന്നാണ്. ഇതിൽ 'കേരളാ' വിട്ടുപോയി. അതു കൊണ്ട് ഞാൻ താഴെ പറയുന്ന ഓറൽ ഭേഗതി അവതരിപ്പിക്കുന്നു.

In clause 70 sub-clause (1) after the word 'Kerala' shall be inserted.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ഭേഗതി ചെയ്ത പ്രകാരമുള്ള 70-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ഭേഗതി ചെയ്ത പ്രകാരമുള്ള 70-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാം വകുപ്പും പീഠികയും പേരും

ജലസേചനവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): താഴെക്കാണുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

For sub-clause (1) of clause 1, the following sub-clause shall be substituted, namely:—

"(1) This Act may be called the Kerala Water Supply and Sewerage Act, 1986".

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഭേദഗതി ചെയ്ത പ്രകാരമുള്ള Kerala Water Supply and Sewerage Act, 1986 പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പു മന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: സർ, ഏതായാലും ഇത് നാലു മണിക്കൂർ സം അപ് ചെയ്തതാണ്. മൂന്നു നാലു കാതലായ മാറ്റം ഇതിൽ വരുത്തിയിട്ടുണ്ട്. നിയമത്തിന്റെ പേരു മാറ്റി അത് വാട്ടർ സപ്ലൈ ആൻഡ് സിവറേജസ് ആക്ട് എന്നാക്കി. രണ്ടാമത്തെ കാതലായ മാറ്റം വാട്ടർ അതോറിറ്റി എന്ന് അതോറിറ്റിയുടെ പേരു മാറ്റി. മൂന്നാമത്തെ കാതലായ മാറ്റം എന്നു പറയുന്നത് മന്ത്രിയെ ചെയർമാൻ സ്ഥാനത്തു നിന്നു മാറ്റി എന്നുള്ളതാണ്. നാലാമത്തെ കാതലായ മാറ്റം എന്നു പറയുന്നത് ചീഫ് എഞ്ചിനീയറുടെ പദവിയിൽ കുറയാത്ത എക്സ്പർട്ട് ആയിട്ടുള്ള ഒരാളെ എം. ഡി. ആയി നിയമിക്കണം എന്നുള്ള ഒരു എനേബ്ലിംഗ് ക്ലാസ് കൊണ്ടുവരുകയുണ്ടായി. അഞ്ചാമത്തെ മാറ്റം ഇതിന്റെ ഓഡിറ്റിംഗ് അക്കൗണ്ടന്റ് ജനറലിനു തന്നെ വിട്ടുകൊണ്ടുള്ള ഒരു പ്രഖ്യാപനമാണ്. ആറാമത്തെ മാറ്റം നിയമനം പി. എസ്. സി. ക്ക് വിട്ടുകൊണ്ടുള്ള ആ നടപടി നിയമാധിഷ്ഠിതമാക്കി മാറ്റി എന്നുള്ളതാണ്. ചുരുക്കി പറയട്ടെ, വളരെയധികം കാതലായ മാറ്റങ്ങളോടുകൂടി വളരെ ഭംഗിയായി നല്ല ഒരു നിയമമായി ഇതിനെ മാറ്റി എടുക്കുവാൻ നമുക്കു കഴിഞ്ഞു. ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്.

1986-ലെ കേരളാവാട്ടർ സപ്ലൈ ആൻഡ് സ്വീവറേജ് ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

1986-ലെ കേരളാ വാട്ടർ സപ്ലൈ ആൻഡ് സ്വീവറേജ് ബിൽ സഭ പാസ്സാക്കി.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ജൂലൈ 29-ാം തീയതി രാവിലെ 8.30-ന് സമ്മേളിക്കുന്നതിനുവേണ്ടി സഭ രാത്രി 8.20-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly